# സത്യനപ്രകാശം

പാലാ രൂപതാബുള്ളറ്റിൻ




ഓഗസ്റ്റ് 15 - പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗാരോപണത്തിരുനാൾ

Vol. LXXIV August 2024 No. 8



പാലാ രൂപതയുടെ പ്ലാറ്റിനം ജൂബിലിക്ക് ഭരണങ്ങാനം
അൽഫോൻസാ തീർത്ഥാടനപള്ളിയിൽ ആരംഭം കുറിച്ചപ്പോൾ



മെത്രാഭിഷേകത്തിന്റെ

# അമ്പത്തിയൊന്നാം വാർഷികം

ആഘോഷിക്കുന്ന

അഭിവന്ദ്യ

# മാർ ജോസഫ് പള്ളിക്കാപറമ്പിൽ

പിതാവിന് ആശംസകൾ

**EPISCOPAL ORDINATION 1973 AUGUST 15**



**പാലാ സെയ്ന്റ് തോമസ് കോളേജ് ഓഡിറ്റോറിയത്തിൽ പാലാ രൂപതയുടെ SMYM സുവർണ്ണജൂബിലി സമാപനം അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് ഉദ്ഘാടനം ചെയ്യുന്നു**




**അഡാർട്ടിന്റെ റൂബി ജൂബിലി സമാപനം അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് ഉദ്ഘാടനം ചെയ്യുന്നു**



**ചൂണ്ടച്ചേരി സെയ്ന്റ് ജോസഫ് എഞ്ചിനീയറിംഗ് കോളേജിന്റെ മെറിറ്റ് ഡേ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് ഉദ്ഘാടനം ചെയ്യുന്നു**

"നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു...
മനുഷ്യർ നിങ്ങളുടെ സത്പ്രവൃത്തികൾ കണ്ട്,
സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിനെ
മഹത്ത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം
അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ."

(മത്തായി 5: 14–16)

*'സാന്ത്വനപ്രകാശമേ, നയിച്ചാലും'*

# സാന്ത്വനപ്രകാശം

## പാലാ രൂപതാബുള്ളറ്റിൻ

**AUGUST 2024**
**Vol. LXXIV No. 8**

# CONTENTS


സർക്കുലർ ..... 591

സർക്കുലർ ..... 595

സർക്കുലർ ..... 601

പ്ലാറ്റിനം ജൂബിലി വർഷപ്രാർത്ഥന ..... 612

കച്ചേരിക്കാര്യം ..... 613

അറിയിപ്പ് ..... 614

വാർത്തകൾ ..... 617

ആദരാഞ്ജലികൾ ..... 658

അഭിവന്ദ്യപിതാവിന്റെ ഡയറി ..... 665

Prot. No. 0715/2024

**സർക്കുലർ**

# അഞ്ചാമത് മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലി

സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്
**മാർ റാഫേൽ തട്ടിൽ**

തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലനശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്.

കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ!

ഈശോമിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

നമ്മുടെ സഭയുടെ അഞ്ചാമത് മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയെക്കുറിച്ച് അറിയിക്കുന്നതിനാണ് ഇപ്പോൾ നിങ്ങൾക്ക് എഴുതുന്നത്. മേജർ ആർച്ചുബിഷപ് അധ്യക്ഷനായുള്ള സഭ മുഴുവന്റെയും ആലോചനായോഗമാണ് മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലി അഥവാ സഭായോഗം. സഭയിലെ മെത്രാൻമാരുടെയും പുരോഹിത, സമർപ്പിത, അല്മായപ്രതിനിധികളുടെയും സംയുക്തയോഗമാണിത്.

മേജർ ആർക്കി എപ്പിസ്കോപ്പൽ സഭ ഒരു വലിയ കൂട്ടായ്മയാണ് എന്ന യാഥാർഥ്യമാണു സഭായോഗത്തിന്റെ അടിസ്ഥാനം. അസംബ്ലിയുടെ ദൗത്യത്തെപ്പറ്റി പൗരസ്ത്യസഭകൾക്കായുള്ള കാനൻനിയമം കൃത്യമായി പ്രതിപാദിക്കുന്നുണ്ട്. സഭയിൽ പ്രധാനപ്പെട്ട കാര്യങ്ങൾ തീരുമാനിക്കേണ്ടിവരുമ്പോൾ മേജർ ആർച്ചുബിഷപ്പിനെയും മെത്രാൻസിനഡിനെയും സഹായിക്കാൻവേണ്ടിയുള്ള ആലോചനായോഗമാണിത്. കാലോചിതമായ വിഷയങ്ങൾ ചർച്ചചെയ്യുകയും സഭയുടെയും സമൂഹ

ത്തിന്റെയും പൊതുനന്മ കണക്കിലെടുത്തു കർമപരിപാടികൾ രൂപീകരിക്കുന്നതിനു മെത്രാൻസിനഡിനെ സഹായിക്കുകയും ചെയ്യുകയെന്നതാണ് അസംബ്ലിയുടെ ദൗത്യം.

അഞ്ചുവർഷത്തിൽ ഒരിക്കൽ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലി വിളിച്ചുചേർക്കണമെന്നതാണു സഭാനിയമം. നമ്മുടെ സഭ 1992 ൽ മേജർ ആർക്കി എപ്പിസ്കോപ്പൽ പദവിയിലേക്ക് ഉയർത്തപ്പെട്ടതിനുശേഷം ആദ്യത്തെ അസംബ്ലി നടക്കുന്നത് 1998 ലാണ്. പിന്നീട്, 2004, 2010, 2016 എന്നീ വർഷങ്ങളിലും ഈ സഭായോഗം കൂടുകയുണ്ടായി. 2016 നുശേഷം എട്ടു വർഷം പിന്നിടുമ്പോഴാണ് 2024 ൽ അഞ്ചാമത്തെ അസംബ്ലി നടക്കുന്നത്. കൊവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ നിലനിന്നിരുന്ന അനിശ്ചിതത്വമാണ് 2021 ൽ നടക്കേണ്ടിയിരുന്ന അസംബ്ലി ഇത്രയും വൈകാൻ കാരണമായത്.

പാലാ രൂപതയാണ് ഇത്തവണത്തെ അസംബ്ലിയുടെ ആതിഥേയർ. പാലായിലെ അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ 2024 ആഗസ്റ്റ് 22 വ്യാഴാഴ്ച വൈകുന്നേരം ആരംഭിച്ചു. 25 ഞായറാഴ്ച ഉച്ചയോടെ സമാപിക്കുന്ന രീതിയിലാണ് അസംബ്ലി ക്രമീകരിച്ചിരിക്കുന്നത്. അസംബ്ലിയുടെ വിജയകരമായ നടത്തിപ്പിനുവേണ്ട ക്രമീകരണങ്ങൾ അസംബ്ലി കമ്മിറ്റി കൺവീനർ മാർ പോളി കണ്ണൂക്കാടൻ പിതാവിന്റെയും പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെയും നേതൃത്വത്തിൽ വിവിധ കമ്മിറ്റികൾ ചെയ്തുകൊണ്ടിരിക്കുന്നു.

മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയിൽ ആരൊക്കെയാണു പങ്കെടുക്കേണ്ടത് എന്നതു സഭാനിയമം നിശ്ചയിച്ചിട്ടുണ്ട്. രൂപതകളിൽനിന്നും സമർപ്പിതസമൂഹങ്ങളിൽനിന്നുമുള്ള പ്രതിനിധികളാണ് അസംബ്ലി അംഗങ്ങൾ. രൂപതകളുടെയും സമർപ്പിതസമൂഹങ്ങളുടെയും എണ്ണം വർധിച്ചുവന്നപ്പോൾ അസംബ്ലിയിൽ പങ്കെടുക്കുന്നവരുടെ എണ്ണവും ആനുപാതികമായി ഉയർന്നു. 2016 ൽ 488 പേരാണ് പങ്കെടു

ത്തത്. അതിനു പുറമേയായിരുന്നു കമ്മിറ്റിയംഗങ്ങളും മറ്റു ശുശ്രൂഷകരും. അസംബ്ലിയുടെ നടത്തിപ്പിന്റെ പ്രായോഗികതലങ്ങൾ പരിഗണിച്ചും എല്ലാവരുടെയും ആശയങ്ങൾ ഫലപ്രദമായി അവതരിപ്പിക്കുന്നതിനും ക്രോഡീകരിക്കുന്നതിനും ആവശ്യമായ സാഹചര്യങ്ങൾ ഒരുക്കുന്നതിനുംവേണ്ടി പങ്കെടുക്കേണ്ടവരുടെ എണ്ണം കുറയ്ക്കാൻ മെത്രാൻസിനഡു തീരുമാനിച്ചു. അതിൻപ്രകാരം, പരിശുദ്ധ സിംഹാസനത്തിന്റെ അംഗീകാരത്തോടെ അസംബ്ലിയിൽ പങ്കെടുക്കുന്നവരെക്കുറിച്ചുള്ള ഭേദഗതി വരുത്തിയ സഭയുടെ പ്രത്യേകനിയമം ഒരു കല്പനവഴി 2024 മാർച്ച് 25 നു പ്രാബല്യത്തിൽ വരുത്തിയിരുന്നു. ഈ പുതിയ നിയമമനുസരിച്ച് 80 വയസ്സിൽ താഴെയുള്ള മെത്രാന്മാരും വൈദികസമർപ്പിത അല്മായപ്രതിനിധികളുമടങ്ങിയ 360 അംഗങ്ങളാണ് ഇത്തവണ പങ്കെടുക്കുന്നത്.

അഞ്ചാമത്തെ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയുടെ പ്രമേയം, കാലാനുസൃതമായ സഭാജീവിതവും ദൗത്യവും സീറോമലബാർസഭയിൽ എന്നുള്ളതാണ്. ഇതിനെ അടിസ്ഥാനപ്പെടുത്തി, വിശ്വാസരൂപീകരണത്തിന്റെ നവീകരണം, സുവിശേഷപ്രഘോഷണത്തിലെ അല്മായപങ്കാളിത്തം, സീറോമലബാർ സമുദായശക്തീകരണം എന്നീ മൂന്നു വിഷയങ്ങൾ അസംബ്ലിയുടെ പ്രത്യേക വിചിന്തനത്തിനു വിഷയമാകും.

പ്രിയപ്പെട്ടവരേ, പ്രാർഥനയുടെയും വിചിന്തനത്തിന്റെയും ആത്മാവിൽ ഐക്യപ്പെട്ടുകൊണ്ടും ദൈവം സഭയ്ക്കും സഭയിലൂടെയും ചെയ്ത മഹത്തായ കാര്യങ്ങൾ പ്രഘോഷിക്കുകയും ആഘോഷിക്കുകയും ചെയ്തുകൊണ്ടും സീറോമലബാർസഭയുടെ മുന്നോട്ടുള്ള പ്രയാണത്തിൽ വഴികാട്ടിയായി നില്ക്കേണ്ട കാഴ്ചപ്പാടുകളും ആദർശങ്ങളുംരൂപീകരിക്കാനാണ് അസംബ്ലി ശ്രമിക്കുന്നത്. ഇതിൽ പങ്കെടുക്കുന്ന എല്ലാവരും പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടാനും പൊതുനന്മ ലക്ഷ്യമാക്കി ആശയങ്ങൾ പങ്കുവയ്ക്കാനും ദൈവമഹത്ത്വ

ത്തിനും സഭയുടെ വളർച്ചയ്ക്കും ഉപകരിക്കുന്ന ആശയരൂപീകരണം സാധ്യമാകുന്നതിനുംവേണ്ടി സഭ മുഴുവനും ഒരു മനസ്സോടെ പ്രാർഥിക്കണമെന്നു ഞാൻ സ്നേഹത്തോടെ അഭ്യർഥിക്കുന്നു. ഇതോടൊപ്പം നല്കുന്ന കാറോസൂസ ആഗസ്റ്റ് 4 മുതൽ എല്ലാ വിശുദ്ധ കുർബാനയിലും ചൊല്ലേണ്ടതാണ്.

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള സീറോമലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ കാര്യാലയത്തിൽനിന്ന് 2024-ാം ആണ്ട് ജൂലൈ മാസം 24-ാം തീയതി നല്കപ്പെട്ടത്.

**മാർ റാഫേൽ തട്ടിൽ**

സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്

1. ഈ സർക്കുലർ 2024 ഓഗസ്റ്റ് 4-ാം തീയതി ഞായറാഴ്ച സീറോമലബാർസഭയിലെ എല്ലാ ഇടവകദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും സമർപ്പിതഭവനങ്ങളിലും പരിശീലനകേന്ദ്രങ്ങളിലും മേജർ സെമിനാരികളിലും വിശുദ്ധ കുർബാനമധ്യേ വായിക്കേണ്ടതാണ്.
2. ഓഗസ്റ്റ് 4 മുതൽ എല്ലാ വിശുദ്ധ കുർബാനയിലും ചൊല്ലേണ്ട കാറോസൂസ:

ശുശ്രു: അഞ്ചാമത് മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ളിക്കായി ഒരുങ്ങുന്ന സീറോമലബാർസഭയെയും, പ്രത്യേകമായി അസംബ്ളിയിൽ പങ്കെടുക്കുന്ന എല്ലാവരെയും സമർപ്പിക്കുന്നു. കാലാനുസൃതമായ സഭാജീവിതവും ദൗത്യവും എന്ന വിഷയം വിചിന്തനം ചെയ്ത്, കാലത്തിന്റെ അടയാളങ്ങൾ വിവേചിച്ചറിഞ്ഞ്, സ്നേഹത്തിൽ ഒന്നായി മുന്നോട്ടുപോകുന്ന സഭാസമൂഹമാകാൻ സഹായിക്കുന്ന കാഴ്ചപ്പാടുകൾ രൂപീകരിക്കാൻ പരിശുദ്ധാത്മാവിന്റെ പ്രത്യേക സാന്നിധ്യംനല്കി അസംബ്ലിയെ അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

No: 4034/K-5/KCBC/OL/DS 16.07.2024

# ജസ്റ്റിസ് സൺഡേ (നീതിഞായർ)

**2024 ആഗസ്റ്റ് 18**

**കെ.സി.ബി.സി. എസ്.സി./എസ്.റ്റി./ബി.സി. കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ**

ക്രിസ്തുവിൽ ഏറ്റവും പ്രിയ ബഹു. വൈദികരേ,
പ്രിയ സിസ്റ്റേഴ്സ്, സഹോദരീസഹോദരന്മാരേ,

ഭാരതം സ്വതന്ത്രയായിട്ട് 77 വർഷം തികയുകയാണ്. മതേതര ജനാധിപത്യരാജ്യമായ നമ്മുടെ ഭാരതത്തിൽ ജാതിയുടെയും മതത്തിന്റെയും പേരിൽ വിവേചനം അനുഭവിക്കുന്ന ക്രിസ്തുമതവിശ്വാസികളായ ദളിത് ക്രൈസ്തവരുടെ അവസ്ഥ മുൻകാലങ്ങളേക്കാൾ വളരെ ദയനീയമാണ്.

ജാതിയുടെയോ മതത്തിന്റെയോ പേരിൽ ഒരു പൗരന്റെയും അവകാശങ്ങൾ നിഷേധിക്കാൻ പാടില്ല എന്ന് ഭരണഘടന ആർട്ടിക്കിൾ 25 വ്യക്തമാക്കുമ്പോൾ കഴിഞ്ഞ 76 വർഷമായി സ്വന്തം രാജ്യത്ത് ഭരണഘടന അനുശാസിക്കുന്ന അവകാശങ്ങൾ നിഷേധിക്കപ്പെട്ടു കഴിയുന്നവരാണ് നമ്മുടെ സഹോദരങ്ങളായ ദളിത് ക്രൈസ്തവർ.

ക്രിസ്തുമതം സ്വീകരിച്ചു എന്ന ഒറ്റക്കാരണത്താലാണ് പട്ടികജാതിസംവരണം ഇവയ്ക്കു നിഷേധിക്കപ്പെട്ടത്.

1950 ആഗസ്റ്റ് 10 ന് ഇന്ത്യൻ പ്രസിഡന്റ് ഇറക്കിയ പ്രത്യേക ഉത്തരവിന്റെ മൂന്നാം ഖണ്ഡികയിലാണ് ഈ അവകാശനിഷേധം. ഹിന്ദുമതവിശ്വാസികളായ ദളിതർക്കുമാത്രമായി പട്ടികജാതിസംവരണം പരിമിതപ്പെടുത്തി. എന്നാൽ, 1956 ൽ സിക്ക് വിശ്വാസികളെയും 1990 ൽ ബുദ്ധമതവിശ്വാസികളായ ദളിതരെയും ഈ പട്ടികയിൽ ഉൾപ്പെടുത്തി. കേന്ദ്രസംസ്ഥാന സർക്കാരുകൾ പിന്നാക്കവിഭാഗങ്ങളെക്കുറിച്ചു പഠിക്കുവാൻ നിയോഗിച്ച കമ്മീഷനുകൾ എല്ലാം പട്ടികജാതിക്കാരെപ്പോലെ ക്രിസ്തുമതം സ്വീകരിച്ച ദളിതരും പിന്നാക്കമാണ് എന്നും അവ

രെയും പട്ടികജാതിലിസ്റ്റിൽ ഉൾപ്പെടുത്തണമെന്നു ആവശ്യ പ്പെട്ടിട്ടുള്ളതാണ്. എന്നാൽ, നാളിതുവരെയായി ഈ ആവശ്യം അംഗീകരിച്ചുതന്നിട്ടില്ല. ഇതിലൂടെ ഭരണപങ്കാളിത്തവും ഉദ്യോഗ, വിദ്യാഭ്യാസപ്രവേശനവും വിദ്യാഭ്യാസാനുകൂല്യവും നിയമനങ്ങളും ലഭിക്കുന്നില്ല.

ഈ അനീതിക്കെതിരേയാണ് 1986 ൽ ഗോവയിൽ കൂടിയ ഭാരത കത്തോലിക്കാ മെത്രാൻസമിതി [CBCI] ആഗസ്റ്റ് 15 കഴിഞ്ഞുവരുന്ന ഞായറാഴ്ച നീതിഞായർ ആയി (ജസ്റ്റിസ് സൺഡേ) ആചരിക്കുവാൻ ആഹ്വാനം ചെയ്തത്.

ഭാരതത്തിലെ കത്തോലിക്കാസഭയിൽ രണ്ടു കോടി ജന ങ്ങളിൽ ഒന്നരക്കോടി ജനങ്ങളും ദളിത് വിഭാഗത്തിൽനിന്നു കത്തോലിക്കാവിശ്വാസം സ്വീകരിച്ചവരാണ്.

ഇവർ അനുഭവിക്കുന്ന ഈ നീതിനിഷേധം ക്രൈസ്തവ വിശ്വാസം സ്വീകരിച്ചതുകൊണ്ടുമാത്രമാണ്. അവരുടെ ന്യായ മായ അവകാശങ്ങൾ നേടിയെടുക്കുവാൻ അവരോടൊപ്പം പങ്കുചേരുവാനും ഐക്യദാർഢ്യം പ്രകടിപ്പിക്കുവാനും നീതി നിഷേധത്തിനെതിരേ അവർക്കൊപ്പം നിൽക്കുവാനുമാണ് നീതിഞായർ ആചരിക്കുന്നത്. നമ്മളോടൊപ്പം ആയിരിക്കുന്ന ഈ സഹോദരങ്ങളെ കൈപിടിച്ചുയർത്തേണ്ടതും വളർത്തേ ണ്ടതും നമ്മുടെ കടമയും കർത്തവ്യവുമാണ്. സ്വന്തമായി കിട പ്പാടം ഇല്ലാത്തവരും വാടകവീടുകളിൽ കഴിയുന്നവരും സ്വന്ത മായി ഭവനമില്ലാത്ത അംഗങ്ങളും ഈ സമൂഹത്തിൽ നിരവധി യാണ്. ഒരു ഭവനത്തിൽത്തന്നെ കൂട്ടുകുടുംബമായി കഴിയുന്ന വരുമുണ്ട്. അതുപോലെതന്നെ സ്ഥിരമായ തൊഴിലുകളില്ലാത്ത അവസ്ഥ ഈ സമൂഹത്തിനു കൂടുതൽ ദുരിതത്തിനു കാരണ മായിട്ടുണ്ട്.

കേന്ദ്രസർക്കാർ പട്ടികജാതിസംവരണം നിഷേധിക്കു മ്പോൾ സംസ്ഥാന സർക്കാരുകളും വിവിധ ഉത്തരവുകളിലൂടെ ദളിത് ക്രൈസ്തവരെ പീഡിപ്പിച്ചുകൊണ്ടിരിക്കുന്നു. 1959 മുതൽ ലഭിച്ചുകൊണ്ടിരുന്ന വിദ്യാഭ്യാസാനുകൂല്യങ്ങൾ ഒന്നൊ

ന്നായി നിഷേധിച്ചുകൊണ്ടിരിക്കുന്നു. കമ്മ്യൂണിറ്റി ക്വോട്ടയിലെ പ്രവേശനം ലഭിക്കുകയില്ല എന്നുമാത്രമല്ല, ഫീസ് കൊടുത്തു പഠിക്കുകയും ചെയ്യേണ്ട സാഹചര്യമാണ്. സംസ്ഥാന സർക്കാരിൽനിന്ന് 1% സംവരണമാണ് ദളിത് ക്രൈസ്തവർക്കു ലഭിക്കുന്നത്. അതിൽത്തന്നെ എസ്.ഐ.യു.സി (സൗത്ത് ഇന്ത്യൻ യുണൈറ്റഡ് ക്രിസ്ത്യൻ) വിഭാഗത്തെക്കൂടി ഉൾപ്പെട്ടിരിക്കുകയാണ്. ഉന്നതവിദ്യാഭ്യാസപ്രവേശനത്തിനും ഇതുതന്നെയാണ് അവസ്ഥ.

കേരള പബ്ലിക് സർവീസ് കമ്മീഷൻ (PSC) മുഖേന നടത്തുന്ന തൊഴിലവസരങ്ങളിൽ ക്ലാസ് Iൽ ഒരു ശതമാനവും (റൊട്ടേഷൻ ലിസ്റ്റിൽ 48) ക്ലാസ് IVൽ രണ്ട് ശതമാനവും (റൊട്ടേഷൻ ലിസ്റ്റിൽ 48ഉം 62ഉം) ആണ് ലഭിക്കുന്നത്. ഇങ്ങനെ ലഭിക്കുന്ന നാമമാത്രമായ തൊഴിലവസരങ്ങൾ നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് അനുസരിച്ച് ക്ലാസ് IVൽ 2290 ഒഴിവുകളും ക്ലാസ്സ് Iൽ 872 ഒഴിവുകളും നികത്തപ്പെടുവാനുണ്ട് എന്നാണു വ്യക്തമാക്കിയിരിക്കുന്നത്.

സഭാനവീകരണത്തിന്റെ ഭാഗമായി ഈ സമൂഹത്തെ ഉയർത്തുവാനും സ്ഥലമില്ലാത്തവർക്കു സ്ഥലവും കിടപ്പാടം ഇല്ലാത്തവർക്കു കിടപ്പാടവും കൂട്ടുകുടുംബവുമായി താമസിക്കുന്ന ഭവനങ്ങളിലെ അംഗങ്ങൾക്ക് ഭവനവും, തൊഴിൽ ഒഴിവുകൾ വരുമ്പോൾ അവർക്കു പ്രത്യേകമായ പരിഗണനയും നൽകി അവരെ ഉയർത്തിക്കൊണ്ടുവരുവാൻ കേരള കത്തോലിക്കാസഭ പ്രത്യേകമായി ശ്രദ്ധിക്കേണ്ടതാണ്.

മതം മാറിയതുകൊണ്ടുമാത്രം ഒരു വ്യക്തിയുടെയോ സമുദായത്തിന്റെയോ സാമൂഹികാവസ്ഥ മാറുന്നില്ല. ക്രിസ്തുമതം സ്വീകരിച്ച ദലിത് സഹോദരങ്ങൾ അഭിമുഖീകരിക്കേണ്ടിവരുന്ന സാമൂഹികസാഹചര്യങ്ങൾ ഇതര പട്ടികജാതിക്കാരുടേതിൽനിന്നു വിഭിന്നമല്ല. ഭാരതമൊട്ടുക്ക് ദലിത് പീഡനങ്ങളും വിവേചനപരമായ നടപടികളും തുടർക്കഥയായിരിക്കുമ്പോൾ ദലിത് ക്രൈസ്തവർക്ക് ഇരട്ടപ്രഹരമാണ് ഏൽക്കേണ്ടിവരു

ന്നത്. ഭരണഘടനയനുസരിച്ചുള്ള സംവരണമില്ല. നിയമസംവിധാനങ്ങളുടെ പരിരക്ഷയുമില്ല. കേരളത്തിൽ പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻവഴി ലഭിക്കുന്ന സഹായങ്ങൾപോലും നിഷേധിക്കപ്പെടുന്നു. ഈ സാഹചര്യങ്ങൾ നമ്മുടെ പ്രത്യേക ശ്രദ്ധ അർഹിക്കുന്നതും കൂട്ടായ പരിശ്രമം ആവശ്യമുള്ളതുമാണ്.

ദലിത് സഹോദരങ്ങൾക്കു സഭയ്ക്കുള്ളിൽ അവസരസമത്വവും പ്രത്യേക പരിഗണനയും ആവശ്യമാണ്. 2020 ജൂലൈ 20ന് റോമിൽനിന്ന് കോൺഗ്രിഗേഷൻ ഫോർ ക്ലർജി പുറപ്പെടുവിച്ച രേഖ (നമ്പർ 32) നിഷ്കർഷിക്കുന്നത് 'ദരിദ്രരും ഒഴിവാക്കപ്പെട്ടവരും പാർശ്വവത്കരിക്കപ്പെട്ടവരും ആയവർക്ക് സഭയുടെ ഹൃദയത്തിൽ സവിശേഷമായ ഒരു സ്ഥാനം ഉണ്ടായിരിക്കണം' എന്നാണ്. ഭാരതത്തിലെ സഭാസംവിധാനങ്ങളിലുള്ള സ്ഥാനങ്ങൾ, നിയമനങ്ങളിലുള്ള പരിഗണന, സാമൂഹിക രാഷ്ട്രീയ രംഗങ്ങളിലുള്ള പങ്കാളിത്തം തുടങ്ങി എല്ലാ മേഖലകളിലും സഭ ദലിത് ക്രൈസ്തവരെ പ്രത്യേകം പരിഗണിച്ച് അവരെ സഹായിക്കുന്നതിന് ഓരോ ഇടവകയും ശ്രദ്ധിക്കണം.

ദലിത് ക്രൈസ്തവവിദ്യാർത്ഥികൾക്ക് (OEC) പ്ലസ്സ് വൺ മുതലുള്ള ഉന്നതവിദ്യാഭ്യാസപ്രവേശനത്തിന് യാതൊരു സംവരണവും ഇതുവരെ ഏർപ്പെടുത്തിയിട്ടില്ല. കമ്മ്യൂണിറ്റി ക്വോട്ടയിലും, മാനേജ്മെന്റ് ക്വോട്ടയിലും, അഡ്മിഷൻ കിട്ടി എയ്ഡഡ് സ്ഥാപനങ്ങളിലും സ്വാശ്രയസ്ഥാപനങ്ങളിലും പഠിക്കുന്ന ദലിത് ക്രൈസ്തവവിദ്യാർത്ഥികൾക്ക് സ്റ്റൈപ്പന്റും ലംപ്സം ഗ്രാന്റും കൊടുക്കാൻ പാടില്ല എന്ന ഉത്തരവ് 2023 മാർച്ച് 23ന് കേരള സർക്കാർ ഇറക്കിയിരുന്നു. കേന്ദ്ര ഗവൺമെന്റ് ന്യൂനപക്ഷവിഭാഗങ്ങൾക്കായി ഏർപ്പെടുത്തിയിരിക്കുന്ന പ്രീമെട്രിക്, പോസ്റ്റ്മെട്രിക് സ്കോളർഷിപ്പുകൾ 2011 ലെ ഓർഡർ പ്രകാരം ലത്തീൻ കത്തോലിക്കർക്കും പരിവർത്തിത ക്രൈസ്തവർക്കും കൊടുക്കുവാനുള്ള നിർദ്ദേശം ഉണ്ടെങ്കിലും കഴിഞ്ഞ പത്തുവർഷമായി ഒഇസി വിഭാഗത്തിൽപ്പെട്ട ദലിത്

ക്രൈസ്തവ വിദ്യാർത്ഥികൾക്ക് (പരിവർത്തിത ക്രൈസ്തവ), സർക്കാരിൽനിന്ന് സ്റ്റൈപ്പന്റ്, ലംപ്സം ഗ്രാന്റ് ലഭിക്കുന്നു എന്ന കാരണത്താൽ ന്യൂനപക്ഷ സ്കോളർഷിപ്പ് ഇതുവരെയും ലഭിച്ചിട്ടില്ല. വിദ്യാഭ്യാസത്തിനും തൊഴിലിനും രാഷ്ട്രീയ അധികാരപങ്കാളിത്തത്തിനും ഭരണഘടന അനുശാസിക്കുന്ന അവകാശങ്ങൾ നിഷേധിക്കപ്പെടുന്ന മറ്റൊരു ജനവിഭാഗം ഭാരതത്തിലില്ല. നീതിയും സ്വാതന്ത്ര്യവും സമത്വവും സാഹോദര്യവുമുള്ള ഒരു രാജ്യത്തിനായി ആശിക്കാം. അതാകട്ടെ നമ്മുടെ ലക്ഷ്യം.

ദലിത് ക്രൈസ്തവരോടുള്ള ഗവൺമെന്റിന്റെ അനീതിപരമായ നടപടികൾക്കെതിരേ ശക്തമായി പ്രതികരിക്കാൻ ക്രൈസ്തവസഭാസമൂഹം മുഴുവനും മുന്നോട്ടുവരേണ്ട സമയമാണിത്. വിദ്യാഭ്യാസത്തിനും തൊഴിലിനും രാഷ്ട്രീയ അധികാരപങ്കാളിത്വത്തിനും ഭരണഘടന അനുശാസിക്കുന്ന അവകാശങ്ങൾ നിഷേധിക്കപ്പെടുന്നതിനെതിരേ പ്രതികരിക്കുവാൻ ദളിത് ക്രൈസ്തവരെ ഇന്ത്യൻ പ്രസിഡന്റിന്റെ പ്രത്യേക ഉത്തരവിലൂടെ പട്ടിക ജാതി ലിസ്റ്റിൽനിന്നും പുറത്താക്കിയ 'ആഗസ്റ്റ് 10 വഞ്ചനാദിന'മായും CBCIയുടെ ആഹ്വാന പ്രകാരം 'ആഗസ്റ്റ് 18 ജസ്റ്റീസ് സൺഡേ' (ഐക്യദാർഢ്യദിനമായും) ആചരിക്കാം.

കേരള കത്തോലിക്കാസഭയുടെ ദലിത് ശക്തീകരണപ്രവർത്തനങ്ങൾ പ്രധാനമായും നടക്കുന്നത് ദലിത് കത്തോലിക്കാ മഹാജനസഭ (DCMS) വഴിയാണ്. ഈ സംഘടനയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നടത്തുന്നതിന് ഏവരുടെയും സഹായസഹകരണങ്ങൾ ആവശ്യമാണ്. കഴിഞ്ഞ അധ്യയനവർഷം (2022-2023) എസ്.എസ്.എൽ.സി., (80%), പ്ലസ്ടു (70%), ഡിഗ്രി/പിജി (60%) തുടങ്ങിയ പരീക്ഷകളിൽ പ്രശസ്ത വിജയം കൈവരിച്ചവർക്കുള്ള കാഷ് അവാർഡ് നൽകി. കെ.സി.ബി.സി, എസ്.സി/എസ്.റ്റി/ബി.സി. കമ്മീഷന്റെ നേതൃത്വത്തിൽ ദലിത് കത്തോലിക്കാ കുട്ടികൾക്കുവേണ്ടിയുള്ള ടാലന്റ് & സ്കിൽ ഡവലപ്മെന്റ് ട്രെയിനിംഗ്

പ്രോഗ്രാം (TSDTP), SSLC കഴിഞ്ഞവർക്കുള്ള എൻട്രൻസ് കോച്ചിംഗ് ക്ലാസ്സുകൾ ആരംഭിച്ചുകഴിഞ്ഞു. കലാപരമായ കഴിവുകൾ കണ്ടെത്തി വളർത്തുന്നതിനുള്ള പരിശീലനം, (സിംഫണി ആർട്സ്) എസ്.എസ്.എൽ.സി., പ്ലസ്ടു, ഡിഗ്രി ക്ലാസ് കഴിഞ്ഞവർക്കുള്ള പി.എസ്.സി. കോച്ചിംഗ് ക്ലാസുകൾ എന്നിവ ഉടനെ ആരംഭിക്കുന്നതാണ്. ദലിത് കത്തോലിക്കാ ക്ഷേമപ്രവർത്തനങ്ങൾക്കുവേണ്ടി ജസ്റ്റിസ് സൺഡേയോടനുബന്ധിച്ച് ഇടവകദിനത്തിൽ നടത്താറുള്ള സ്തോത്ര കാഴ്ച ഇടവകകളിൽനിന്നു ശേഖരിച്ച് രൂപതാകേന്ദ്രങ്ങൾ വഴി കെ.സി.ബി.സി, എസ്.സി./എസ്.റ്റി./ബി.സി. കമ്മീഷന് അയച്ചുതരേണ്ടതാണ്. ജസ്റ്റിസ് സൺഡേദിനത്തിൽ ഇടവക തലത്തിൽ വിവിധ സംഘടനാംഗങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് ചർച്ചാക്ലാസുകളും സമ്മേളനവും നടത്തി ജസ്റ്റിസ് സൺഡേ ആചരണം അർത്ഥവത്താക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഈശോയിൽ സ്നേഹപൂർവം,

**ബിഷപ് ഗീവർഗീസ് മാർ അപ്രേം**

(ചെയർമാൻ, KCBC SC/ST/BC COMMISSION)

**റൈറ്റ് റവ. ഡോ. വിൻസന്റ് സാമുവൽ**

വൈസ് ചെയർമാൻ, KCBC SC /ST /BC COMMISSION)

**ബിഷപ് സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ**

((വൈസ് ചെയർമാൻ, KCBC SC/ ST/ BC COMMISSION)

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം, കൊച്ചി: 682 025

---

NB: 2024 ഓഗസ്റ്റ് 18-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുമല്ലോ.

# പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ

## 2024-ലെ ലോകപ്രേഷിതദിനത്തിൽ നൽകുന്ന സന്ദേശം

**(ഒക്ടോബർ 20, 2024)**

**പോയി, എല്ലാവരെയും വിരുന്നിനു ക്ഷണിക്കുവിൻ (മത്താ 22:9 കാണുക)**

പ്രിയ സഹോദരീസഹോദരന്മാരേ.

ഈ വർഷത്തെ ആഗോളപ്രേഷിതദിനത്തിന്റെ വിഷയമായി ഞാൻ തിരഞ്ഞെടുത്തിരിക്കുന്നത് സുവിശേഷത്തിലെ വിവാഹവിരുന്നിന്റെ ഉപമയാണ് (മത്താ 22:1-14 കാണുക) അതിഥികൾ തന്റെ ക്ഷണം നിരസിച്ചതിനുശേഷം, കഥയിലെ മുഖ്യകഥാപാത്രമായ രാജാവ് തന്റെ സേവകരോടു പറഞ്ഞു. "അതിനാൽ, നിങ്ങൾ വഴിക്കവലകളിൽ ചെന്ന് അവിടെ കണ്ടെത്തുന്നവരെയെല്ലാം വിവാഹവിരുന്നിനു ക്ഷണിക്കുവിൻ" (22: 9). ഉപമയുടെയും യേശുവിന്റെതന്നെ ജീവിതത്തിന്റെയും പശ്ചാത്തലത്തിൽ ഈ നിർദേശം വിചിന്തനവിഷയമാക്കുന്നതുവഴി സുവിശേഷവത്കരണത്തെ സംബന്ധിച്ച പല പ്രധാനപ്പെട്ട ചിന്തകളും നമുക്കു വിവേചിച്ചറിയാനാവും. അവ നമ്മെ എല്ലാവരെയും സംബന്ധിച്ചു കാലികപ്രസക്തി ഉള്ളതായിരിക്കുകയും ചെയ്യും. എന്തെന്നാൽ, ക്രിസ്തുവിന്റെ പ്രേഷിതശിഷ്യർ എന്ന നിലയ്ക്ക് എല്ലാവരും സിനഡാത്മകസഞ്ചാരത്തിന്റെ ഏതാണ്ട് അവസാനഘട്ടത്തിൽ എത്തിച്ചേർന്നിരിക്കുന്ന വേളയാണല്ലോ ഇത്! അതിന്റെ മുഖ്യചിന്താവിഷയം "കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിതദൗത്യം" എന്നതും ആണല്ലോ! അതുവഴിയായി സഭ തന്റെ പ്രഥമദൗത്യത്തിനു പുനരൂന്നൽ കൊടുക്കാനാണു ശ്രമിക്കുന്നത്; അതായത്, ഇന്നത്തെ ലോകത്ത് സുവിശേഷം പ്രസംഗിക്കുക എന്ന ദൗത്യത്തിന്.

**1. 'പോയി ക്ഷണിക്കുവിൻ': കർത്താവിന്റെ വിരുന്നിലേക്കു മറ്റുള്ളവരെ ക്ഷണിക്കാനായി അക്ഷീണം പുറത്തേക്കു പോകുന്നതാണ് പ്രേഷിതദൗത്യം.**

രാജാവ് തന്റെ സേവകരോടു കല്പിച്ച രണ്ടു വാക്കുകൾ പ്രേഷിതദൗത്യത്തിന്റെ മുഖ്യചിന്ത പ്രതിഫലിപ്പിക്കുന്നു;

"പുറത്തേക്കു പോകുക," "ക്ഷണിക്കുക" എന്നീ രണ്ടു ക്രിയ കൾ.

ആദ്യത്തേതിനെക്കുറിച്ചു പറഞ്ഞാൽ, അതിഥികൾക്കു ക്ഷണം നൽകാനായി സേവകർ മുമ്പ് അയയ്ക്കപ്പെട്ടിരുന്ന തായി നാം ഓർക്കണം (22:3,4 കാണുക). പ്രേഷിതദൗത്യം എന്നു പറയുന്നത് എല്ലാ സ്ത്രീപുരുഷന്മാരുടെയും മുമ്പിലേക്ക് ഇറങ്ങിച്ചെല്ലുന്നതാണ് എന്നു നാം മനസ്സിലാക്കുന്നു. അവർ ദൈവവുമായി കണ്ടുമുട്ടി അവിടന്നുമായി സംസർഗത്തിൽ ആയിരിക്കുന്നതിനുവേണ്ടിയാണത്. അത് അക്ഷീണമായ പ്രയ ത്നമാണ്. സ്നേഹസമ്പന്നനും കരുണാർദ്രനുമായ ദൈവം എല്ലാ സ്ത്രീപുരുഷന്മാരെയും കണ്ടുമുട്ടാനായി നിരന്തരം ഇറങ്ങിപ്പുറപ്പെടുന്നു; അവർ നിസ്സംഗത പുലർത്തിയാലും നിരാ കരിച്ചാലും, ദൈവം തന്റെ രാജ്യത്തിന്റെ സന്തോഷത്തിലേക്ക് അവരെ സ്ഥിരമായി ക്ഷണിച്ചുകൊണ്ടിരിക്കുന്നു. നല്ല ഇടയനും പിതാവിന്റെ സന്ദേശവാഹകനുമായ യേശുക്രിസ്തു ഇസ്രാ യേൽ ജനത്തിലെ നഷ്ടപ്പെട്ട ആടിനെ അന്വേഷിച്ചു പുറപ്പെട്ടു; അവിടുന്ന് അതിൽക്കൂടുതൽ പോകാൻ ആഗ്രഹിച്ചു; അതാ യത്, വളരെ ദൂരെയുള്ള ആടിനെപ്പോലും അന്വേഷിച്ചു കണ്ടെ ത്താൻ (യോഹ 10:16). തന്റെ ഉത്ഥാനത്തിനു മുമ്പും പിമ്പും അവിടുന്ന് തന്റെ ശിഷ്യരോടു പറഞ്ഞു: "പോകുവിൻ"; അങ്ങനെ അവിടന്ന് അവരെ തന്റെ ദൗത്യത്തിൽ പങ്കാളിക ളാക്കി (ലൂക്കാ 10:3; മർക്കോ 16:15 കാണുക). സഭയാകട്ടെ, തന്റെ നാഥനിൽനിന്നു ലഭിച്ച ദൗത്യത്തോടു വിശ്വസ്തത പുലർത്തിക്കൊണ്ട്, ഭൂമിയുടെ അതിർത്തികൾവരെ പോകു ന്നത് തുടർന്നുകൊണ്ടിരിക്കും; അത് അവൾ ആവർത്തിച്ചാവർ ത്തിച്ചു ചെയ്യുന്ന പ്രവൃത്തിയായിരിക്കും; പ്രതിസന്ധികളു ടെയും തടസ്സങ്ങളുടെയും മുമ്പിൽ ക്ഷീണിതയാകാതെയും അടിപതറാതെയും അവൾ മുന്നേറും.

ക്രിസ്തുവിന്റെ വിളിക്കു പ്രത്യുത്തരം നൽകിക്കൊണ്ടു മാതൃരാജ്യങ്ങൾ വിട്ട് വിദൂരദേശങ്ങളിലേക്കു പോയി സദ് വാർത്ത ഇതുവരെ കേട്ടിട്ടില്ലാത്തവരോ ഈ അടുത്തകാലത്തു

മാത്രം കേട്ടവരോ ആയവരെ അത് അറിയിക്കാനായി ഇറങ്ങി പ്പുറപ്പെട്ടിട്ടുള്ള എല്ലാ പ്രേഷിതരെയും നന്ദിയോടെ ഓർക്കാൻ ഞാൻ ഈ അവസരം ഉപയോഗപ്പെടുത്തുന്നു. പ്രിയ സ്നേ ഹിതരേ, “നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടു ത്തുവിൻ” (മത്താ 18:19) എന്ന് യേശു തന്റെ ശിഷ്യരെ ഭരമേ ല്പിച്ച ജനതകളോടുള്ള (*Ad Gentes*) പ്രേഷിതദൗത്യത്തോ ടുള്ള പ്രതിജ്ഞാബദ്ധതയുടെ പ്രകടമായ പ്രകാശനമാണ് നിങ്ങളുടെ ഉദാരമായ സമർപ്പണം. ഭൂമിയുടെ അതിർത്തികൾ വരെ സുവിശേഷവത്കരണത്തിന്റെ പ്രവൃത്തി നടപ്പാക്കാനായി പുതിയതും ധാരാളവുമായ പ്രേഷിതദൈവവിളികൾ ഉണ്ടാകാ നായി നാം തുടർന്നു പ്രാർത്ഥിക്കുകയും അതോടൊപ്പം, ദൈവ വിളികൾക്കു ദൈവത്തിനു നന്ദിപറയുകയും ചെയ്യുന്നു.

ഓരോ സാഹചര്യത്തിലും സുവിശേഷത്തിനു സാക്ഷ്യം നൽകിക്കൊണ്ട് ഓരോ ക്രിസ്ത്യാനിയും, അവനും അവളും, ഈ സാർവത്രികപ്രേഷിതദൗത്യത്തിനായി വിളിക്കപ്പെട്ടിരി ക്കുന്നുവെന്ന കാര്യം വിസ്മരിക്കാൻ പാടില്ല; അതുവഴിയായി സഭയ്ക്കുമുഴുവനും നിരന്തരം തന്റെ നാഥനും ഗുരുവും ആയു ള്ളവനോടൊപ്പം ഇന്നത്തെ ലോകത്തിന്റെ “നാൽക്കവലകളി” ലേക്കു കടന്നുചെല്ലാനാവും. “സഭയിൽ ഇന്നു നടക്കുന്ന യഥാർഥ്യം യേശു ഉള്ളിൽനിന്നു നമ്മുടെ വാതിലിൽ മുട്ടി വിളിച്ചുകൊണ്ടിരിക്കുന്നു എന്നതാണ്; അതായത്, തന്നെ പുറത്തേക്കു നമ്മൾ വിടാൻ. നമ്മൾ പലപ്പോഴും ഒരു ‘തടവറ സൃഷ്ടിക്കുന്ന’ സഭയായി മാറുന്നു; അതു നാഥനെ പുറത്തേ ക്കിറങ്ങാൻ സമ്മതിക്കുന്നില്ല; അവിടത്തെ നാം ‘നമ്മുടേതാക്കി മാത്രം’ സൂക്ഷിക്കുന്നു; യഥാർഥത്തിൽ അവിടന്ന് ഒരു ദൗത്യ വുമായാണു വന്നത്; നാമെല്ലാവരും പ്രേഷിതദൗത്യം പേറു ന്നവരാകണമെന്ന് അവിടന്ന് ആഗ്രഹിക്കുന്നു (അല്മായർക്കും കുടുംബങ്ങൾക്കും ജീവനുംവേണ്ടിയുള്ള മന്ത്രാലയം സംഘടിപ്പിച്ച സമ്മേളനത്തിൽ പങ്കെടുത്തവർക്കു നൽകിയ പ്രഭാഷണം, ഫെബ്രുവരി 18, 2023). ക്രൈസ്തവികത ഉദയം ചെയ്ത കാലത്തെന്നപോലെ, ഒരു പുതിയ പ്രേഷിതമുന്നേറ്റം

ഉദ്ഘാടനം ചെയ്യപ്പെടുംവിധം, ജ്ഞാനസ്നാനം സ്വീകരിച്ച നാമെല്ലാവരും, ഓരോരുത്തരും അവരവരുടെ ജീവിതാന്തസ്സ് അനുസരിച്ച്, നവമായി ഇറങ്ങിപ്പുറപ്പെടാൻ തയ്യാറാകട്ടെ!

ഉപമയിലെ രാജാവിന്റെ ആജ്ഞയിലേക്കു തിരികെ വന്നാൽ, സേവകരോട് ആജ്ഞാപിച്ചത് 'പോകാൻ' മാത്ര മായിരുന്നില്ല; മറിച്ച്, 'ക്ഷണിക്കാനും' ആയിരുന്നു. വിവാഹ വിരുന്നിനു 'വരുക'(മത്തായി 22:4). ഇവിടെ നമുക്ക് ദൈവം ഭരമേല്പിച്ച പ്രേഷിതദൗത്യത്തിൽ പ്രാധാന്യം ഒട്ടും കുറവി ല്ലാത്ത മറ്റൊരു വശം കാണാനാകും. അതായത്, നമുക്കു സങ്ക ൽപ്പിക്കാവുന്നതുപോലെ, അടിയന്തരപ്രാധാന്യത്തോടെയാണ് സേവകർ രാജാവിന്റെ ക്ഷണം കൈമാറിയത്; അതോടൊപ്പം, വലിയ ആദരവോടും ദയയോടുംകൂടിയും. അതേരീതിയിൽ ത്തന്നെ, സുവിശേഷം ഓരോ സൃഷ്ടിക്കും നൽകുകയെന്ന ദൗത്യംപേറുന്നവർ തങ്ങൾ പ്രഘോഷിക്കുന്ന ആളിന്റെ 'ശൈലി' നിശ്ചയമായും അനുകരിക്കേണ്ടതാണ്. "മരിക്കുകയും മൃതരിൽനിന്ന് ഉയിർക്കുകയും ചെയ്ത യേശുക്രിസ്തുവിൽ പ്രകാശിതമായ രക്ഷാകരമായ ദൈവസ്നേഹത്തിന്റെ സൗന്ദര്യം" (സുവിശേഷത്തിന്റെ സന്തോഷം-36) ലോകത്തോടു പ്രഖ്യാ പിക്കുന്ന പ്രേഷിതശിഷ്യർ തങ്ങളുടെ ഉള്ളിൽ പ്രവർത്തിക്കുന്ന പരിശുദ്ധാത്മാവിന്റെ ഫലങ്ങളായ സന്തോഷത്തോടും മഹാ മനസ്കതയോടും ഉദാരതയോടും (ഗലാ. 5:22) അത് ചെയ്യാൻ തയ്യാറാകണം. അത് സമ്മർദം ചെലുത്തിയോ നിർബന്ധിച്ചോ മതംമാറ്റപ്രക്രിയകളിലൂടെയോ ആകാൻ പാടില്ല; അത് അടു പ്പംകൊണ്ടും അനുകമ്പകൊണ്ടും ആർദ്രതകൊണ്ടുമാവണം; അപ്പോൾ അത് ദൈവം ആയിരിക്കുന്നതിന്റെയും പ്രവർത്തിക്കു ന്നതിന്റെയും പ്രതിഫലനമായി മാറും.

**2. 'വിവാഹാഘോഷത്തിലേക്ക്': ക്രിസ്തുവിന്റെയും സഭയുടെയും ദൗത്യത്തിലുള്ള യുഗാന്ത്യപരവും ദിവ്യ കാരുണ്യപരവുമായ വശം.**

തന്റെ പുത്രന്റെ വിവാഹവിരുന്നിലേക്കുള്ള ക്ഷണമാണ് ഈ ഉപമയിൽ രാജാവ് സേവകർവഴി നൽകുന്നത്. ഈ വിരുന്ന്

യുഗാന്ത്യത്തിലെ വിരുന്നിന്റെ ഒരു പ്രതിഫലനമാണ്. ദൈവ രാജ്യത്തിലുള്ള ആത്യന്തികമായ രക്ഷയുടെ ചിത്രമാണ് അത് അവതരിപ്പിക്കുന്നത്. മിശിഹായും ദൈവപുത്രനുമായ യേശു വിന്റെ വരവോടെ അതിപ്പോൾത്തന്നെ സാക്ഷാത്കരിക്കപ്പെട്ടി രിക്കുന്നു; അവിടന്ന് നമുക്ക് ജീവന്റെ സമൃദ്ധി നൽകുകയു ണ്ടായി (യോഹ 10:10 കാണുക); ദൈവം മരണത്തെ എന്നേ ക്കും ഇല്ലാതാക്കുകയും മനുഷ്യരുടെ മുമ്പിൽ മൃഷ്ടഭോജന ത്തിന്റെയും മട്ടൂറിയ വീഞ്ഞിന്റെയും മേശ ഒരുക്കുകയും ചെയ്യുമെന്ന പ്രവചനത്തിൽ അത് അന്തർലീനമാണ് (ഏശ 25:6-8).

ക്രിസ്തുവിന്റെ ദൗത്യം കാലസമ്പൂർണതയുമായി ബന്ധപ്പെട്ടതാണ്. തന്റെ പ്രഘോഷണത്തിന്റെ ആരംഭത്തിൽ യേശു പറഞ്ഞു: "സമയം പൂർത്തിയായി ദൈവരാജ്യം സമീപിച്ചിരിക്കുന്നു" (മർക്കോ 1:15). തങ്ങളുടെ കർത്താവും ഗുരുവുമായ ക്രിസ്തുവിന്റെ ഈ ദൗത്യം പിന്തുടരുവാൻ അവിടത്തെ ശിഷ്യർ വിളിക്കപ്പെട്ടിരിക്കുന്നു. സഭയുടെ പ്രേഷി തപരിപാടിയുടെ യുഗാന്ത്യപരമായ സ്വഭാവത്തെക്കുറിച്ച് രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രബോധനം നാം അനുസ്മരിക്കുന്നു. "ദിവ്യനാഥന്റെ പ്രഥമ ആഗമനത്തിന്റെയും, ദ്വിതീയാഗമനത്തിന്റെയും മധ്യേയാണ് പ്രേഷിതവൃത്തിയുടെ കാലം സ്ഥിതിചെയ്യുന്നത്. അതിനാൽ, ദിവ്യനാഥന്റെ വരവിനു മുമ്പായി എല്ലാ ജനപദങ്ങളോടും സുവിശേഷം പ്രസംഗിക്ക പ്പെടണം" (മർക്കോസ് 13:10 കാണുക) (പ്രേഷിതപ്രവർത്തനം *[Ad Gentes]*, 9)

ആദിമക്രിസ്ത്യാനികളുടെ ഇടയിൽ പ്രേഷിതതീക്ഷ്ണ തയ്ക്ക് യുഗാന്ത്യപരതയുടെ ശക്തമായ ഒരു മാനം ഉണ്ടാ യിരുന്നെന്നു നമുക്കറിയാം. സുവിശേഷം പ്രസംഗിക്കുന്നതിന്റെ അടിയന്തരഭാവം അവർ തിരിച്ചറിഞ്ഞിരുന്നു. ഇന്നും ഈ കാഴ്ചപ്പാട് നിലനിർത്തുകയെന്നത് വളരെ പ്രധാനപ്പെട്ടതാണ്. കാരണം, "കർത്താവ് അടുത്തെത്തിയിരിക്കുന്നു" എന്ന് അറിയുന്നവരുടെ സന്തോഷത്തോടെ സുവിശേഷവത്കരണ

പ്രവൃത്തിയിൽ ഏർപ്പെടാൻ അത് നമ്മെ സഹായിക്കും; മാത്രമല്ല, ലക്ഷ്യത്തിലേക്കു മുന്നേറിക്കൊണ്ടിരിക്കുന്നവരുടെ പ്രത്യാശയോടെ അതു ചെയ്യാനും നമുക്കു സാധിക്കും; അങ്ങനെ നാമെല്ലാവരും ക്രിസ്തുവിനോടൊപ്പം ദൈവരാജ്യ ത്തിൽ വിവാഹവിരുന്നിൽ പങ്കെടുക്കുന്നവരായിത്തീരും. ലോകം നമ്മുടെ മുമ്പിൽ ഉപഭോക്തൃഭാവം, സ്വാർഥപരമായ സുഖലോലുപത, ധനമാർജിക്കൽ, വ്യക്തിമഹിമ എന്നി വ്യത്യ സ്തങ്ങളായ 'വിരുന്നുകൾ' വിളമ്പുമ്പോൾത്തന്നെ, സുവി ശേഷം എല്ലാവരെയും ദിവ്യമായ വിരുന്നിലേക്കു ക്ഷണി ക്കുന്നു. അതിന്റെ സവിശേഷത ദൈവവും മറ്റുള്ളവരുമായുള്ള സംസർഗത്തിലെ ആനന്ദം, പങ്കുവയ്ക്കൽ നീതി, സാഹോദര്യം എന്നിവ അനുഭവിക്കുക എന്നതത്രേ.

ക്രിസ്തുവിന്റെ സമ്മാനമായ ജീവന്റെ പൂർണതയുടെ മുന്നാസ്വാദനം ദിവ്യകാരുണ്യവിരുന്നിലുമുണ്ട്. കർത്താവിന്റെ കല്പനപ്രകാരം അവിടത്തെ ഓർമ്മയ്ക്കായി അത് ആചരി ക്കുന്നു. സുവിശേഷവത്കരണദൗത്യത്തിന്റെ ഭാഗമായി എല്ലാ വർക്കും നൽകുന്ന യുഗാന്ത്യവിരുന്നിലേക്കുള്ള ക്ഷണം ദിവ്യ കാരുണ്യമേശയിലേക്കുള്ള ക്ഷണവുമായി അഭേദ്യമാംവിധം ബന്ധപ്പെട്ടിരിക്കുന്നു. ആ മേശയിൽ കർത്താവ് തന്റെ വചന വും തന്റെ ശരീരവും രക്തവും നൽകി നമ്മെ പോഷിപ്പിക്കുന്നു. ബെനഡിക്ട് പതിനാറാമൻ പാപ്പാ പഠിപ്പിച്ചതുപോലെ, "ഓരോ ദിവ്യപൂജാർപ്പണത്തിലും കൗദാശികമായി ദൈവജനത്തിന്റെ യുഗാന്ത്യപരമായ ഒത്തുചേരലാണു സാധ്യമാകുന്നത്. നമ്മെ സംബന്ധിച്ചിടത്തോളം, ദിവ്യകാരുണ്യവിരുന്ന് പ്രവാചകർ മുൻകൂട്ടി പറഞ്ഞിട്ടുള്ളതുപോലെ (ഏശ 35:6-8 കാണുക) അന്ത്യദിനത്തിലെ അവസാനവിരുന്നിന്റെ യഥാർഥമായ ഒരു മുന്നാസ്വാദനമാണ്; പുതിയനിയമത്തിൽ അത് 'കുഞ്ഞാടിന്റെ വിവാഹവിരുന്ന്' (വെളി 19:9) എന്നു വിശേഷിപ്പിക്കപ്പെടുന്നു. അത് വിശുദ്ധരുടെ ഐക്യത്തിന്റെ (the communion of saints) സന്തോഷത്തിലാണ് ആഘോഷിക്കപ്പെടുന്നത്" (സ്നേഹ ത്തിന്റെ കൂദാശ *[Sacramentum Caritatis*], 31).

ആകയാൽ, ഓരോ ദിവ്യപൂജാർപ്പണത്തിലും വളരെ ശക്തമായവിധം അതിന്റെ ഓരോ മാനവും അനുഭവിക്കാൻ നാമെല്ലാവരും ക്ഷണിക്കപ്പെടുന്നു. ഏറെ പ്രത്യേകിച്ച്, അതിന്റെ യുഗാന്ത്യപരവും പ്രേഷിതപരവുമായ മാനങ്ങൾ അനുഭവിക്കാൻ ഇക്കാര്യത്തിൽ ഞാൻ ആവർത്തിച്ചുപറയുന്നു: "പ്രേഷിതദൗത്യത്തിലേക്ക് ആകർഷിക്കപ്പെടാതെ നമുക്ക് ദിവ്യകാരുണ്യമേശയെ സമീപിക്കാനാവില്ല; ദൈവത്തിന്റെ ഹൃദയത്തിൽത്തന്നെ തുടങ്ങിയ ആ ദൗത്യം സകലജനതകളിലും എത്തിച്ചേരേണ്ടതാണ്. (സ്നേഹത്തിന്റെ കൂദാശ, 84). കോവിഡ് രോഗത്തിനുശേഷമുള്ള കാലയളവിൽ ഇന്ന് പല പ്രാദേശികസഭകളും അഭിനന്ദനാർഹമാംവിധത്തിൽ പ്രോത്സാഹിപ്പിച്ചുവരുന്ന ദിവ്യകാരുണ്യ നവീകരണപ്രക്രിയതന്നെ വിശ്വാസികളിൽ ഓരോ അംഗത്തിലും പ്രേഷിതചൈതന്യം പുനർജനിപ്പിക്കാൻ അവശ്യംവേണ്ട ഒന്നാണ്. എത്രമാത്രം വലിയ വിശ്വാസത്തോടും ഹൃദയപൂർവമായ തീക്ഷ്ണതയോടുംകൂടെ ആയിരിക്കണം ദിവ്യപൂജയിലും നാം ഇപ്രകാരം പ്രഖ്യാപിക്കേണ്ടത്, "കർത്താവേ, നിന്റെ മരണം ഞങ്ങൾ പ്രഖ്യാപിക്കുന്നു; നിന്റെ ഉയിർപ്പ്, നീ വീണ്ടും വരുന്നതുവരെ, ഞങ്ങൾ ഏറ്റുപറയുന്നു!"

2025-ലെ ജൂബിലിയാഘോഷത്തിന്റെ ഒരുക്കത്തിന്റെ ഭാഗമായി പ്രാർഥനയ്ക്കായി മാറ്റിവച്ചിരിക്കുന്ന ഈ വർഷം, സർവ്വോപരി ദിവ്യപൂജാർപ്പണത്തിൽ പങ്കുചേരാനുള്ള താത്പര്യം വർധിപ്പിക്കാനും സഭയുടെ സുവിശേഷവത്കരണ ദൗത്യത്തിനായി കൂടുതൽ പ്രാർഥിക്കാനും ഞാൻ നിങ്ങളെ എല്ലാവരെയും ഉദ്ബോധിപ്പിക്കുന്നു. രക്ഷകന്റെ കല്പന അനുസരിച്ചുകൊണ്ട് ഓരോ ദിവ്യപൂജയിലും മറ്റ് ആരാധനക്രമാഘോഷങ്ങളിലും, "അങ്ങയുടെ രാജ്യം വരണമേ" എന്ന അപേക്ഷയുള്ള "സ്വർഗ്ഗസ്ഥനായ പിതാവേ" എന്ന പ്രാർഥന ആവർത്തിക്കുന്നതിനു സഭ അറുതി വരുത്തുന്നില്ല. ഈ വിധത്തിൽ ദൈനംദിനപ്രാർത്ഥന, പ്രത്യേകിച്ചും ദിവ്യപൂജാർപ്പണം, നമ്മെ തീർത്ഥാടകരും പ്രത്യാശയുടെ പ്രേഷിതരും ആക്കി

ത്തിർക്കുന്നു; അങ്ങനെ നാം ദൈവത്തിലുള്ള നിത്യമായ ജീവിതത്തിലേക്ക് സഞ്ചരിക്കുന്നു, അതായത്, ദൈവം തന്റെ മക്കൾക്കെല്ലാവർക്കുംവേണ്ടി ഒരുക്കിയിട്ടുള്ള വിവാഹവിരുന്നിലേക്ക്.

**3. "എല്ലാവരോടും": പൂർണമായും സിനഡാത്മകവും പ്രേഷിതവുമായ സഭയിലെ ക്രിസ്തുശിഷ്യരുടെ ആഗോള പ്രേഷിതദൗത്യം.**

മൂന്നാമത്തേതും അവസാനത്തേതുമായ ചിന്ത രാജാവിന്റെ ക്ഷണം സ്വീകരിച്ചവരെ സംബന്ധിച്ചുള്ളതാണ്. "എല്ലാവരും." ഞാൻ ഊന്നിപ്പറഞ്ഞതുപോലെ, "ഇതാണ് പ്രേഷിത ദൗത്യത്തിന്റെ ഹൃദയഭാഗം:'എല്ലാവരും', ഒരാളെയും ഒഴിവാക്കാതെ. നമ്മുടെ ഓരോ പ്രേഷിതദൗത്യവും, ക്രിസ്തുവിന്റെ ഹൃദയത്തിൽനിന്ന് ജനിക്കുന്നതാണ്. അതായത്, എല്ലാവരെയും തന്നിലേക്ക് ആകർഷിക്കാൻ" (പൊന്തിഫിക്കൽ പ്രേഷിതസംഘങ്ങളുടെ പൊതുസമ്മേളനത്തിനു നൽകിയ പ്രഭാഷണം [Address to the General Assembly of the Pontifical Missionary Societies] ജൂൺ 3, 2023). വിഭജനങ്ങളും ഏറ്റുമുട്ടലുകളുംമൂലം ചിന്നഭിന്നമാക്കപ്പെട്ടിരിക്കുന്ന ഇന്നത്തെ ലോകത്ത് വ്യക്തികളെ പരസ്പരം കണ്ടെത്താനും, തങ്ങൾ സഹോദരീസഹോദരന്മാരാണ് എന്നു തിരിച്ചറിയാനും വൈവിധ്യങ്ങളുടെ മധ്യേയുള്ള പൊരുത്തത്തിൽ സന്തോഷിക്കാനും ക്ഷണിക്കുന്ന മൃദുലവും അതേസമയം ദൃഢവുമായി നിലനിൽക്കുന്ന ഒരു സ്വരമാണ് ക്രിസ്തുവിന്റെ സുവിശേഷം. "എല്ലാവരും രക്ഷിക്കപ്പെടണമെന്നും സത്യത്തിന്റെ അറിവിലേക്ക് എത്തിക്കപ്പെടണമെന്നുമാണ് നമ്മുടെ രക്ഷകനായ ദൈവം ആഗ്രഹിക്കുന്നത്"(1 തിമോ 2:4). നമ്മുടെ പ്രേഷിതപ്രവർത്തനത്തിൽ എല്ലാവരോടും സുവിശേഷം പ്രസംഗിക്കാനാണ് ആവശ്യപ്പെട്ടിരിക്കുന്നതെന്നു നാം വിസ്മരിക്കരുത്: "പുതിയ ബാധ്യതകൾ അടിച്ചേല്പിക്കുന്നുവെന്നു തോന്നിപ്പിക്കാതെ അവർ തങ്ങളുടെ സന്തോഷം പങ്കുവയ്ക്കാൻ ആഗ്രഹിക്കുന്നവരായി, സൗന്ദര്യത്തിന്റെ നവ ചക്രവാളം ചൂണ്ടിക്കാണിക്കുന്നവരായി മറ്റുള്ള

വരെ രുചികരമായ സദ്യയിലേക്ക് ക്ഷണിക്കുന്നവരായി കാണപ്പെടണം" (സുവിശേഷത്തിന്റെ സന്തോഷം, 14).

ക്രിസ്തുവിന്റെ പ്രേഷിതശിഷ്യർക്ക് എല്ലാവരോടും അവരുടെ സാമൂഹ്യ സാന്മാർഗിക നിലവാരം കണക്കിലെടുക്കാതെതന്നെ, എപ്പോഴും ഹൃദയപൂർവമായ താൽപര്യമാണ് ഉണ്ടായിട്ടുള്ളത്. വിവാഹവിരുന്നിന്റെ ഉപമ ഇക്കാര്യം നമ്മോട് പറയുന്നു. രാജാവിന്റെ ആജ്ഞപ്രകാരം സേവകൾ "ദുഷ്ടരും ശിഷ്ടരും" ഉൾപ്പെടെ കണ്ടെത്തിയവരെയെല്ലാം വിളിച്ചുകൂട്ടി" (മത്താ 22:10). എന്തിനു പറയണം, "ദരിദ്രരും വികലാംഗരും കുരുടരും മുടന്തരും"(ലൂക്ക 14:21), ചുരുക്കത്തിൽ നമ്മുടെ എളിയ സഹോദരീസഹോദരന്മാർ, സമൂഹം പാർശ്വവൽകരിച്ചവർ, രാജാവിന്റെ പ്രത്യേക അതിഥികളായി മാറി. തന്റെ പുത്രനുവേണ്ടി ദൈവം ഒരുക്കിയിട്ടുള്ള വിവാഹവിരുന്ന് എപ്പോഴും എല്ലാവർക്കുംവേണ്ടി തുറന്നിരിക്കുന്ന ഒന്നാണ്; കാരണം, നമ്മോട് ഓരോരുത്തരോടുമുള്ള അവിടത്തെ സ്നേഹം അപാരവും വ്യവസ്ഥകളില്ലാത്തതുമാണ്. "എന്തെന്നാൽ അവനിൽ വിശ്വസിക്കുന്ന ആരും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിന് തന്റെ ഏകജാതനെ നൽകാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു." (യോഹ. 3:16). രൂപാന്തരപ്പെടുത്തുകയും രക്ഷിക്കുകയും ചെയ്യുന്ന തന്റെ കൃപയിൽ പങ്കുചേരാൻ ദൈവം ഓരോ സ്ത്രീയെയും പുരുഷനെയും ക്ഷണിക്കുന്നു. സൗജന്യമായി ലഭിക്കുന്ന ഈ ദൈവികദാനത്തോട് ഒരാൾ "അതെ" എന്നുമാത്രം പറഞ്ഞാൽ മതി; അതിനെ സ്വീകരിക്കുകയും അതുവഴിയായി സ്വയം രൂപാന്തരപ്പെടാൻ അനുവദിക്കുകയും ചെയ്യുന്ന ഓരോരുത്തർക്കും "വിവാഹവസ്ത്രം" (മത്താ 22:12 കാണുക). ധരിച്ചതുപോലെ ആയിരിക്കാൻ സാധിക്കും.

എല്ലാവർക്കുംവേണ്ടിയുള്ള പ്രേഷിതദൗത്യം എല്ലാവരുടെയും പ്രതിജ്ഞാബദ്ധത ആവശ്യപ്പെടുന്നു. സുവിശേഷത്തിന്റെ ശുശ്രൂഷയിൽ പൂർണമായും സിനഡാത്മകവും പ്രേഷിതപരവുമായ ഒരു സഭയിലേക്കുള്ള സഞ്ചാരം നാം തുടരണം.

സിനഡാത്മകത അടിസ്ഥാനപരമായി പ്രേഷിതാത്മകമാണ്, അതുപോലെ തിരിച്ച് പ്രേഷിതദൗത്യം എപ്പോഴും സിനഡാത്മകവുമാണ്. ആകയാൽ, സാർവത്രികസഭയിലും അതോടൊപ്പം പ്രാദേശികസഭകളിലും ശക്തമായ പ്രേഷിതപരമായ സഹകരണം എന്നത്തേതിനെക്കാൾ ഇന്നു കൂടുതൽ അടിയന്തരവും അത്യാവശ്യവുമാണ്. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെയും എന്റെ മുൻഗാമികളുടെയും പാത പിന്തുടർന്നുകൊണ്ട് പൊന്തിഫിക്കൽ പ്രേഷിതസംഘങ്ങളുടെ (Pontifical Mission Societies) ശുശ്രൂഷ ലോകം മുഴുവനുമുള്ള എല്ലാ രൂപതകളിലേക്കും ഞാൻ ശുപാർശ ചെയ്യുന്നു. "പേപ്പൽ പ്രേഷിതപ്രസ്ഥാനങ്ങളുടെ പ്രവർത്തനം കത്തോലിക്കർക്കു ബാല്യംമുതൽ സാക്ഷാൽ സാർവത്രികവും പ്രേഷിതപരവുമായ ജീവിതവീക്ഷണം നൽകുന്നതിനും എല്ലാ മിഷനുകൾക്കും അതതിന്റെ ആവശ്യാനുസരണമുള്ള ധനസഹായത്തിനുവേണ്ടി കാര്യക്ഷമമായ പിരിവ് നടത്തുന്നതിനും ഉപകരിക്കുന്ന" (പ്രേഷിതപ്രവർത്തനം) [Ad Gentes 38], മാർഗങ്ങളാണ് ഈ പ്രേഷിതസംഘങ്ങൾ. അക്കാരണത്താൽ ആഗോളപ്രേഷിത ദിനത്തിൽ എല്ലാ പ്രാദേശികസഭകളിലും നടത്തുന്ന ധനശേഖരണം പൂർണമായും ആഗോള ഐക്യദാർഢ്യത്തിനുവേണ്ടിയുള്ളതാണ്. പ്രസ്തുത ധനസഹായം പിന്നീട് വിശ്വാസപ്രചാരണ പൊന്തിഫിക്കൽ സംഘം (Pontifical Society for the Propagation of the Faith) പാപ്പായുടെ നാമത്തിൽ സഭയുടെ എല്ലാ പ്രേഷിതപ്രവർത്തനത്തിന്റെയും ആവശ്യങ്ങൾക്കായി വിതരണം ചെയ്യുന്നു. സഭ വർധിതമായി സിനഡാത്മകവും പ്രേഷിതപരവും ആയിത്തീരാൻ കർത്താവ് നമ്മെ നയിക്കുകയും സഹായിക്കുകയും ചെയ്യണമെന്ന് നമുക്കു പ്രാർത്ഥിക്കാം. (മെത്രാൻമാരുടെ സിനഡിന്റെ സാധാരണ പൊതുസമ്മേളനം ഉപസംഹരിച്ചുകൊണ്ടു നടത്തിയ ദിവ്യപൂജയിലെ പ്രഭാഷണം [Homily for the Concluding Mass of the Ordinary General Assembly of the Synod of Bishops] ഒക്ടോബർ 23, 2023).

അവസാനമായി, ഗലീലിയിലെ കാനായിലെ വിവാഹ വിരുന്നിൽ യേശുവിനോട് തന്റെ ആദ്യത്തെ അദ്ഭുതം പ്രവർത്തിക്കാൻ അഭ്യർഥിച്ച മറിയത്തിലേക്ക് (യോഹ 2:1–2 കാണുക) നമുക്ക് നമ്മുടെ ദൃഷ്ടി ഉയർത്താം. കർത്താവ് നവദമ്പതികൾക്കും എല്ലാ അതിഥികൾക്കുമായി സമൃദ്ധമായി പുതുവീഞ്ഞു നൽകി. അവസാനകാലത്ത് എല്ലാവർക്കുംവേണ്ടി ദൈവം ഒരുക്കുന്ന വിവാഹവിരുന്നിന്റെ ഒരു മുന്നാസ്വാദനമായിരുന്നു അത്. നമ്മുടെ ഈ കാലഘട്ടത്തിലെ ക്രിസ്തുശിഷ്യരുടെ സുവിശേഷവത്കരണദൗത്യത്തിൽ നമ്മെ സഹായിക്കാനായി അവളുടെ മാതൃസഹജമായ മാധ്യസ്ഥ്യം നമുക്കു പ്രാർത്ഥിക്കാം. നമ്മുടെ അമ്മയുടെ സന്തോഷത്തോടും നമ്മോടുള്ള കരുതലോടുകൂടെ അവളുടെ ആർദ്രതയിലും സ്നേഹത്തിലും നിന്ന് ശക്തിസംഭരിച്ചുകൊണ്ട് (സുവിശേഷത്തിന്റെ സന്തോഷം, 288 കാണുക). നമ്മുടെ രക്ഷകനായ രാജാവിന്റെ ക്ഷണം എല്ലാവർക്കും നൽകാനായി നമുക്ക് ഇറങ്ങിപ്പുറപ്പെടാം. പരിശുദ്ധ മറിയമേ, സുവിശേഷവത്കരണതാരമേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.

റോമിലെ വിശുദ്ധ ജോൺ ലാറ്ററൻ മഹാദേവാലയത്തിൽ വച്ച് വിശുദ്ധ പൗലോസ് അപ്പോസ്തലന്റെ മാനസാന്തരത്തിരുനാളിൽ 2024 ജനുവരി 25–ാം തീയതി നൽകപ്പെട്ടത്.

**ഫ്രാൻസിസ് പാപ്പാ**

(വിവർത്തനം : റവ.ഡോ. ജേക്കബ് പ്രസാദ്, പി.ഒ.സി. കൊച്ചി)

# പാലാ രൂപത
# പ്ലാറ്റിനം ജൂബിലിവർഷപ്രാർത്ഥന

ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ ദൈവമേ, കഴിഞ്ഞ എഴുപത്തിനാലുവർഷക്കാലം ഞങ്ങളുടെ രൂപതയെ നയിച്ച അങ്ങയുടെ പരിപാലനത്തെയോർത്ത് നന്ദി പറയുന്നു. ഇരുൾ ഞങ്ങളെ വലയം ചെയ്യുമ്പോഴും അങ്ങയുടെ പ്രകാശം ഞങ്ങളെ നയിക്കുന്നതിനെയോർത്ത് അങ്ങയെ ഞങ്ങൾ സ്തുതിക്കുന്നു.

കൗദാശികജീവിതത്തിലൂടെ ജീവന്റെ സമൃദ്ധി ഞങ്ങൾക്കു നൽകുന്ന ദൈവമേ, അങ്ങയെ ഞങ്ങൾ ആരാധിക്കുന്നു. അങ്ങിലുള്ള വിശ്വാസത്തിന്റെ ആഴത്തിലേക്കു ഞങ്ങളെ വളർത്തണമേ. കീറിപ്പോകാത്ത വലയായ അങ്ങയുടെ തിരുസ്സഭയിൽ ഞങ്ങൾ എക്കാലവും വസിക്കട്ടെ. ഞങ്ങളുടെ അമ്മയായ പരിശുദ്ധ മറിയമേ, ഈശോ പറയുന്നതു ചെയ്യുവാൻ തക്കവിധം ഞങ്ങളുടെ കുടുംബങ്ങളെ ഒരുക്കണമേ. ഞങ്ങളുടെ പിതാവായ മാർ തോമാശ്ലീഹായേ, ഈശോയ്ക്കുവേണ്ടി മാത്രം ജീവിക്കാൻ തക്കവിധം ഞങ്ങളുടെ വൈദികരെ ശക്തരാക്കണമേ. വിശുദ്ധ അൽഫോൻസാമ്മേ, ഈശോയോടുള്ള സ്നേഹത്താൽ എല്ലാ സന്ന്യസ്തരെയും ജ്വലിപ്പിക്കണമേ. വാഴ്ത്തപ്പെട്ട കുഞ്ഞച്ചാ, പാവങ്ങളെക്കുറിച്ചുള്ള ഓർമ്മ വിശുദ്ധ കുർബാനയുടെ തുടർച്ചയാണെന്ന് ഞങ്ങളെ പഠിപ്പിക്കണമേ.

സാന്ത്വനപ്രകാശമേ, ഞങ്ങളെ നയിക്കണമേ.

പിതാവും പുത്രനും പരിശുദ്ധ റൂഹായുമായ സർവേശ്വരാ, എന്നേയ്ക്കും. ആമ്മേൻ.

---

NB: രൂപതയിലെ എല്ലാ പള്ളികളിലും സന്ന്യാസഭവനങ്ങളിലും പരിശുദ്ധ കുർബാനയ്ക്കുശേഷവും, ഭവനങ്ങളിൽ സന്ധ്യാപ്രാർത്ഥനയ്ക്കുശേഷവും ഈ ജൂബിലിവർഷപ്രാർത്ഥന ചൊല്ലേണ്ടതാണ്.

# കച്ചേരിക്കാര്യം

## Transfers & Appointments (August 2024)

| Name | Appointment |
|---|---|
| Valummel Thomas | Pastoral Ministry Eparchy of Great Britain |
| Vellamaruthunkal Jacob | Vicar, Urulikunnam (Additional) |
| Kozhuppankutty Mani | Secretary to Mar Joseph Kallarangatt (Additional) |
| Pakkarampel John | Asst. Vicar, Muttom Sibigiri + B.Ed. Studies St. Thomas Teacher Education College, Mylacombu |
| Chovelikudiyil James | Asst. Curator Cultural Museum, Residence at Shalom Pastoral Centre |

## സംഭാവനശേഖരണം

**തടവറപ്രേഷിതദിനം, ജസ്റ്റിസ് സൺഡേ**

ഓഗസ്റ്റ് 11-ാം തീയതി ഞായറാഴ്ച തടവറപ്രേഷിതദിനത്തോടനുബന്ധിച്ചും ഓഗസ്റ്റ് 18-ാം തീയതി ഞായറാഴ്ച ജസ്റ്റിസ് സൺഡേയോടനുബന്ധിച്ചും മുൻകൂട്ടി അറിയിച്ച് ആ ദിവസങ്ങളിൽ വി. കുർബാനമദ്ധ്യേ പ്രത്യേക സംഭാവനശേഖരണം നടത്തുകയും ലഭിക്കുന്ന തുക സെപ്റ്റംബർ 21 നു മുമ്പായി രൂപതാകേന്ദ്രത്തിൽ ഏൽപ്പിക്കുകയും ചെയ്യേണ്ടതാണ്.

# ‘ഇൻസ്പയർ’ ഇന്റേൺഷിപ് സയൻസ് ക്യാമ്പ്

## രാമപുരം മാർ ആഗസ്തീനോസ് കോളജിൽ

വിദ്യാർത്ഥികളെ ശാസ്ത്രസാങ്കേതിക മേഖലകളിലേക്ക് ആകർഷിക്കുവാനുള്ള കേന്ദ്ര സർക്കാരിന്റെ നൂതനപദ്ധതിയായ Innovation in Science Pursuit for Inspired Research (INSPIRE) Internship Science Camp 2024 സെപ്തംബർ 23 മുതൽ 27 വരെ രാമപുരം മാർ ആഗസ്തിനോസ് കോളജിൽ വച്ച് നടത്തപ്പെടുകയാണ്. ന്യൂഡൽഹി ആസ്ഥാനമായ ഡിപ്പാർട്ട്മെന്റ് ഓഫ് സയൻസ് ആന്റ് ടെക്നോളജിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ക്യാമ്പ് ഈ വർഷം പ്ലസ് വൺ അഡ്മിഷൻ എടുത്തിരിക്കുന്ന വിദ്യാർത്ഥികൾക്കുവേണ്ടിയാണ്. കേരള സ്റ്റേറ്റ് സിലബസ് പത്താം ക്ലാസിൽ Full A+ (98.6%) CBSE Full A one. (96%) ICSE (97.83%) എന്നിങ്ങനെ മാർക്ക് നേടിയവർക്കാണ് ക്യാമ്പിൽ പങ്കെടുക്കാവുന്നത്. അഞ്ചുദിവസം നീണ്ടുനില്ക്കുന്ന റെസിഡൻഷ്യൽ പ്രോഗ്രാം വിദ്യാർത്ഥികൾക്ക് പൂർണമായും സൗജന്യമാണ്. സയൻസ് ആന്റ് ടെക്നോളജി മേഖലയിലെ ദേശീയ, അന്തർദേശീയ തലങ്ങളിലെ പ്രഗല്ഭരായ ശാസ്ത്രജ്ഞർ ക്യാമ്പിൽ ക്ലാസുകൾ നയിക്കുന്നതാണ്. രാജ്യത്തെ യുവജനങ്ങളെ ശാസ്ത്രസാങ്കേതികമേഖലകൾ ക്രിയാത്മകമായി പിൻതുടരേണ്ടതിന്റെ പ്രാധാന്യം അറിയിക്കുകയും പ്രാരംഭഘട്ടത്തിൽ തന്നെ ശാസ്ത്രം പഠിക്കുവാൻ പ്രോത്സാഹിപ്പിക്കുകയും ശാസ്ത്രത്തെ ശക്തിപ്പെടുത്തുന്നതിനും വിപുലീകരിക്കുന്നതിനും ആവശ്യമായ മാനവവിഭവശേഷിശേഖരം നിർമ്മിക്കുകയും ചെയ്യുകയെന്നതാണ് 'INSPIRE'പദ്ധതിയുടെ ലക്ഷ്യം. ഈ സയൻസ് ക്യാമ്പുകൾ വിദ്യാർത്ഥികളുടെ സയൻസ് ജിജ്ഞാസയെ പരിപോഷിപ്പിക്കുകയും തുടർപഠനത്തിനും

ഗവേഷണം കരിയറായി പിന്തുടരുന്നതിനും 16-17 വയസ്സിൽ തന്നെ ശാസ്ത്രപഠനത്തിലേക്ക് ആകർഷിക്കുന്നതിനും കാരണമാകുന്നു.

സാധാരണയായി രാജ്യത്തെ പ്രമുഖ സർവ്വകലാശാലകൾ, പ്രശസ്ത കോളജുകൾ, അക്കാദമിക്, ഗവേഷണസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ സംഘടിപ്പിക്കുന്ന 'INSPIRE' ക്യാമ്പ് നടത്തുവാൻ 2024 വർഷത്തിൽ രാമപുരം മാർ ആഗസ്തീനോസ് കോളജിന് അവസരം ലഭിച്ചു എന്നത് അഭിമാനാർഹമായ കാര്യമാണ്.

വിവിധ അക്കാദമിക് ഫെലോകൾ, ഭട്നഗർ അവാർഡ് ജേതാക്കൾ, ശാസ്ത്രജ്ഞർ, ദേശീയ-അന്തർദേശീയതലത്തിൽ പ്രശസ്തരായ അക്കാദമിഷ്യന്മാർ എന്നിവരുമായുള്ള സംവാദങ്ങൾ യുവതലമുറയ്ക്ക് പുത്തൻ ദിശാബോധം നൽകുമെന്നത് സുനിശ്ചിതമാണ്.

ക്യാമ്പു സംബന്ധമായ വിശദാംശങ്ങൾക്ക് കോളജ് ഓഫീസുമായോ 9447599383 എന്ന നമ്പറിലോ inspire@mac.edu.in എന്ന ഇമെയിലിലോ ബന്ധപ്പെടുക.

# GOOD SHEPHERD MINOR SEMINARY
# 2023-2024

| | HOUSE NAME | BAPTISMAL N | NAME | PARISH | QUA |
|---|---|---|---|---|---|
| 1 | Arackal | Joseph | Jofin Joby | Mary Land | 10 |
| 2 | Chamakkalayil | Joseph | Joseph Soney Emmanuel | Ratnagiri | 10 |
| 3 | Cheripurath | Kurian | Mons Kurian | Kanjiramattom | Bsc |
| 4 | Karimalayil | Joseph | Emmanuel George | Adukkam | 10 |
| 5 | Karimkuttykulathu | Michael | Christo Michael | Pious Mount | 12 |
| 6 | Kochambazhathumkal | George | Jesto Jimmy | Chemmalamattom | 10 |
| 7 | Koiprayil | Cherian | Christo K Siby | Kozhuvanal | 12 |
| 8 | Kolath | Thomas | Tobin Saiju | Ramapuram | 10 |
| 9 | Koorackanal | Joseph | Savio Sebastian | Kadanadu | 10 |
| 10 | Kunnathumackal | Mathew | Elvis Prince | Nelliyani | 12 |
| 11 | Malamplackal | Augustine | Sobin Somichen | Ramapuram | 10 |
| 12 | Manampurath | Mathew | Anson Saji | Kdaplamattom | 10 |
| 13 | Menappattupadickal | Emmanuel | Emmanuel Sunny | Bharananganam | 12 |
| 14 | Nadackal | Manuel | Noyal Biju | Ramapuram | 12 |
| 15 | Padipurackal | Joseph | Melvin Vargheese | Nambiakulam | 12 |
| 16 | Parekalayil | Mathai | Tom P V | Kuravilangad | 12 |
| 17 | Pullikkattil | Augustine | Deon Siby | Arakulam Old | 10 |
| 18 | Pullomparambil | George | Abin Biju Vargheese | Arakulam | 10 |
| 19 | Punnathanathu | George | Jithin George Joseph | Bharananganam | 12 |
| 20 | Puthenpurackal | Antony | Georgekutty Biju | Anthinadu | 10 |
| 21 | Thadathil | Francis | Francis Joby | Adivaram | 10 |
| 22 | Thuruthikara | Jo Ittiyavirah | Jo Ittiyavirah Rence | Choondachery | 10 |
| 23 | Valiyakulangarayil | Jacob | Alan Prajeevan | Koothattukulam | 10 |




# മാർ സ്ലീവാ മെഡിസിറ്റി, പാലാ

**മാർ സ്ലീവാ മെഡിസിറ്റിയിൽ പ്രവർത്തനപരിചയമുള്ള നഴ്സുമാരുടെ ഒഴിവുകൾ**

മാർ സ്ലീവാ മെഡിസിറ്റിയിൽ പ്രവർത്തനപരിചയമുള്ള നഴ്സുമാരുടെ ഒഴിവുകളുണ്ട്. താത്പര്യമുള്ളവർ ബയോഡാറ്റ, ഫോട്ടോ, സർട്ടിഫിക്കറ്റുകളുടെ കോപ്പികൾ എന്നിവ സഹിതം jobs@marsleevamedicity.com എന്ന മെയിലിലേക്ക് അപേക്ഷകൾ അയയ്ക്കണം. കൂടുതൽ വിവരങ്ങൾക്ക് 9188525970, 8281699258, 04822 266813/ 814 എന്നീ നമ്പറുകളിൽ ബന്ധപ്പെടണം.

**മാർ സ്ലീവാ മെഡിസിറ്റിയിൽ ഡോക്ടേഴ്സ് ദിനാചരണം നടത്തി**

മാർ സ്ലീവാ മെഡിസിറ്റിയിൽ ഡോക്ടേഴ്സ് ദിനാചരണം നടത്തി. കോട്ടയം ഗവ. മെഡിക്കൽ കോളജ് സർജിക്കൽ ഗ്യാസ്ട്രോ എൻട്രോളജി വിഭാഗം മേധാവി ഡോ. സിന്ധു ആർ.എസ്. ഉദ്ഘാടനം ചെയ്തു. ആശുപത്രി മാനേജിംഗ് ഡയറക്ടർ മോൺ. ഡോ. ജോസഫ് കണിയോടിക്കൽ അധ്യക്ഷത വഹിച്ചു. ചീഫ് ഓഫ് മെഡിക്കൽ സർവീസസ് എയർ കൊമഡോർ ഡോ. പോളിൻ ബാബു, മെഡിക്കൽ സൂപ്രണ്ട് ഡോ. നിതീഷ് പി.എൻ. എന്നിവർ പ്രസംഗിച്ചു. മികച്ച നേട്ടം കൈവരിച്ച വകുപ്പുകൾക്കുള്ള അവാർഡുകൾ വൃക്ക മാറ്റിവയ്ക്കൽ ടീമും ട്രോമാ കെയർ ടീമും ഏറ്റുവാങ്ങി. മികച്ച പ്രവർത്തനം നടത്തിയ ഡോക്ടർമാർക്കുള്ള അവാർഡിന് ഓർത്തോപീഡിക്സ് വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ. ഒ.ടി.ജോർജ്, സൈക്കാട്രി വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ. റോയി എബ്രഹാം കള്ളിവയലിൽ എന്നിവർ അർഹരായി. ഡോക്ടർമാരുടെ നേതൃത്വത്തിൽ വിവിധ കലാപരിപാടികളും അരങ്ങേറി.

**കാൽമുട്ട് തെന്നിമാറിയിരുന്ന വിദ്യാർഥിനിക്ക്
മാർ സ്ലീവാ മെഡിസിറ്റിയിൽ അപൂർവ്വ ശസ്ത്രക്രിയ**

കാൽമുട്ട് പതിവായി തെന്നിമാറുന്നതുമൂലം വർഷങ്ങളായി വേദന സഹിച്ച് ബുദ്ധിമുട്ട് നേരിട്ടിരുന്ന വിദ്യാർഥിനിയെ മാർ സ്ലീവാ മെഡിസിറ്റിയിൽ നടത്തിയ അപൂർവ്വ ശസ്ത്രക്രിയയിലൂടെ സാധാരണ ജീവിതത്തിലേക്കു തിരിച്ചെത്തിച്ചു. തെന്നിമാറിയിരുന്ന കാൽമുട്ടിനെ ഇനി ഭയക്കാതെ 15 കാരി വിദ്യാർഥിനി വീണ്ടും സ്കൂളിൽ പോയിത്തുടങ്ങി. മുട്ടുചിരട്ട തെന്നിപ്പോകുന്നതിനെ തുടർന്നു ആറു വയസ്സുമുതൽ വിദ്യാർഥിനിക്കു കഠിനമായ വേദന സഹിക്കേണ്ടിവന്നിരുന്നു. ഒരോ തവണ കാൽമുട്ട് മടക്കുമ്പോഴും മുട്ടുചിരട്ട തെന്നിമാറുകയും കാൽ നിവർക്കു മ്പോൾ സാധാരണ നിലയിലാകുകയും ചെയ്യുന്ന രോഗമായിരുന്നു വിദ്യാർഥിനി നേരിട്ടിരുന്നത്. തുടയെല്ലും കാൽമുട്ടുചിരട്ടയും ചേരുന്ന ഭാഗത്ത് വേണ്ട ഗ്രൂവ് ജന്മനാതന്നെ ഇല്ലാതിരുന്നതാണ് പ്രശ്നമായിരുന്നത്. മുട്ടിലെ എല്ലിന്റെ വളർച്ചയെ ത്താത്തതിനാൽ ശസ്ത്രക്രിയ നടത്താൻ സാധിക്കാത്ത സാഹചര്യവുമായിരുന്നു. ഇതേത്തുടർന്ന് ഏഴു വർഷമായി വിവിധ ആശുപത്രികളിൽ ഇവർ ചികിത്സകൾ തേടി. എസ്എസ്എൽസി പരീക്ഷ പൂർത്തിയാക്കിയശേഷം ഈ കഴിഞ്ഞ മധ്യ വേനലവധിക്കാലത്താണ് വിദ്യാർഥിനി മാർ സ്ലീവാ മെഡിസിറ്റിയിൽ ചികിത്സ തേടി എത്തിയത്. ഓർത്തോപീഡിക്സ് വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ. രാജീവ് പി.ബിയുടെ നേതൃത്വത്തിലാണ് വിദഗ്ധ പരിശോധനകൾക്കുശേഷം അപൂർവ്വശസ്ത്രക്രിയ നടത്തിയത്. തരുണാസ്ഥിക്കു കേടുവരാത്ത രീതിയിൽ ഗ്രൂവ് പുനർനിർമിക്കണം എന്നതായിരുന്നു ശസ്ത്രക്രിയയുടെ വെല്ലുവിളി. ഇതിനായി വിദേശത്തുനിന്ന് ആധുനിക ഉപകരണങ്ങൾ എത്തിച്ചശേഷമാണ് ശസ്ത്രക്രിയ നടത്തിയത്. ഓർത്തോപീഡിക്സ് വിഭാഗം കൺസൾട്ടന്റ് ഡോ. സിജോ സെബാസ്റ്റ്യൻ, അനസ്തേഷ്യോളജി വിഭാഗം കൺസൾട്ടന്റ് ഡോ. അഭിജിത്ത് കുമാർ എന്നിവരും ശസ്ത്രക്രിയയിൽ പങ്കെടുത്തു. അവധിക്കാലത്ത് ശസ്ത്രക്രിയയും ഫിസിയോതെറാപ്പി ചികിത്സകളും പൂർത്തിയാക്കിയ വിദ്യാർ ഥിനി സാധാരണജീവിതത്തിലേക്കു തിരിച്ചെത്തുകയും പ്ലസ്വൺ ക്ലാസിൽ പോയിത്തുടങ്ങുകയും ചെയ്തു.

**പശു കുത്തി ഗുരുതര പരുക്കേറ്റയാളെ രക്ഷപ്പെടുത്താൻ ആംബുലൻസ് ഒന്നര മണിക്കൂറിനുള്ളിൽ കട്ടപ്പനയിൽനിന്നു പാലായിൽ എത്തി**

പശു കുത്തി ഗുരുതര പരുക്കേറ്റ ആളെ കട്ടപ്പനയിൽനിന്ന് ഒന്നര മണിക്കൂറി നുള്ളിൽ ആംബുലൻസിൽ ചേർപ്പുങ്കൽ മാർ സ്ലീവാ മെഡിസിറ്റിയിൽ എത്തിച്ചു ജീവൻ രക്ഷപ്പെടുത്തി. കുമളി ആറാംമൈൽ സ്വദേശിക്കാണ് പശുവിന്റെ കുത്തിൽ വയറിൽ ഗുരുതര പരുക്കേറ്റത്. ബന്ധുവീട്ടിൽ മേസ്തിരിജോലി ചെയ്തുകൊണ്ടി രുന്നയാളെ സമീപത്തുകൂടി അഴിച്ചുകൊണ്ടുപോയ പശു ആക്രമിക്കുകയായി രുന്നു. ജോലി ചെയ്തിരുന്ന ഭിത്തിയോടു ചേർത്തുനിർത്തിയാണ് പശു കുത്തിയത്. ഉടൻതന്നെ ബന്ധുക്കൾ അണക്കരയിലും, തുടർന്നു കട്ടപ്പനയിലും ഉള്ള ആശുപത്രികളിൽ എത്തിച്ചു. തുടർന്ന്, വിദഗ്ധചികിത്സയ്ക്കായി മാർ സ്ലീവാ മെഡിസിറ്റിയിലേക്കു മാറ്റുകയായിരുന്നു. ഉച്ചയ്ക്ക് ഒന്നേകാലോടെ കട്ടപ്പനയിൽ നിന്നു പുറപ്പെട്ട ആംബുലൻസ് ഒന്നര മണിക്കൂറിനുള്ളിൽ മാർ സ്ലീവാ മെഡി

സിറ്റിയിൽ എത്തി. വാഗമൺ റൂട്ടിൽ കനത്ത മഴയും കോടമഞ്ഞും ആയിരുന്നെങ്കിലും ഹൈറേഞ്ച് കിംഗ്സ് എന്ന ആംബുലൻസ് ഡ്രൈവർമാരുടെ വാട്സ് ആപ്പ് കൂട്ടായ്മ പ്രധാന ജംഗ്ഷനുകളിൽ സഹായത്തിന് ഉണ്ടായിരുന്നതിനാൽ മറ്റ് ട്രാഫിക് തടസ്സങ്ങൾ കൂടാതെ വേഗത്തിൽ മാർ സ്ലീവാ മെഡിസിറ്റിയിൽ എത്തിച്ചേരാൻ സാധിച്ചു.

**ബസിനുള്ളിൽ കുഴഞ്ഞുവീണ യാത്രക്കാരനെ ജീവനക്കാർ ഉടൻ മാർ സ്ലീവാ മെഡിസിറ്റിയിൽ എത്തിച്ചു രക്ഷപ്പെടുത്തി**

നിറയെ യാത്രക്കാരുമായി പോയ സ്വകാര്യബസിനുള്ളിൽ കുഴഞ്ഞുവീണ യാത്രക്കാരനെ ജീവനക്കാരുടെ അവസരോചിത ഇടപെടലിൽ ഉടൻതന്നെ അതേ ബസിൽ മാർ സ്ലീവാ മെഡിസിറ്റിയിൽ എത്തിച്ചു രക്ഷപ്പെടുത്തി. കോട്ടയം മെഡിക്കൽ കോളജ് ആശുപത്രിയിലേക്കു പോകുകയായിരുന്ന നീലൂർ സ്വദേശി 63 കാരനാണ് മുണ്ടക്കയം – പാലാ – മെഡിക്കൽ കോളജ് റൂട്ടിൽ സർവീസ് നടത്തുന്ന ഷാജി മോട്ടോഴ്സ് എന്ന ബസിൽ കുഴഞ്ഞുവീണത്. സീറ്റിൽനിന്നു കുഴഞ്ഞുവീണയാൾ അപസ്മാരലക്ഷണം കാണിച്ചതോടെ ബസ് നിർത്തി കണ്ടക്ടർ ഷൈജു ആർ, ഡ്രൈവർ റിൻഷാദ് എന്നിവർ ചേർന്നു പ്രഥമശുശ്രൂഷ നൽകി. തുടർന്ന് ജീവനക്കാർ ഉടൻതന്നെ നിറയെ യാത്രക്കാരുമായി ബസ് മാർ സ്ലീവാ മെഡിസിറ്റിയിലേക്കു തിരിക്കുകയായിരുന്നു. യാത്രക്കാരും ജീവനക്കാരുടെ നന്മ നിറഞ്ഞ മനസ്സിനു കൂട്ടുമായി ബസ് നിർത്താൻ ആവശ്യപ്പെടാതെ ബസിൽ ഇരുന്നു. രോഗിയെ ആശുപത്രിയിലെ അത്യാഹിതവിഭാഗത്തിൽ പ്രവേശിപ്പിച്ച ശേഷം ബസ് തിരിച്ചുപോയി യാത്രക്കാരെ സ്റ്റോപ്പുകളിൽ ഇറക്കി യാത്ര തുടർന്നു. ബസ് ജീവനക്കാരുടെ അവസരോചിത ഇടപെടലിന് ആശുപത്രി അധികൃതർ അനുമോദനം അറിയിച്ചു.

**മാർ സ്ലീവാ മെഡിസിറ്റിയിൽ പുതിയ ഐ.പി ബില്ലിങ് വിഭാഗത്തിന്റെ വെഞ്ചരിപ്പ് നടത്തി**

മാർ സ്ലീവാ മെഡിസിറ്റിയിൽ അഞ്ചാം നിലയിൽ നിർമ്മിച്ച പുതിയ ഐ.പി ബില്ലിങ്, ഐ.പി. കോർഡിനേറ്റർ വിഭാഗങ്ങളുടെ വെഞ്ചരിപ്പ് പാലാ രൂപത ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ടിന്റെ മുഖ്യകാർമികത്വത്തിൽ നടത്തി. ആശുപത്രി മാനേജിംഗ് ഡയറക്ടർ മോൺ. ജോസഫ് കണിയോടിക്കൽ, ആശുപത്രി ഓപ്പറേഷൻസ് ആൻഡ് പ്രൊജക്ട്സ് ഡയറക്ടർ റവ.ഫാ. ജോസ് കീരഞ്ചിറ എന്നിവർ പ്രസംഗിച്ചു.

**മാർ സ്ലീവാ മെഡിസിറ്റിയിൽ വിപുലീകരിച്ച ലബോറട്ടറിയുടെ വെഞ്ചരിപ്പ് നടത്തി.**

മാർ സ്ലീവാ മെഡിസിറ്റിയിലെ വിപുലീകരിച്ച ലബോറട്ടറിയുടെ വെഞ്ചരിപ്പ് നടത്തി. ആശുപത്രി മാനേജിംഗ് ഡയറക്ടർ മോൺ. ഡോ. ജോസഫ് കണിയോടിക്കൽ മുഖ്യകാർമികത്വം വഹിച്ചു.

**സൗജന്യ ശ്വാസകോശരോഗനിർണയക്യാമ്പ് സംഘടിപ്പിച്ചു**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ പാലായിലുള്ള മാർ സ്ലീവാ മെഡിസിറ്റി സർവീസ് സെന്ററിൽ വച്ച് പൊതുജനങ്ങൾക്കായി സൗജന്യ ശ്വാസകോശരോഗനിർണയക്യാമ്പും പിഎഫ്ടി പരിശോധന ക്യാമ്പും നടത്തി.

**സൗജന്യ ബോധവൽക്കരണ ക്ലാസ് നടത്തി**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ പാലാ മേരി മാതാ പബ്ലിക് സ്കൂളിൽ പേരന്റിംഗ് എന്ന വിഷയത്തിൽ ബോധവൽക്കരണ ക്ലാസ് നടത്തി. ക്ലിനിക്കൽ സൈക്കോളജിസ്റ്റ് സിസ്റ്റർ ജൂലി എലിസബത്ത് നേതൃത്വം നൽകി.

**സൗജന്യ ബോധവൽക്കരണ ക്ലാസ് - അരുവിത്തുറയിൽ**

മാർ സ്ലീവാ മെഡിസിറ്റി അരുവിത്തുറ മെഡിക്കൽ സെന്ററിന്റെ നേതൃത്വത്തിൽ അരുവിത്തുറ അൽഫോൻസാ പബ്ലിക് സ്കൂളിൽ മഴക്കാലരോഗങ്ങളെക്കുറിച്ച് സൗജന്യ ബോധവൽക്കരണ ക്ലാസ് നടത്തി. ഫാമിലി മെഡിസിൻ വിഭാഗം ഫിസിഷ്യൻ ഡോ. സംഗീത എസ്. ക്ലാസ് നയിച്ചു.

**സൗജന്യ ബോധവൽക്കരണ ക്ലാസ് - മീനച്ചിൽ പഞ്ചായത്തിൽ**

മാർ സ്ലീവാ മെഡിസിറ്റിയുടെ ആഭിമുഖ്യത്തിൽ മീനച്ചിൽ പഞ്ചായത്ത് കുടുംബശ്രീ, സിഡിഎസ് അംഗങ്ങൾക്കായി സൗജന്യ കാൻസർ ബോധവൽക്കരണ ക്ലാസ് നടത്തി. മെഡിക്കൽ ഓങ്കോളജി വിഭാഗം കൺസൾട്ടന്റ് ഡോ. റോണി ബെൻസൺ ക്ലാസ് നയിച്ചു.

**സൗജന്യ മെഡിക്കൽ ക്യാമ്പ് - കടപ്പൂരിൽ**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ കടപ്പൂര് ജവഹർ റസിഡന്റ്സ് അസോസിയേഷനുമായി സഹകരിച്ച് സൗജന്യ മെഡിക്കൽ ക്യാമ്പ് കടപ്പൂര് അമലോത്ഭവമാതാ കുരിശുപള്ളി ഓഡിറ്റോറിയത്തിൽ നടത്തി. വിദഗ്ധ ഡോക്ടർമാർ നേതൃത്വം നൽകി.

**സൗജന്യ ബോധവൽക്കരണ ക്ലാസ് - ഭരണങ്ങാനത്തും പാദുവയിലും**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ ഭരണങ്ങാനം അൽഫോൻസ റസിഡൻഷ്യൽ സ്കൂൾ, പാദുവ സെന്റ് ആന്റണീസ് യു.പി. സ്കൂൾ എന്നിവിടങ്ങളിൽ പേരന്റിംഗ് എന്ന വിഷയത്തിൽ ബോധവൽക്കരണ ക്ലാസ് നടത്തി. സീനിയർ ക്ലിനിക്കൻ സൈക്കോളജിസ്റ്റ് ഡോ. എയ്ഞ്ചൽ തോമസ് ക്ലാസ് നയിച്ചു.

**സൗജന്യ വൈദ്യസഹായം നൽകി**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ എസ്എംവൈഎം ജൂബിലി സമാപനത്തോടനുബന്ധിച്ച് പാലാ സെന്റ് തോമസ് കോളജ് ഓഡിറ്റോറിയത്തിൽ നടന്ന പരിപാടിക്കുവേണ്ടി സൗജന്യവൈദ്യസഹായം നൽകി.

**ബിഎൽഎസ് പരിശീലനപരിപാടി**

മാർ സ്ലീവാ മെഡിസിറ്റിയിൽ ഹ്യൂമൻ റിസോഴ്സ് വിഭാഗത്തിന്റെ നേതൃത്വത്തിൽ ഉദ്യോഗസ്ഥർക്കായി ബിഎൽഎസ് പരിശീലനപരിപാടി നടത്തി. നഴ്സിംഗ് എജ്യൂക്കേറ്റർ നീതു ജോർജ് പരിശീലനത്തിനു നേതൃത്വം നൽകി.

**ഹെൽത്ത് ടോക്ക് സീരീസ് നടത്തി**

മാർ സ്ലീവാ മെഡിസിറ്റിയിൽ ഹ്യൂമൻ റിസോഴ്സ് വിഭാഗത്തിന്റെ നേതൃത്വത്തിൽ ഉദ്യോഗസ്ഥർക്കായി ഹെൽത്ത് ടോക്ക് സീരീസ് നടത്തി. തലവേദന ഒഴിവാക്കിയുള്ള ജീവിതം എന്ന വിഷയത്തിൽ ന്യൂറോളജി വിഭാഗം കൺസൾട്ടന്റ് ഡോ. ജോസി ജെ. വള്ളിപ്പാലം ക്ലാസ് നയിച്ചു.

**സൗജന്യ ബോധവൽക്കരണ ക്ലാസ് – ചാവറ സിഎംഐ പബ്ലിക് സ്കൂളിൽ**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ പാലാ ചാവറ സിഎംഐ പബ്ലിക് സ്കൂളിൽ കൗമാരക്കാർ നേരിടുന്ന വിവിധ പ്രശ്നങ്ങൾ എന്ന വിഷയത്തിൽ ബോധവൽക്കരണ ക്ലാസ് നടത്തി. സീനിയർ ക്ലിനിക്കൽ സൈക്കോളജിസ്റ്റ് ഡോ.എയ്ഞ്ചൽ തോമസ് ക്ലാസ് നയിച്ചു.

**അധ്യാപകർക്കായി ബി.എൽ.എസ്. പരിശീലനപരിപാടി**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ പാലാ സെന്റ് തോമസ് എച്ച്.എസ്.എസിലെ അധ്യാപകർക്കായി ബിഎൽഎസ് പരിശീലനപരിപാടി നടത്തി. പീഡിയാട്രിക് ക്രിട്ടിക്കൽ കെയർ വിഭാഗം അസോസിയേറ്റ് കൺസൾട്ടന്റ് ഡോ. ശാരി കെ. രാജു ക്ലാസ് നയിച്ചു.

**ഓൺലൈൻ ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ കൊച്ചി ടിസിഎസിലെ ഉദ്യോഗസ്ഥർക്കായി ഓൺലൈൻ ബോധവൽക്കരണ ക്ലാസ് നടത്തി. ഗ്യാസ്ട്രോ എൻട്രോളജി വിഭാഗം കൺസൾട്ടന്റ് ഡോ. ഫിലിപ്പ് ദാനിയേൽ, ചീഫ് ക്ലിനിക്കൽ ഡയറ്റീഷ്യൻ ജിജിനു ജെ. എന്നിവർ ക്ലാസ് നയിച്ചു.

**എസ്പിസി വിദ്യാർഥികൾക്കായി ബിഎൽഎസ് പരിശീലനപരിപാടി**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ മണർകാട് സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂളിലെ സ്റ്റുഡന്റ്സ് പൊലീസ് കേഡറ്റുകൾക്കായി ബി.എൽ.എസ്. പരിശീലനപരിപാടി നടത്തി. എമർജൻസി ടെക്നീഷ്യൻ രൂപാവതി വി.ആർ. ക്ലാസ് നയിച്ചു.

**സൗജന്യ മെഡിക്കൽ ക്യാമ്പ് – മുളക്കുളത്ത്**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ മുളക്കുളം സെന്റ് മേരീസ് കത്തോലിക്കാ പള്ളിയിലെ എസ്എംവൈഎം, കത്തോലിക്ക കോൺഗ്രസ് സംഘടനകളുടെ നേതൃത്വത്തിൽ പാരിഷ് ഹാളിൽ സൗജന്യ മെഡിക്കൽ ക്യാമ്പ് നടത്തി. വിദഗ്ധ ഡോക്ടർമാർ നേതൃത്വം നൽകി.

**ഡോ. വിജയ്കുമാർ മാധവദാസ് മേനോൻ ചുമതലയേറ്റു**

മാർ സ്ലീവാ മെഡിസിറ്റിയിൽ ന്യൂറോ സർജറി ആൻഡ് സ്പൈൻ സർജറി വിഭാഗത്തിൽ സീനിയർ കൺസൾട്ടന്റായി ഡോ. വിജയ്കുമാർ മാധവദാസ് മേനോൻ ചുമതലയേറ്റു.

**ഡോ. രാഗാ പണിക്കർ ചുമതലയേറ്റു**

മാർ സ്ലീവാ മെഡിസിറ്റി ഇഎൻടി വിഭാഗത്തിൽ കൺസൾട്ടന്റായി ഡോ. രാഗാ പണിക്കർ ചുമതലയേറ്റു

**ഡോ. അനീഷ് ജോസഫ് ചുമതലയേറ്റു**

മാർ സ്ലീവാ മെഡിസിറ്റി പ്ലാസ്റ്റിക് ആൻഡ് റീകൺസ്ട്രക്ടീവ് സർജറി വിഭാഗത്തിൽ കൺസൾട്ടന്റായി ഡോ. അനീഷ് ജോസഫ് ചുമതലയേറ്റു.

**ഫാ. ജോസഫ് കണിയോടിക്കൽ**

മാനേജിംഗ് ഡയറക്ടർ, മാർ സ്ലീവാ മെഡിസിറ്റി, പാലാ

# അൽഫോൻസാ തീർത്ഥാടനകേന്ദ്രം

**കബറിടം സന്ദർശിച്ച വിശിഷ്ടവ്യക്തികൾ**

മാർ റാഫേൽ തട്ടിൽ - സീറോ മലബാർ മേജർ ആർച്ചുബിഷപ്
മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ
(സീറോ മലബാർ സഭ കൂരിയാ ബിഷപ്)
മാർ ജോസഫ് കല്ലറങ്ങാട്ട് (പാലാ രൂപത ബിഷപ്)
മാർ ജോസഫ് പള്ളിക്കാപറമ്പിൽ (ബിഷപ് എമിരിറ്റസ്, പാലാ രൂപത)

**അന്യസംസ്ഥാനങ്ങളിൽനിന്ന് തീർത്ഥാടകപ്രവാഹം**

ജൂലൈമാസത്തിൽ കർണ്ണാടക, മഹാരാഷ്ട്ര, തമിഴ്നാട് സംസ്ഥാനങ്ങളിൽ നിന്നായി നൂറുകണക്കിനു തീർത്ഥാടകർ അൽഫോൻസാമ്മയുടെ കബറിടത്തിലെത്തി പ്രാർത്ഥിച്ചു.

**ഇതരസംസ്ഥാന ക്രൈസ്തവസഹോദരങ്ങൾക്കുവേണ്ടിയുള്ള ആത്മീയ ശുശ്രൂഷ**

ഹിന്ദി സംസാരിക്കുന്ന ഇതരസംസ്ഥാനങ്ങളിൽനിന്നുള്ള സഹോദരങ്ങൾക്കുവേണ്ടി 2024 ജൂലൈ 21 ഞായറാഴ്ച 1.30 ന് പരി. കുമ്പസാരവും വി. കുർബ്ബാനയും നടത്തപ്പെട്ടു. റവ.ഫാ. ബാബു കാക്കാനിയിൽ S.V.D. നേതൃത്വം വഹിച്ചു.

**നവീകരിച്ച മദ്ബഹായുടെ കൂദാശ**

വി. അൽഫോൻസാമ്മയുടെ കബറിടദൈവാലയത്തിന്റെ നവീകരിച്ച മദ്ബഹയുടെ കൂദാശാകർമ്മം ജൂലൈ മാസം 11-ാം തീയതി ഉച്ചകഴിഞ്ഞ് 3 മണിക്ക് പാലാ രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് നിർവ്വഹിച്ചു. തദവസരത്തിൽ പാലാ രൂപത ബിഷപ് എമിരിറ്റസ് മാർ ജോസഫ് പള്ളിക്കാപറമ്പിൽ സഹകാർമ്മികനായിരുന്നു. രൂപത വികാരി ജനറാൾമാരായ മോൺ. ജോസഫ് തടത്തിൽ, മോൺ. ജോസഫ് കണിയോടിക്കൽ, മോൺ. ജോസഫ് മലേപ്പറമ്പിൽ, മോൺ. സെബാസ്റ്റ്യൻ വേത്താനത്ത് തുടങ്ങി നിരവധി വൈദികരും സന്നിഹിതരായിരുന്നു.

**ജപമാലപ്രദക്ഷിണം**

പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റിന്റെ ആഭിമുഖ്യത്തിൽ രൂപതയിലെ മാതൃവേദിയുടെ നേതൃത്വത്തിൽ ജൂലൈ 16 ന് ചൊവ്വാഴ്ച അൽഫോൻസാ തീർത്ഥാടനവും ജപമാലപ്രദക്ഷിണവും നടത്തി. രാവിലെ 9 മണിയോടെ ജപമാല പ്രാർത്ഥന ആരംഭിച്ചു. തുടർന്ന് 9.30 ന് മാതൃവേദി പാലാ രൂപത ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ അമ്മമാർക്കായി വി. കുർബ്ബാനയർപ്പിച്ചു സന്ദേശം നൽകി. അതിനുശേഷം കബറിടദൈവാലയത്തിൽനിന്ന് ഫൊറോനാപ്പള്ളിയിലേക്കു ജപമാലപ്രദക്ഷിണം നടന്നു. പാലാ രൂപതാസ്ഥാപനത്തിന്റെ 75-ാം വാർഷികം ആഘോഷിക്കുന്ന ഈയവസരത്തിൽ പ്രതീകാത്മകമായി 75 അമ്മമാർ അൽഫോൻസാമ്മയുടെ വേഷം അണിഞ്ഞുകൊണ്ട് ജപമാല പ്രദക്ഷിണത്തിൽ അണിനിരന്നു. ആയിരക്കണക്കിന് അമ്മമാർ പങ്കെടുത്ത ജപമാലപ്രദക്ഷിണം തികച്ചും ഭക്തിസാന്ദ്രമായിരുന്നു.

**അൽഫോൻസാ തിരുനാൾ : ഉദ്യോഗസ്ഥസമ്മേളനം**

വി. അൽഫോൻസാമ്മയുടെ തിരുനാളിന്റെ ക്രമീകരണങ്ങൾ സംബന്ധിച്ച് ചർച്ച ചെയ്യുവാനായി ഒരു യോഗം അൽഫോൻസാ ഷ്റൈനിൽ വച്ച് നടത്തപ്പെട്ടു. പാലാ എം.എൽ.എ. ശ്രീ മാണി സി. കാപ്പന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പാലാ R.D.O. ശ്രീമതി കെ.പി. ദീപ, D.YS.P. ശ്രീ കെ. സദൻ, പാലാ തഹസീൽദാർ ശ്രീ രഞ്ജിത് ജോർജ്ജ്, ഡെപ്യൂട്ടി തഹസീൽദാർ ശ്രീ മഞ്ജിത് ബി., S. I. ശ്രീ ബിനു വി.എൽ., ഭരണങ്ങാനം ഗ്രാമപഞ്ചായത്ത് സെക്രട്ടറി, പാലാ ഫയർഫോഴ്സ് ഓഫീസേഴ്സ്, പാലാ ജോയിന്റ് R.T.O., ഭരണങ്ങാനം പ്രൈമറി ഹെൽത്ത് സെന്റർ, K.S.R.T.C, ഭരണങ്ങാനം വില്ലേജ്, P.W.D., വാട്ടർ അതോറിറ്റി, ഫുഡ് സേഫ്റ്റി ഓഫീസർ, താലൂക്ക് സപ്ലൈ ഓഫീസ്, ലീഗൽ മെട്രോളജി തുടങ്ങിയ ഓഫീസുകളുടെ പ്രതിനിധികളും പങ്കെടുത്തു. യോഗത്തിൽ അൽഫോൻസാ ഷ്റൈൻ റെക്ടർ റവ.ഫാ. അഗസ്റ്റിൽ പാലയ്ക്കാപ്പറമ്പിൽ, ഫൊറോനപള്ളി വികാരി റവ.ഫാ. സഖറിയാസ് ആട്ടപ്പാട്ട്, തീർത്ഥാടനകേന്ദ്രം അഡ്മിനിസ്ട്രേറ്റർ റവ.ഫാ. ഗർവ്വാസിസ് ആനിത്തോട്ടത്തിൽ, വൈസ് റെക്ടർ റവ. ഫാ. ആന്റണി തോണക്കര, സ്പിരിചൽ ഡയറക്ടർ റവ.ഫാ. മാർട്ടിൻ കല്ലറയ്ക്കൽ എന്നിവർ സന്നിഹിതരായിരുന്നു.

**തിരുനാൾ**

ഭരണങ്ങാനം സെന്റ് അൽഫോൻസാ ഷ്റൈനിൽ ജൂലൈ 19 മുതൽ 28 വരെ വി. അൽഫോൻസാമ്മയുടെ തിരുനാൾ ഭക്തിപൂർവ്വം ആഘോഷിച്ചു. ജൂലൈ 19-ാം തീയതി രാവിലെ 11.15 ന് പാലാ രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് തിരുനാളിന് തുടക്കം കുറിച്ചുകൊണ്ട് കൊടി ഉയർത്തി സന്ദേശം നൽകി. തുടർന്ന്, ചങ്ങനാശ്ശേരി അതിരൂപതാദ്ധ്യക്ഷൻ ആർച്ചുബിഷപ് മാർ ജോസഫ് പെരുന്തോട്ടം ആഘോഷമായ വി. കുർബ്ബാനയർപ്പിച്ചു. തുടർന്നുള്ള തിരുനാൾ ദിവസങ്ങളിൽ എല്ലാ ദിവസവും 9 വി. കുർബ്ബാന വീതം നടത്തപ്പെട്ടു. കേരളത്തിനു പുറത്തു നിന്നു നിരവധി തീർത്ഥാടനസംഘങ്ങൾ തിരുനാൾ ദിവസങ്ങളിൽ കബറിടത്തിങ്കലെത്തി പ്രാർത്ഥിക്കുകയുണ്ടായി.

**തിരുനാൾ ദിവസങ്ങളിൽ വി. കുർബ്ബാന അർപ്പിച്ച മെത്രാന്മാർ**

19/7 മാർ ജോസഫ് പെരുന്തോട്ടം (ചങ്ങനാശ്ശേരി)
20/7 മാർ ജോസഫ് കൊല്ലംപറമ്പിൽ (ഷംഷാബാദ്)
21/7 മാർ ജോസഫ് മഠത്തിക്കണ്ടത്തിൽ (കോതമംഗലം)
22/7 റൈറ്റ് റവ. ഡോ. ജസ്റ്റിൻ മഠത്തിപ്പറമ്പിൽ (വിജയപുരം)
23/7 മാർ റെമിജിയോസ് ഇഞ്ചനാനിയിൽ (താമരശ്ശേരി)
24/7 മോറാൻ മോർ ബസേലിയൂസ് കാർഡിനൽ ക്ലിമീസ് കാതോലിക്കാ ബാവ (മേജർ ആർച്ചുബിഷപ്, സീറോ മലങ്കര)
25/7 മാർ ജോസ് പുളിക്കൽ (കാഞ്ഞിരപ്പള്ളി)
26/7 മാർ റാഫേൽ തട്ടിൽ (മേജർ ആർച്ചുബിഷപ്, സീറോ മലബാർ സഭ)
മാർ ജോസഫ് കല്ലറങ്ങാട്ട് (പാലാ രൂപത)
മാർ ജോസഫ് പള്ളിക്കാപറമ്പിൽ (ബിഷപ് എമിരിറ്റത്തൂസ്, പാലാ രൂപത)

27/7 മാർ പ്രിൻസ് പാണേങ്ങാടൻ (അദിലാബാദ്)
28/7 കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരിൽ
(മേജർ ആർച്ചുബിഷപ് എമിരിറ്റസ്, സീറോ മലബാർ സഭ)

**ജൂലൈ മാസം ജപമാല പ്രദക്ഷിണത്തിന് നേതൃത്വം നൽകിയവർ**

ജൂലൈ 6 - മുഴൂർ
ജൂലൈ 13 - അൽഫോൻസാപുരം

**ഓഗസ്റ്റ് മാസത്തിൽ ജപമാല പ്രദക്ഷിണത്തിന് നേതൃത്വം നൽകുന്നവർ**

ഓഗസ്റ്റ് 3 - പിഴക്
ഓഗസ്റ്റ് 10 - വെള്ളിയാമറ്റം
ഓഗസ്റ്റ് 17 - കാഞ്ഞിരമറ്റം
ഓഗസ്റ്റ് 24 - ചെമ്പിളാവ്
ഓഗസ്റ്റ് 31 - കാവുംകണ്ടം

**ഫാ. അഗസ്റ്റിൻ പാലയ്ക്കപ്പറമ്പിൽ** (റെക്ടർ)

# വിശ്വാസപരിശീലനകേന്ദ്രം

**കലോത്സവം 2024-25**

ഈ വർഷത്തെ രൂപതാകലോത്സവം സംബന്ധിച്ച വിശദവിവരങ്ങളടങ്ങിയ ബുള്ളറ്റിൻ (Bulletin No. 2/2024-25) Pdf രൂപത്തിൽ വികാരിയച്ചന്മാരുടെയും ഡയറക്ടർ അച്ചന്മാരുടെയും പ്രഥമാധ്യാപകരുടെയും What's App ഗ്രൂപ്പുകളിലേക്കു നൽകിയിട്ടുണ്ട്. മത്സരയിനങ്ങളും മത്സരങ്ങളെ സംബന്ധിച്ച നിബന്ധനകളും വിശദാംശങ്ങളും ഈ വാർത്താപത്രികയിൽനിന്നു വായിച്ചു മനസ്സിലാക്കാവുന്നതാണ്. ഈ വർഷത്തെ രൂപത രചനാമത്സരങ്ങൾ 2024 സെപ്റ്റംബർ 1 ഞായറാഴ്ച ഭരണങ്ങാനം മാതൃഭവനിലും കലാമത്സരങ്ങൾ 2024 ഒക്ടോബർ 12-ാം തീയതി ശനിയാഴ്ച രാവിലെ 8:45 am മുതൽ ളാലം സെന്റ് മേരീസ് പഴയ പള്ളിയിലും ളാലം സെന്റ് മേരീസ് സ്കൂളിലുമായി നടത്തപ്പെടും.

**രൂപത വിശ്വാസപരിശീലന പ്രമോട്ടേഴ്സ് ടീം സമ്മേളനം**

രൂപത വിശ്വാസപരിശീലന പ്രമോട്ടർമാരുടെ സൺഡേസ്കൂൾ സന്ദർശനത്തിനു മുന്നോടിയായി രൂപതയിലെ വിശ്വാസപരിശീലനപ്രമോട്ടേഴ്സ് ടീം അംഗങ്ങളുടെ മീറ്റിംഗ് 2024 ജൂലൈ 14-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2:30 ന് ഷലോം പാസ്റ്ററൽ സെന്ററിൽ നടത്തപ്പെട്ടു.

**CTP കോഴ്സ് 2024-25**

2024-25 വിശ്വാസപരിശീലനവർഷത്തിലെ CTP കോഴ്സിന്റെ ജൂലൈ മാസത്തിലെ ക്ലാസുകൾ 2024 ജൂലൈ പതിമൂന്നാം തീയതി ശനിയാഴ്ചയും പതിനാറാം തീയതി ചൊവ്വാഴ്ചയുമായി നടന്നു. ഫാ. തോമസ് വടക്കേൽ, ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം എന്നിവർ ക്ലാസുകൾ നയിച്ചു.

**ഓഗസ്റ്റ് മാസത്തിലെ ക്ലാസുകൾ**

ഓഗസ്റ്റ് 3 ശനിയാഴ്ച - patrology റവ. ഫാ. ജോൺ കണ്ണന്താനം
ഓഗസ്റ്റ് 10 ശനിയാഴ്ച - patrology റവ. ഫാ. ജോൺ കണ്ണന്താനം

ഓഗസ്റ്റ് 20 ചൊവ്വാഴ്ച - sacraments റവ. ഫാ. മാത്യു കുമ്പുളുങ്കൽ
ഓഗസ്റ്റ് 26 തിങ്കളാഴ്ച - sacraments റവ. ഫാ. മാത്യു കുമ്പുളുങ്കൽ
ഓഗസ്റ്റ് 28 ബുധനാഴ്ച - catechesis in the present scenario
ശ്രീ. അലക്സ് കാവുകാട്ട്

**ജീവദർശൻ കോഴ്സ് 2024-25**

രൂപതയിലെ വിശ്വാസപരിശീലകർക്കുവേണ്ടി ചെറുപുഷ്പ മിഷൻ ലീഗ് സംഘടിപ്പിക്കുന്ന തുടർപരിശീലനപദ്ധതിയായ ജീവദർശൻ കോഴ്സ് 2024 ജൂലൈ 13-ാം തീയതി ശനിയാഴ്ച ആരംഭിച്ചു.

**രൂപതാതല ടീച്ചേഴ്സ് ട്രെയിനിങ് പ്രോഗ്രാം**

പാലാ രൂപത വിശ്വാസപരിശീലനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഭരണങ്ങാനം മാതൃഭവനിൽ വച്ച് 2024 ജൂലൈ 21-ാം തീയതി ഒമ്പതാം ക്ലാസിലെ അധ്യാപകർക്കായി ടീച്ചേഴ്സ് മീറ്റും പുസ്തകപരിചയവും നടത്തി. പ്രൊഫസർ റ്റി.സി. തങ്കച്ചൻ ക്ലാസുകൾ നയിച്ചു. വിശ്വാസപരിശീലനകേന്ദ്രം ഡയറക്ടർ ഫാ. ജോർജ് വർഗീസ് ഞാറക്കുന്നേൽ നേതൃത്വം നൽകി.

**ക്വസ്റ്റ്യൻ ബോർഡ് മീറ്റിംഗ്**

2024-25 അധ്യയനവർഷത്തിലെ സ്കൂൾ മതബോധന-സന്മാർഗ പാഠ്യ പദ്ധതിയുടെ ഭാഗമായിട്ടുള്ള ക്വസ്റ്റ്യൻ ബോർഡ് മീറ്റിംഗ് 2024 ജൂലൈ 18 വ്യാഴാഴ്ച മൂന്നു മണിക്ക് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു. ഡയറക്ടർ ഫാ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, സി. ആൻസ് പൈകട എന്നിവർ നേതൃത്വം നൽകി.

**ഡയറക്ടറച്ചന്മാരുടെ മീറ്റിംഗ്**

നമ്മുടെ സൺഡേ സ്കൂളുകളിന്റെ പൊതുവായ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെട്ടതാക്കുവാൻ ഒരു ആലോചനായോഗം ഓഗസ്റ്റ് ഒന്നാം തീയതി വ്യാഴാഴ്ച ഉച്ചകഴിഞ്ഞ് 2:30 ന് അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടത്തുന്നതാണ്.

**സ്കോളർഷിപ്പ് വിതരണം**

2023-24 അധ്യയനവർഷത്തിലെ സ്കൂൾ മതബോധന-സന്മാർഗ പരി ശീലനപരീക്ഷയിൽ സമ്മാനാർഹരായവർക്ക് സ്കോളർഷിപ്പ് വിതരണം 2024 ഓഗസ്റ്റ് 15 വ്യാഴാഴ്ച ഉച്ചകഴിഞ്ഞ് രണ്ടുമണിക്ക് പാലാ അരുണാപുരം അൽഫോൻ സിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടത്തപ്പെടുന്നതാണ്.

**ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ** (ഡയറക്ടർ)

# പാലാ മിഷൻ – ഗുജറാത്ത്

**1. ദുക്റാനത്തിരുനാൾ**

A) ബറൂച്ച് സെന്റ് തോമസ് കുർബാന സെന്ററിൽ മാർത്തോമ്മാ ശ്ലീഹായുടെ ദുക്റാനത്തിരുനാൾ ഭക്ത്യാദരപൂർവ്വം ആചരിച്ചു. റവ. ഫാ. സാമുവൽ ജോർജ് മറ്റത്തിൽ തിരുനാൾ കുർബാനയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. ഇടവകവികാരി ഫാ. ജോർജ് നെല്ലിക്കൽ തിരുനാൾ ആചരണത്തിനു നേതൃത്വം നൽകി.

B) സോളാ സെന്റ് തോമസ് ഇടവകയിൽ മാർത്തോമ്മാശ്ലീഹായുടെ ദുക്റാനത്തിരുനാൾ ഭക്ത്യാദരപൂർവ്വം ആചരിച്ചു. റവ. ഫാ. ജോബി പാലയ്ക്കാത്തടത്തിൽ MST തിരുനാൾ റാസയ്ക്കു മുഖ്യകാർമ്മികത്വം വഹിച്ചു. ഇടവകവികാരി ഫാ. മാത്യു പുതിയിടത്ത് തിരുനാൾ ആചരണത്തിനു നേതൃത്വം നൽകി. റീജണിലെ മറ്റെല്ലാം ഇടവകകളിലും ദുക്റാനത്തിരുനാൾ ഭക്ത്യാദരപൂർവ്വം ആചരിക്കുകയുണ്ടായി.

**2. ഇടവകദിനം**

ബറൂച്ച് സെന്റ് തോമസ് കുർബാന സെന്ററിൽ ജൂലൈ ഏഴിന് ഇടവകദിനം ആചരിച്ചു. ഇടവകാംഗങ്ങളുടെ വിവിധ കലാപരിപാടികൾ, സ്നേഹവിരുന്ന് എന്നിവയോടുകൂടി ഏറ്റവും ഭംഗിയായി ഇടവകദിനാചരണം നടത്തപ്പെട്ടു.

**3. സൺഡേ സ്കൂൾ വാർഷികം**

സോളാ സെന്റ് തോമസ് ഇടവകയിൽ ജൂലൈ 7 ന് സൺഡേ സ്കൂൾ വാർഷികം നടത്തപ്പെട്ടു. കുട്ടികൾ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു.

**4. കൈക്കാരന്മാരുടെയും യോഗപ്രതിനിധികളുടെയും സ്ഥാനാരോഹണവും സത്യപ്രതിജ്ഞയും**

ഗുജറാത്ത് റീജണിൽ പുതുതായി തിരഞ്ഞെടുക്കപ്പെട്ട കൈക്കാരന്മാരും യോഗപ്രതിനിധികളും ദുക്റാനത്തിരുനാൾ ദിവസം സത്യപ്രതിജ്ഞ ചെയ്തു സ്ഥാനം ഏറ്റെടുത്തു.

## 5. Night vigil

അഹമ്മദാബാദ് സെന്റ് തോമസ് ഇടവകയിൽ ജൂലൈ 12 രാത്രി 8 മണി മുതൽ രാത്രി 11 മണി വരെ നൈറ്റ് വിജിൽ നടത്തപ്പെട്ടു. ഇടവകവികാരി റവ. ഫാ. മാത്യു പുതിയിടത്ത് നൈറ്റ് വിജിലിനു നേതൃത്വം നൽകി.

**6. നേതൃത്വപരിശീലനക്യാമ്പ്**

SMYM ഗുജറാത്ത് റീജണിന്റെ ആഭിമുഖ്യത്തിൽ റീജണൽ ഭാരവാഹികൾക്കായി നേതൃത്വപരിശീലനക്യാമ്പ് നടത്തപ്പെട്ടു.

**7. വി. അൽഫോൻസാമ്മയുടെ തിരുനാൾ**

A) നവരംഗ്പുര സെന്റ് അൽഫോൻസാ ഇടവകയിൽ വി. അൽഫോൻസാമ്മയുടെ തിരുനാൾ ഭക്ത്യാദരപൂവ്വം ആചരിച്ചു. ഇടവകവികാരി റവ. ഫാ. മാത്യു പാലയ്ക്കാട്ടുകുന്നേൽ തിരുനാൾ തിരുക്കർമ്മങ്ങൾക്കു നേതൃത്വം നല്കി.

B) റീജണിലെ സോളാ, മണിനഗർ, ബാറുച്ച്, അങ്കലേശ്വർ, സൂറ്റ്, മനേജാ, വഡോദര തുടങ്ങിയ ഇടവകകളിലും വി. അൽഫോൻസാമ്മയുടെ തിരുനാൾ ഭക്ത്യാദരപൂവ്വം ആചരിച്ചു.

## 8. Parents Meeting

അഹമ്മദാബാദ് സെന്റ് തോമസ് ഇടവകയിൽ വിശ്വാസപരിശീലനത്തിലേർപ്പെടുന്ന കുട്ടികളുടെ മാതാപിതാക്കളുടെ ഒരു സമ്മേളനം വിളിച്ചു ചേർക്കപ്പെട്ടു. പ്രസ്തുത സമ്മേളനത്തിൽ ഇടവകവികാരി റവ. ഫാ. മാത്യു പുതിയിടത്ത് മാതാപിതാക്കൾക്ക് ക്ലാസുകൾ എടുത്തു.

**9. ഏകദിനസെമിനാർ**

ഗുജറാത്ത് റീജണിലെ ബറോഡാ, സിൽവാസ സോണുകളിലെ വിശ്വാസ പരിശീലകർക്കായി ജൂൺ 16 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് ഏകദിന സെമിനാർ നടത്തപ്പെട്ടു. പ്രസ്തുത റീജണുകളിലെ എല്ലാ ഇടവകകളിൽനിന്നുമുള്ള ഭൂരിഭാഗം മതബോധനാധ്യാപകരും സെമിനാറിൽ സംബന്ധിച്ചു.

**10. പ്രവേശനോത്സവം**

ജൂൺ 16 ഞായറാഴ്ച റീജണിലെ എല്ലാ ഇടവകകളിലും കുർബാന സെന്ററുകളിലും സൺഡേ സ്കൂൾ പ്രവേശനോത്സവം നടത്തി.

**ഫാ. ജോർജ് നെല്ലിക്കൽ** (റീജണൽ സെക്രട്ടറി)

# മിഷൻലീഗ് വാർത്തകൾ

**രൂപതാവാർത്തകൾ**

**സെക്രട്ടറിയേറ്റ് യോഗം**

ചെറുപുഷ്പ മിഷൻലീഗ് പാലാ രൂപതയുടെ ജൂലൈ മാസത്തെ സെക്രട്ടറിയേറ്റ് യോഗം ജൂലൈ ആറാം തീയതി ശനിയാഴ്ച വൈകുന്നേരം 5:00 ന് പാലാ ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് നടന്നു. ജൂലൈമാസത്തിലെ എക്സിക്യൂട്ടീവിൽ ചർച്ച ചെയ്യേണ്ട അജണ്ടകൾ യോഗത്തിൽ തീരുമാനമായി.

**എക്സിക്യൂട്ടീവ്**

ചെറുപുഷ്പ മിഷൻലീഗ് പാലാ രൂപതയുടെ ജൂലൈ മാസത്തെ എക്സിക്യൂട്ടീവ് യോഗം ജൂലൈ ഏഴാം തീയതി വൈകുന്നേരം 4:30 ന് ഭരണങ്ങാനം മാതൃഭവനിൽ വച്ചു നടന്നു. മിഷൻലീഗ് രൂപത പ്രസിഡന്റ് ഡോ. ജോബിൻ റ്റി. ജോണി യോഗത്തിൽ അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി ടോം ജോസ് ഒട്ടലാങ്കൽ റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. മിഷൻലീഗ് രൂപത ഡയറക്ടർ റവ.ഫാ. ജോർജ് വർഗീസ് ഞാറക്കുന്നേൽ ജൂൺ മാസത്തെ പ്രവർത്തനങ്ങളെ വിലയിരുത്തുകയും ജൂലൈ മാസത്തിൽ നടത്തേണ്ട പ്രവർത്തനങ്ങളെക്കുറിച്ച് യോഗത്തിൽ വിശദീകരിക്കുകയും ചെയ്തു.

**നാൾവഴി ഓഡിറ്റ്**

ശാഖകൾ ഓഡിറ്റിങ്ങിനായി രൂപതാകേന്ദ്രത്തിൽ നൽകിയിരുന്ന 2023-2024 പ്രവർത്തനവർഷത്തിലെ നാൾവഴികളുടെ ഓഡിറ്റിങ്ങ് പൂർത്തിയായി. നാൾവഴി ഓഡിറ്റിങ്ങിനായി രൂപതാകേന്ദ്രത്തിൽ നൽകിയിരുന്ന ശാഖകൾക്ക് ഓഡിറ്റ് ഫീസ് നൽകി അവ തിരികെ വാങ്ങാവുന്നതാണ്. ഇതുവരെയും ഓഡിറ്റിങ്ങിനായി നാൾവഴി സമർപ്പിക്കാത്തവർ ഉടൻതന്നെ നൽകാൻ ശ്രദ്ധിക്കണം.

**കുഞ്ഞേട്ടൻ അനുസ്മരണം**

മിഷൻലീഗ് സ്ഥാപകനേതാവ് ശ്രീ പി.സി. അബ്രഹാം പല്ലാട്ടുകുന്നേലിന്റെ (കുഞ്ഞേട്ടൻ) ചരമവാർഷികത്തോടനുബന്ധിച്ച് സംസ്ഥാന-രൂപതാസമിതികളുടെ സംയുക്താഭിമുഖ്യത്തിൽ കുഞ്ഞേട്ടൻ അനുസ്മരണം 2024 ഓഗസ്റ്റ് പത്താം തീയതി ചെമ്മലമറ്റം ശാഖയിൽ വച്ച് നടത്തുന്നു.

**ക്ലാസ്സ് നയിച്ചു**

ചെറുപുഷ്പ മിഷൻലീഗ് പാലാ രൂപത എക്സിക്യൂട്ടീവ് സമിതിയിലെ അംഗങ്ങൾ ജൂലൈ മാസത്തിൽ വിവിധ മേഖലകളിലും ശാഖകളിലും ക്ലാസ് നയിച്ചു. ജൂലൈ മൂന്നാം തീയതി പൂഞ്ഞാർ ശാഖയിൽ വച്ച് നടന്ന പ്രവർത്തനവർഷ ഉദ്ഘാടനത്തോടനുബന്ധിച്ച് മിഷൻലീഗ് രൂപത എക്സിക്യൂട്ടീവ് അംഗവും ദേശീയ റീജിയണൽ ഓർഗനൈസറുമായ ശ്രീ ബെന്നി മുത്തനാട്ട് ക്ലാസ് നയിച്ചു. ജൂലൈ 3 ബുധനാഴ്ച ഏന്തയാർ ശാഖയിൽ വച്ചു നടന്ന ശാഖാതല പ്രവർത്തന വർഷ ഉദ്ഘാടനത്തോടനുബന്ധിച്ച് മിഷൻ ലീഗ് പാലാ രൂപത എക്സിക്യൂട്ടീവ് അംഗവും മിഷൻലീഗ് കോട്ടയം റീജിയണൽ ഓർഗനൈസറുമായ ശ്രീ ജസ്റ്റിൻ വയലിൽ പങ്കെടുക്കുകയും മിഷൻലീഗ് അംഗങ്ങൾക്കായി ക്ലാസ്സ് നയിക്കുകയും ചെയ്തു. ജൂലൈ മൂന്നാം തീയതി പാദുവ ശാഖയിലും ജൂലൈ ഏഴാം തീയതി വാലാച്ചിറ ശാഖയിലും നടന്ന പ്രവർത്തനവർഷ ഉദ്ഘാടനത്തിൽ മിഷൻലീഗ് രൂപത വൈസ് ഡയറക്ടർ സി. ഡോ. മോനിക്ക എസ്.എച്ച്. പങ്കെടുക്കുകയും ക്ലാസ് നയിക്കുകയും ചെയ്തു. ജൂലൈമാസം പതിന്നാലാം തീയതി നടന്ന കോതനല്ലൂർ മേഖലയുടെ പ്രവർത്തനവർഷ ഉദ്ഘാടനത്തിൽ മിഷൻലീഗ് സംസ്ഥാനപ്രതിനിധിയും രൂപത എക്സിക്യൂട്ടീവ് അംഗവുമായ ശ്രീ ജോബി അലക്സ് ആലയ്ക്കാപ്പറമ്പിൽ പങ്കെടുക്കുകയും മിഷൻലീഗ് അംഗങ്ങൾക്കായി ക്ലാസ് നയിക്കുകയും ചെയ്തു.

**കുഞ്ഞേട്ടൻ പുരസ്കാരം**

ചെറുപുഷ്പ മിഷൻലീഗ് കേരള സംസ്ഥാനസമിതി ഏർപ്പെടുത്തിയ കുഞ്ഞേട്ടൻ പുരസ്കാരത്തിനുള്ള പാലാ രൂപതയുടെ നാമനിർദേശം നൽകി. പിഴക് ഇടവകാംഗമായ ശ്രീ ജോസഫ് അഗസ്റ്റിൻ കരിക്കുന്നേലിന്റെ പേരാണ് പുരസ്കാരത്തിനായി നാമനിർദേശം ചെയ്തത്.

**റവ. ഫാ. ജോസഫ് മാലിപ്പറമ്പിൽ പുരസ്കാരം**

ചെറുപുഷ്പ മിഷൻലീഗ് കേരള സംസ്ഥാനസമിതി ഏർപ്പെടുത്തിയ റവ.ഫാ. ജോസഫ് മാലിപ്പറമ്പിൽ പുരസ്കാരത്തിനുള്ള പാലാ രൂപതയുടെ നാമനിർദ്ദേശം നൽകി. പ്രവിത്താനം ഇടവകാംഗമായ റവ.ഫാ. മാത്യു കുഴിഞ്ഞാലിലിന്റെ പേരാണ് പുരസ്കാരത്തിനായി നാമനിർദ്ദേശം ചെയ്തത്.

**മേഖലാവാർത്തകൾ**

**അരുവിത്തുറ മേഖല**

**എക്സിക്യൂട്ടീവ് മീറ്റിംഗും മേഖലാവാർഷികവും**

ചെറുപുഷ്പ മിഷൻലീഗ് അരുവിത്തുറ മേഖലയുടെ എക്സിക്യൂട്ടീവ് മീറ്റിംഗും മേഖലാവാർഷികവും ജൂൺ 9 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3:15 ന് അരുവിത്തുറ പള്ളിയിൽ നടത്തി. പ്രസിഡന്റ് ഡോ. ടോം ജോസ് ഒട്ടലാങ്കൽ അധ്യക്ഷത വഹിച്ച യോഗത്തിൽ പുതിയതായി ചാർജ് എടുത്ത ഡയറക്ടർ റവ.ഫാ. ജോസഫ് കദളിയിൽ, വൈസ്-ഡയറക്ടർ സി. റാണിറ്റ് തേക്കുംകാട്ടിൽ SABS എന്നിവർ സംസാരിച്ചു. കഴിഞ്ഞ വർഷത്തെ പ്രവർത്തനങ്ങളെപ്പറ്റി സെക്രട്ടറി ജസ്റ്റിൻ ജോസ്

സ്രാമ്പിക്കൽ വിശദീകരിച്ചു. തുടർന്ന്, ഈ വർഷം നടപ്പിലാക്കേണ്ട പ്രവർത്തന ങ്ങളെപ്പറ്റി ചർച്ച നടന്നു.

**പ്രവർത്തനവർഷ ഉദ്ഘാടനവും മാനേജിംഗ് കമ്മിറ്റിയും**

ചെറുപുഷ്പ മിഷൻലീഗ് അരുവിത്തുറ മേഖലയുടെ 2024-2025 പ്രവർത്തനവർഷ ഉദ്ഘാടനവും മാനേജിംഗ് കമ്മിറ്റി യോഗവും ജൂൺ 30 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3:00 മണിക്ക് നടത്തപ്പെട്ടു. പ്രസിഡന്റ് ഡോ. ടോം ജോസ് ഒട്ടലാങ്കൽ അധ്യക്ഷത വഹിച്ച യോഗത്തിൽ അരുവിത്തുറ ഫൊറോന പള്ളി വികാരിയും മിഷൻലീഗ് മേഖലാ രക്ഷാധികാരിയുമായ റവ.ഫാ. സെബാസ്റ്റ്യൻ വെട്ടുകല്ലേൽ ഉദ്ഘാടനം നടത്തി സംസാരിച്ചു. സമ്മേളനത്തിൽ അരുവിത്തുറ മേഖലാ ഡയറക്ടർ റവ.ഫാ. ജോസഫ് കദളിയിൽ ആമുഖപ്രഭാഷണം നടത്തി. ചെറുപുഷ്പ മിഷൻലീഗ് അരുവിത്തുറ മേഖല വൈസ്-ഡയറക്ടർ സി. റാണിറ്റ് തേക്കുംകാട്ടിൽ SABS, മിഷൻലീഗ് പാലാ രൂപത പ്രസിഡന്റ് ഡോ. ജോബിൻ റ്റി. ജോണി തട്ടാംപറമ്പിൽ, അരുവിത്തുറ മേഖല ജനറൽ ഓർഗനൈസർ ജോണി മുണ്ടമറ്റം, മേഖല ജനറൽ സെക്രട്ടറി ജസ്റ്റിൻ ജോസ് സ്രാമ്പിക്കൽ എന്നിവർ പ്രസംഗിച്ചു. തുടർന്ന് നടന്ന മാനേജിംഗ് കമ്മിറ്റി യോഗത്തിൽ ചെറുപുഷ്പ മിഷൻലീഗ് ദേശീയസമിതിയംഗം ശ്രീ ബെന്നി മുത്തനാട്ട് ക്ലാസ് എടുത്തു. പ്രവർത്തനവർഷ ഉദ്ഘാടനത്തിലും മാനേജിംഗ് കമ്മിറ്റി മീറ്റിങ്ങിലും അരുവിത്തുറ മേഖലയിലെ വിവിധ ശാഖകളിലെ ഭാരവാഹികൾ പങ്കെടുത്തു.

**മികച്ച ശാഖ തിരഞ്ഞെടുപ്പ്**

അരുവിത്തുറ മേഖലയിലെ 2023-24 പ്രവർത്തനവർഷ റിപ്പോർട്ട് സമർപ്പിച്ച ശാഖകളിൽനിന്ന് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും തുടർന്നുണ്ടായ ശാഖാ സന്ദർശനത്തിലൂടെയും മികച്ച ശാഖകളെ കണ്ടെത്തി.

ആദ്യ മൂന്നുസ്ഥാനത്ത് എത്തിയ ശാഖകൾ

1. തിടനാട് 2. അരുവിത്തുറ 3. വാരിയാനിക്കാട്

**ഇലഞ്ഞി മേഖല**

**പ്രവർത്തനവർഷ ഉദ്ഘാടനം**

ചെറുപുഷ്പ മിഷൻലീഗ് ഇലഞ്ഞി മേഖലയുടെ 2024-25 പ്രവർത്തനവർഷത്തിന്റെ ഉദ്ഘാടനം ജൂൺ 7-ന് ഇലഞ്ഞി ഫൊറോന പള്ളിയിൽ വച്ച് നടത്തപ്പെട്ടു. 1:45 pm ന് റാലിയോടെ നടത്തപ്പെട്ട പ്രോഗ്രാമിന്റെ ഉദ്ഘാടനം രൂപത ഡയറക്ടർ റവ.ഫാ. ജോർജ് വർഗീസ് ഞാറക്കുന്നേൽ നിർവ്വഹിച്ചു. മേഖല പ്രസിഡന്റ് ജോർജിൻ ജോയ് അധ്യക്ഷത വഹിച്ചു. യോഗത്തിൽ മേഖലാരക്ഷാധികാരി റവ. ഫാ. ജോസഫ് ഇടത്തുംപറമ്പിൽ മേഖല ഡയറക്ടർ റവ. ഫാ. ജോസഫ് ആലാനി എന്നിവർ പ്രസംഗിച്ചു. യോഗത്തിൽ മേഖലയുടെ 2024-25 വർഷത്തെ പ്രവർത്തനമാർഗ്ഗരേഖ രൂപത ഡയറക്ടർ റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ മിഷൻലീഗ് ഇലഞ്ഞി യൂണിറ്റ് പ്രസിഡന്റ് ശ്രീ ജേക്കബ് സിറിയക്കിന് നൽകി പ്രകാശനം ചെയ്തു. പാലാ രൂപതയുടെ പ്രതിഭാസംഗമത്തിൽ മൂന്നാം സ്ഥാനം നേടിയ എവിൻ ജോസ് പാട്ടത്തിലിനെ രൂപത ഡയറക്ടർ ഉപഹാരം നൽകി ആദരിച്ചു.

സമ്മേളനത്തിനുശേഷം ബ്ര. ജോൺ കദ്രുകുടിയിൽ (പാലക്കാട് രൂപത) കുഞ്ഞുമിഷനറിമാർക്കായി ദൈവവിളി ക്യാമ്പ് നയിച്ചു. രൂപത മിഷൻലീഗ് ഡയറക്ടർ റവ.ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ അധ്യാപകർക്കായി ക്ലാസുകൾ എടുത്തു. മേഖലയിൽ 25 വർഷമായി വിശ്വാസപരിശീലകരായി സേവനമനുഷ്ഠിക്കുന്ന അധ്യാപകരെ മേഖലാരക്ഷാധികാരി റവ. ഫാ. ജോസഫ് ഇടത്തുംപറമ്പിൽ മെമെന്റോ നൽകി ആദരിച്ചു.

**ഭരണങ്ങാനം മേഖല**

**പ്രവർത്തനവർഷ ഉദ്ഘാടനവും മാനേജിംഗ് കമ്മിറ്റിയും**

ഭരണങ്ങാനം മേഖലയുടെ 2024-25 പ്രവർത്തനവർഷ ഉദ്ഘാടനവും മാനേ ജിംഗ് കമ്മിറ്റിയും ജൂലൈ 21 ന് ഉച്ചകഴിഞ്ഞ് 2 മണിക്ക് ഭരണങ്ങാനം ഫൊറോന പള്ളിയങ്കണത്തിൽ വച്ച് നടത്തപ്പെട്ടു. രൂപതാ പ്രസിഡന്റ് ശ്രീ ജോബിൻ റ്റി. ജോണി മുഖ്യാതിഥിയായിരുന്ന സമ്മേളനത്തിൽ മേഖലയിലെ വിവിധ ശാഖക ളിൽനിന്നുള്ള പ്രതിനിധികൾ പങ്കെടുത്തു.

**ബെസ്റ്റ് ശാഖകൾ**

2023-24 പ്രവർത്തന വർഷത്തെ ബെസ്റ്റ് ശാഖകളായി പ്ലാശനാൽ, കിഴപറയാർ, ചൂണ്ടച്ചേരി എന്നിവർ തിരഞ്ഞെടുക്കപ്പെട്ടു.

**പൂഞ്ഞാർ മേഖല**

**എക്സിക്യൂട്ടീവ് യോഗം**

ചെറുപുഷ്പ മിഷൻലീഗ് പൂഞ്ഞാർ മേഖലയുടെ 2024-2025 പ്രവർത്തന വർഷത്തെ പ്രഥമ എക്സിക്യൂട്ടീവ് യോഗം ജൂലൈ ഏഴാം തീയതി ഞായറാഴ്ച പൂഞ്ഞാർ ഫൊറോനാദേവാലയത്തിൽവച്ചു നടന്നു. ജൂലൈ മാസം പതിന്നാലാം തീയതി മേഖലാതല പ്രവർത്തനവർഷ ഉദ്ഘാടനം നടത്തുവാൻ യോഗത്തിൽ തീരുമാനമെടുത്തു. മേഖലാതല രചന-കലാമത്സരങ്ങൾ നടത്തുന്നതിനുള്ള സ്റ്റിയറിങ് കമ്മിറ്റിയെ ജൂലൈ മാസം പതിന്നാലാം തീയതി തിരഞ്ഞെടുക്കുവാനും യോഗത്തിൽ തീരുമാനമായി.

**പ്രവർത്തനവർഷ ഉദ്ഘാടനം**

ചെറുപുഷ്പ മിഷൻലീഗ് പൂഞ്ഞാർ മേഖലയുടെ 2024-2025 പ്രവർത്തനവർഷ ഉദ്ഘാടനം ജൂലൈ മാസം പതിന്നാലാം തീയതി ഉച്ചകഴിഞ്ഞ് രണ്ടുമണിക്ക് പൂഞ്ഞാർ ഫൊറോന ദൈവാലയത്തിൽ വച്ച് നടന്നു. മിഷൻലീഗ് മേഖലാ രക്ഷാധികാരിയും ഫൊറോനാവികാരിയുമായ റവ. ഫാ. തോമസ് പനയ്ക്കക്കുഴി സമ്മേളനം ഉദ്ഘാടനം ചെയ്തു.

**കൂട്ടിക്കൽ മേഖല**

**ശാഖകളിലെ പ്രവർത്തനവർഷ ഉദ്ഘാടനം**

കൂട്ടിക്കൽ മേഖലയുടെ കീഴിലുള്ള ഏന്തയാർ ശാഖയുടെ പ്രവർത്തനവർഷ ഉദ്ഘാടനം ജൂലൈ മാസം മൂന്നാം തീയതി ശാഖാരക്ഷാധികാരി റവ. ഫാ. ജോർജ് ചൊള്ളനാൽ നടത്തി.

**മേഖല പ്രവർത്തനങ്ങൾ**

**അൾത്താരബാലസംഗമം**

കൂട്ടിക്കൽ മേഖലയുടെയും ഏന്തയാർ ശാഖയുടെയും സംയുക്താഭിമുഖ്യത്തിൽ ജൂലൈ 21-ാം തീയതി മേഖലയിലുള്ള എല്ലാ ശാഖകളിലെയും അൽത്താരബാലന്മാരെ ഒന്നുചേർത്ത് അൾത്താരബാലസംഗമം നടക്കുന്നു. ഗുഡ് ഷേപ്പേർഡ് മൈനർ സെമിനാരിയിലെ പ്രൊഫസറായ ഫാ. ജോസഫ് അരിമറ്റത്തിലാണ് മുഖ്യഥിതി.

**കടുത്തുരുത്തി മേഖല**
**പ്രവർത്തനവർഷ ഉദ്ഘാടനം**

ചെറുപുഷ്പ മിഷൻലീഗ് കടുത്തുരുത്തി മേഖല പ്രവർത്തനവർഷ ഉദ്ഘാടനവും സെമിനാറും അറുനൂറ്റിമംഗലം സെന്റ് തോമസ് മലകയറ്റപ്പള്ളിയിൽ വച്ച് നടത്തപ്പെട്ടു. പ്രവർത്തനവർഷ ഉദ്ഘാടനം കടുത്തുരുത്തി ഫൊറാന വികാരി റവ. ഫാ. മാത്യു ചന്ദ്രൻകുന്നേൽ നിർവ്വഹിച്ചു. സമ്മേളനത്തിൽ റവ.ഫാ. അഗസ്റ്റിൻ വരിയ്ക്കമാക്കിൽ അദ്ധ്യക്ഷത വഹിച്ചു. മേഖല ഡയറക്ടർ റവ.ഫാ. മാത്യു തയ്യിൽ ആശംസാപ്രസംഗം നടത്തി. റവ.ഡോ. തോമസ് വടക്കേൽ ക്ലാസിനു നേതൃത്വം നൽകി. ശ്രീ ജോജി ബാബു മമ്പള്ളിൽ, വർഗീസ് വേഴപ്പറമ്പിൽ, സി. കരുണ SABS, അബി ജെയിംസ് വരിയ്ക്കൽ, ജോർജ്ജ് വാരപ്പടവിൽ, അബിഷ് വടകരക്കാലായിൽ, കരോൾ വർഗീസ് എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**തീക്കോയി മേഖല**

**മാനേജിങ്ങ് കമ്മറ്റി**

തീക്കോയി മേഖലയുടെ മാനേജിംഗ് കമ്മിറ്റി ജൂലൈ 21 ഞായറാഴ്ച 2.30 ന് നടത്തുവാൻ തീരുമാനിച്ചു. മേഖല കലോത്സവം യോഗത്തിലെ പ്രധാന അജണ്ടയാണ്.

**അംഗത്വസ്വീകരണവും നവീകരണവും**

ജൂലൈ 14-ാം തീയതി എല്ലാ ശാഖകളിലും അംഗത്വസ്വീകരണവും നവീകരണവും നടത്തി.

**രാമപുരം മേഖല**
**എക്സിക്യൂട്ടീവും ഹെഡ്മാസ്റ്റേഴ്സ് മീറ്റിങ്ങും**

ചെറുപുഷ്പ മിഷൻലീഗ് രാമപുരം മേഖലയുടെ ആഭിമുഖ്യത്തിൽ മേഖല എക്സിക്യൂട്ടീവ് മീറ്റിങ്ങും പ്രഥമാധ്യാപകരുടെ സമ്മേളനവും ജൂൺ മാസം 17-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് സി.എം.എൽ. രാമപുരം മേഖല ഓഫീസിൽ വച്ചു നടത്തപ്പെട്ടു.

**എയ്ഞ്ചൽസ് മീറ്റ്**

ചെറുപുഷ്പ മിഷൻ ലീഗ് രാമപുരം മേഖലയുടെ ആഭിമുഖ്യത്തിൽ, ഈ വർഷം ആദ്യകുർബാന സ്വീകരിച്ച കുട്ടികളുടെ ഏയ്ഞ്ചൽസ് മീറ്റ് ജൂലൈ 14 ഞായറാഴ്ച രാമപുരം സെന്റ് അഗസ്റ്റിൻ ഫൊറോന പള്ളിയിൽ വച്ച് നടത്തപ്പെട്ടു.

പാലാ രൂപത വിശ്വാസപരിശീലനകേന്ദ്രം ഡയറക്ടർ റവ. ഡോ. ജോർജ്ജ് വർഗ്ഗീസ് ഞാറക്കുന്നേൽ ഉദ്ഘാടനം ചെയ്തു.മേഖലയിലെ പതിനൊന്നു സൺഡേ സ്കൂളുകളിൽനിന്നും കുട്ടികൾ പങ്കെടുത്തു.

**പ്രവർത്തനവർഷ ഉദ്ഘാടനം**

ചെറുപുഷ്പ മിഷൻലീഗ് രാമപുരം മേഖലയുടെ 2024 –2025 പ്രവർത്തനവർഷ ഉദ്ഘാടനം ജൂലൈ 14 ഞായറാഴ്ച രാവിലെ 11 മണിക്ക് രാമപുരം സെന്റ് അഗസ്റ്റിൻ ഫൊറോന പള്ളിയിൽ വച്ച് നടത്തപ്പെട്ടു. പാലാ രൂപത വിശ്വാസ പരിശീലനകേന്ദ്രം ഡയറക്ടർ റവ. ഡോ. ജോർജ്ജ് വർഗ്ഗീസ് ഞാറക്കുന്നേൽ യോഗം ഉദ്ഘാടനം ചെയ്തു. മേഖലാ രക്ഷാധികാരി റവ. ഫാ. ബർക്കുമാൻസ് കുന്നുംപുറം, സി.എം.എൽ. രാമപുരം മേഖല ഡയറക്ടർ റവ. ഫാ. ജൊവാനി കുറുവാച്ചിറ, റവ. ഫാ. തോമസ് വെട്ടുകാട്ടിൽ, സി.എം.എൽ. രാമപുരം മേഖല പ്രസിഡന്റ് റോബിൻ താന്നിമല, ജന. സെക്രട്ടറി ഐവാൻ തെങ്ങുംപള്ളിൽ, സി.എം.എൽ അന്തർദേശീയ സെക്രട്ടറി ബിനോയി പള്ളിപ്പറമ്പിൽ എന്നിവർ പ്രസംഗിച്ചു.

**കടനാട് മേഖല**

ചെറുപുഷ്പ മിഷൻലീഗ് കടനാട് മേഖലയുടെ 2024–2025 പ്രവർത്തനവർഷ ഉദ്ഘാടനവും മനേജിങ് കമ്മറ്റിയും ജൂലൈ 14 ഞായറാഴ്ച രണ്ടു മണിക്ക് കടനാട് സെന്റ് അഗസ്റ്റിൻ ചർച്ച് ഹാളിൽ നടത്തപ്പെട്ടു. മേഖല പ്രസിഡൻഡ് ജിതിൻ മാത്യു പുളിക്കൽ അധ്യക്ഷത വഹിച്ച യോഗം കടനാട് ഫൊറോന വികാരി വെരി റവ.ഫാ. അഗസ്റ്റിൻ അരഞ്ഞാണിപുത്തൻപുരയ്ക്കൽ ഉദ്ഘാടനം ചെയ്തു. മേഖലാ ഡയറക്ടർ റവ. ഫാ. ഐസക്ക് പെരിങ്ങാമലയിൽ മുഖ്യപ്രഭാഷണം നടത്തി. മേഖല ജോയിന്റ് ഡയറക്ടർ സി. മെർലിറ്റ് ഓരത്തേൽ എസ്.എ.ബി.എസ്, സെക്രട്ടറി ജോബി തോമസ് വല്ലനാട്ട്, സോനു തോമസ് വട്ടോത്ത്, രാജേഷ് മാത്യു കൊരട്ടിയിൽ തുടങ്ങിയവർ സംസാരിച്ചു. വിവിധ ശാഖകളെ പ്രതിനിധീകരിച്ച് 52 ഭാരവാഹികൾ സമ്മേളനത്തിൽ പങ്കെടുത്തു.

**പ്രഥമാധ്യാപക സംഗമം '24**

കടനാട് ഫൊറോനയിലെ 8 ഇടവകകളിലെയും സൺഡേ സ്കൂൾ ഹെഡ് മാസ്റ്റർമാരുടെ സംഗമം ജൂലൈ 14 ഞായറാഴ്ച മൂന്നു മണിക്ക് കടനാട് വച്ച് നടത്തപ്പെട്ടു. ഈ വർഷത്തെ വിശ്വാസപരിശീലനകലോത്സവവുമായി ബന്ധപ്പെട്ട തീയതികൾ തീരുമാനിക്കുകയും വിവിധ ശാഖകളിൽ നടത്തുവാൻ ഉദ്ദേശിക്കുന്ന വ്യത്യസ്ത കർമ്മപരിപാടികളെപ്പറ്റി ചർച്ചചെയ്യുകയും ചെയ്തു. ഫൊറോന വികാരി റവ. ഫാ. അഗസ്റ്റിൻ അരഞ്ഞാണി പുത്തൻപുര അധ്യക്ഷത വഹിച്ച സമ്മേളനം മേഖല ഡയറക്ടർ റവ. ഫാ. ഐസക് പെരിങ്ങാമലയിൽ ഉദ്ഘാടനം ചെയ്തു.

**ചേർപ്പുങ്കൽ മേഖല**

**ജൂലൈമാസ റിപ്പോർട്ട്**

**എക്സിക്യൂട്ടീവ് മീറ്റിംഗ്**

ജൂലൈമാസം രണ്ടു എക്സിക്യൂട്ടീവ് മീറ്റിംഗുകൾ നടന്നു. ജൂലൈ 17–ന് പ്രസിഡന്റ് റോയ് വർഗീസിന്റെ അധ്യക്ഷതയിൽ മേഖല ഡയറക്ടർ അജിത്

പരിയാരത്തിന്റെ സാന്നിധ്യത്തിൽ നടന്ന എക്സിക്യൂട്ടീവ് മീറ്റിംഗിൽ ഓഗസ്റ്റ് 4 ന് നടത്താൻ നിശ്ചയിച്ചിരിക്കുന്ന രചനാമത്സരങ്ങളെ സംബന്ധിച്ച കാര്യങ്ങൾ ചർച്ചചെയ്തു. 17 ന് വൈകുന്നേരം ഓൺലൈനായി അടിയന്തര എക്സിക്യൂട്ടീവ് കൂടി ഭവനനിർമ്മാണം, വിദ്യാഭ്യാസധനസഹായം എന്നിവയ്ക്കായി പണം സമ്പാദിക്കാൻ സെപ്റ്റംബർ 20 ന്, കെ.പി.എസ്.സി യുടെ ബാനറിൽ ഒരു നാടകം നടത്താൻ തീരുമാനിച്ചു.

**സ്റ്റിയറിങ് കമ്മിറ്റി**

ജൂലൈ 11 ന് കലോത്സവം സംബന്ധിച്ച കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനായി സ്റ്റിയറിങ് കമ്മിറ്റി ചേരുകയും തീരുമാനങ്ങൾ എടുക്കുകയും ചെയ്തു

**ഓഗസ്റ്റ് മാസത്തെ കർമ്മപരിപാടികൾ**

**അധ്യാപകസംഗമം**

മേഖലയിലെ സൺഡേ സ്കൂൾ അധ്യാപകസംഗമം ഓഗസ്റ്റ് പതിനൊന്നാം തീയതി പാദുവ സെന്റ് ആന്റണീസ് ദൈവാലയത്തിൽ വച്ചു നടത്തപ്പെടുന്നു.

**കോതനല്ലൂർ മേഖല**

**പ്രവർത്തനവർഷ ഉദ്ഘാടനം**

ചെറുപുഷ്പമിഷൻ ലീഗ് 2024-2025 പ്രവർത്തനവർഷത്തിന്റെ ഉദ്ഘാടനം കോതനല്ലൂർ സെന്റ് ഗർവാസിസ് & പ്രോത്താസിസ് ഫൊറോന ദൈവാലയത്തിൽ വച്ച് ജൂലൈ മാസം പതിന്നാലാം തീയതി ഞായറാഴ്ച നടന്നു.

**മാർഗരേഖപ്രകാശനം**

ചെറുപുഷ്പ മിഷൻലീഗ് കോതനല്ലൂർ മേഖലയുടെ 2024-2025 പ്രവർത്തനവർഷ മാർഗ്ഗരേഖ പ്രകാശനം ജൂലൈ മാസം പതിന്നാലാം തീയതി സെന്റ് ഗർവാസിസ് & പ്രോത്താസിസ് ഫൊറോന ദൈവാലയത്തിൽ വച്ച് നടന്നു. മേഖല ഡയറക്ടർ റവ.ഫാ. തോമസ് മാമലശ്ശേരിൽ മേഖലാ പ്രസിഡന്റ് റോയ് തോമസ് മലയിലിന് നൽകി മാർഗരേഖ പ്രകാശനം ചെയ്തു.

**മേഖല കൗൺസിൽ**

ചെറുപുഷ്പമിഷൻ ലീഗ് കോതനല്ലൂർ മേഖലയുടെ 2024-2025 പ്രവർത്തന വർഷത്തെ പ്രഥമ കൗൺസിൽ സമ്മേളനം കോതനല്ലൂർ സെന്റ് ഗർവാസിസ് & പ്രോത്താസിസ് ഫൊറോന ദൈവാലയത്തിൽ വച്ച് ജൂലൈ മാസം പതിന്നാലാം തീയതി ഞായറാഴ്ച നടന്നു. മിഷൻലീഗ് സംസ്ഥാന പ്രതിനിധിയും രൂപത എക്സിക്യൂട്ടീവ് അംഗവുമായ ശ്രീ ജോബി അലക്സ് ആലയ്ക്കാപ്പറമ്പിൽ മിഷൻലീഗ് അംഗങ്ങൾക്കായി ക്ലാസ് നയിച്ചു. മേഖലയിലെ എല്ലാ ശാഖകളിൽ നിന്നുമുള്ള 10,12 ക്ലാസുകളിലെ മികച്ച വിദ്യാർഥികളെ കൗൺസിലിൽ ആദരിച്ചു.

**എക്സിക്യൂട്ടീവ് യോഗം**

ചെറുപുഷ്പ മിഷൻലീഗ് കോതനല്ലൂർ മേഖലയുടെ 2024-2025 പ്രവർത്തന വർഷത്തെ പ്രഥമ എക്സിക്യൂട്ടീവ് യോഗം ജൂലൈമാസം ഏഴാം തീയതി ഞായറാഴ്ച കോതനല്ലൂർ സെന്റ് ഗർവാസിസ് & പ്രോത്താസിസ് ഫൊറോന ദൈവാലയത്തിൽ വച്ചു നടന്നു. മേഖല പ്രസിഡന്റ് ശ്രീ റോയി തോമസ് മലയിൽ യോഗത്തിൽ അധ്യക്ഷത വഹിച്ചു. സംസ്ഥാന - രൂപതാസമിതികളുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കപ്പെടുന്ന കുഞ്ഞേട്ടൻ അനുസ്മരണത്തിൽ ഓരോ ശാഖയിൽ

നിന്നും കുറഞ്ഞത് പത്തുപേർ വീതം പങ്കെടുക്കുവാൻ എക്സിക്യൂട്ടീവിൽ തീരുമാനിച്ചു.

**പാലാ മേഖല**

**പ്രവർത്തനവർഷ ഉദ്ഘാടനം**

ചെറുപുഷ്പ മിഷൻ ലീഗ് പാലാ മേഖലയുടെ 2024-2025 പ്രവർത്തനവർഷത്തിന്റെ ഉദ്ഘാടനം ജൂലൈ മാസം ഏഴാം തീയതി പാലാ കത്തീഡ്രലിൽ വച്ച് നടന്നു. മിഷൻലീഗ് മേഖലാ പ്രസിഡന്റ് ശ്രീ സിറിൽ തൊമ്മനാമറ്റത്തിൽ അധ്യക്ഷത വഹിച്ച യോഗത്തിൽ ഡയറക്ടർ റവ. ഫാ. ജോർജ് ഒഴുകയിൽ ആമുഖ പ്രഭാഷണം നടത്തി. റവ.ഫാ. ജോസഫ് അരിമറ്റം ഉദ്ഘാടനം നിർവഹിച്ചു. എല്ലാ ശാഖയിൽനിന്നുമുള്ള കുഞ്ഞുമിഷനറിമാർ സമ്മേളനത്തിൽ പങ്കെടുത്തു.

**എയ്ഞ്ചൽസ് മീറ്റ്**

ചെറുപുഷ്പ മിഷൻലീഗ് പാലാ മേഖലയുടെ ആഭിമുഖ്യത്തിൽ ജൂലൈ മാസം ഏഴാം തീയതി പാലാ കത്തീഡ്രൽ അസംബ്ലി ഹാളിൽ വച്ച് എയ്ഞ്ചൽസ് മീറ്റ് നടത്തപ്പെട്ടു. വിവിധ ശാഖകളിൽനിന്നായി 264 കുട്ടികൾ പങ്കെടുത്തു. റവ.ഫാ. ജോസഫ് അരിമറ്റം ക്ലാസ്സ് നയിച്ചു.

**സെക്രട്ടറിയേറ്റ് മീറ്റിംഗ്**

പാലാ മേഖലയുടെ ജൂലൈ മാസത്തെ സെക്രട്ടറിയേറ്റ് മീറ്റിംഗ് ജൂലൈ മാസം 20-ാം തീയതി നടന്നു.

**എക്സിക്യൂട്ടീവ് മീറ്റിംഗ്**

ചെറുപുഷ്പ മിഷൻലീഗ് പാലാ മേഖലയുടെ ജൂലൈമാസത്തെ എക്സിക്യൂട്ടീവ് യോഗം ജൂലൈ 21-ന് ഉച്ചകഴിഞ്ഞ് 2.30 മുതൽ 3.30 വരെ പാലാ കത്തീഡ്രലിൽ നടക്കും.

**ശാഖാസന്ദർശനം**

പാലാ മേഖലയുടെ ആഭിമുഖ്യത്തിൽ ശാഖാസന്ദർശനവും അസാധാരണ സമ്മേളനവും ഉരുളികുന്നം ശാഖയിൽ വച്ച് ജൂലൈ 28-ാം തീയതി നടന്നു.

**ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ** (ഡയറക്ടർ)

# കെ.സി.എസ്.എൽ.

**എക്സിക്യൂട്ടീവ് മീറ്റിംഗ്**

ജൂലൈ 11 വ്യാഴാഴ്ച ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് ഉച്ചകഴിഞ്ഞ് 3.00 മണിമുതൽ 5.00 മണിവരെ എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. ഡയറക്ടർ ഫാ. ജോർജ് പുല്ലുകാലായിലിന്റെയും അസിസ്റ്റന്റ് ഡയറക്ടർ ഫാ. ആൽബിൻ പുതുപ്പറമ്പിലിന്റെയും നേതൃത്വത്തിൽ കൂടിയ മീറ്റിംഗിൽ പ്രസിഡന്റ് ജിജോ മാത്യു സ്വാഗതം ആശംസിച്ചു. ജൂലൈ 19, 20 ന് നടക്കാനിരിക്കുന്ന ലീഡേഴ്സ് ക്യാമ്പിനെക്കുറിച്ച് ചർച്ചചെയ്തു. രൂപതയുടെ പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് കെ.സി.എസ്.എൽ. സംഘടനയുടെ ആഭിമുഖ്യത്തിൽ കുട്ടികളുമായി ചേർന്ന് നടത്തേണ്ട കാരുണ്യപ്രവർത്തനങ്ങളെക്കുറിച്ച് ചർച്ചചെയ്തു. സ്റ്റഡിസർക്കിൾ മത്സരം നടത്തുന്നതിനെക്കുറിച്ച് ചർച്ചചെയ്തു.

**അൽഫോൻസാ കളറിംഗ്**

ജൂലൈ 12 വെള്ളിയാഴ്ച അൽഫോൻസാ കളറിംഗ് മത്സരം എല്ലാ സ്കൂളുകളിലും നടത്തപ്പെട്ടു. എച്ച്.എസ്.എസ്, എച്ച്.എസ്, യു.പി, എൽ.പി വിഭാഗങ്ങൾ തിരിച്ചാണ് മത്സരം നടത്തിയത്. 13000 കുട്ടികൾ മത്സരത്തിൽ പങ്കെടുത്തു.

**അൽഫോൻസിയൻ ആത്മീയത കുഞ്ഞുങ്ങളിൽ**

കെ.സി.എസ്.എൽ. ന്റെ ആഭിമുഖ്യത്തിൽ അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് ജൂലൈ 18 മുതൽ 28 വരെ 'അൽഫോൻസിയൻ ആത്മീയത കുഞ്ഞുങ്ങളിൽ' എന്ന ടൈറ്റിലിൽ വീഡിയോ സീരിസ് കുഞ്ഞുങ്ങളിൽ എത്തിച്ചു.

**സൈക്കിൾ സമ്മാനിച്ചു**

കളരി ആദ്യലക്കം ബംബർ പ്രൈസായ സൈക്കിൾ ചെമ്മലമറ്റം ലിറ്റിൽ ഫ്ളവർ ഹൈസ്കൂളിലെ ജോർജ് കെ. ഇന്നസെന്റിന് ലഭിച്ചു. ജൂലൈ 12 വെള്ളിയാഴ്ച അസി. ഡയറക്ടർ ഫാ. ആൽബിൻ പുതുപ്പറമ്പിൽ, പ്രസിഡന്റ് ജിജോ മാത്യു, ചെയർമാൻ അലൻ കെ. തോമസ് എന്നിവർ കുട്ടിക്ക് സൈക്കിൾ സമ്മാനിച്ചു.

**ലീഡേഴ്സ് ക്യാമ്പ്**

ഈ വർഷത്തെ ലീഡേഴ്സ് ക്യാമ്പ് ജൂലൈ 19, 20 ദിവസങ്ങളിലായി ക്രിസ്തുജ്യോതി റിട്രീറ്റ് സെന്ററിൽ വച്ച് നടത്തപ്പെട്ടു. 19 ന് നടന്ന യു.പി ക്യാമ്പിൽ 93 കുട്ടികളും 20 ന് നടന്ന എച്ച്. എസ്, എച്ച്. എസ്. എസ് ക്യാമ്പിൽ 111 കുട്ടികളും പങ്കെടുത്തു. ചെയർമാനായി സോജൻ സെബാസ്റ്റ്യൻ (പയ്യാനിത്തോട്ടം ഹോളി സ്പിരിറ്റ് പബ്ലിക് സ്കൂൾ) തിരഞ്ഞെടുക്കപ്പെട്ടു. ജനറൽ സെക്രട്ടറിയായി അലീറ്റ മനോജ് (രാമപുരം സെന്റ് അഗസ്റ്റ്യൻസ് എച്ച്. എസ്. എസ്) തിരഞ്ഞെടുക്കപ്പെട്ടു.

**ബൈബിൾ പകർത്തിയെഴുത്ത് - പേപ്പർ വിതരണം നടത്തി**

5 മുതൽ 8 വരെ ക്ലാസ്സുകളിലെ കുട്ടികൾക്കായി നടത്തപ്പെടുന്ന ബൈബിൾ പകർത്തിയെഴുത്തിന്റെ പേപ്പർ വിതരണം രണ്ടാംഘട്ടം ജൂലൈ 22 മുതൽ ആരംഭിച്ചു.

**ഫാ. ജോർജ്ജ് പുല്ലുകാലായിൽ** (ഡയറക്ടർ)
**ഫാ. തോമസ് പുതുപ്പറമ്പിൽ** (അസി. ഡയറക്ടർ)

# എസ്.എം.വൈ.എം. – കെ.സി.വൈ.എം.

**1. നന്ദിയോടെ**

പാലാ രൂപതയുടെ ഔദ്യോഗിക യുവജനപ്രസ്ഥാനം 50 വർഷങ്ങൾ പൂർത്തിയാക്കിരിക്കുകയാണ്. യുവജനപ്രസ്ഥാനത്തെ മുമ്പോട്ടു നയിച്ച ദൈവത്തിനും, കൈപിടിച്ചു നടത്തിയ പിതാക്കന്മാർക്കും, എല്ലാ ഡയറക്ടർ അച്ചൻമാർക്കും 50 വർഷത്തെ രൂപതാഭാരവാഹികൾക്കും, കരുത്തായി കരുതലായി കൂടെനിന്ന എല്ലാ യുവജനങ്ങൾക്കും ഒരായിരം നന്ദി.

**2. തീം സോങ് പ്രകാശനം**

പാലാ രൂപതയുടെ ഔദ്യോഗിക യുവജനപ്രസ്ഥാനത്തിന്റെ സുവർണ്ണ ജൂബിലി സമാപനാഘോഷത്തിന്റെ ഭാഗമായി തയ്യാറാക്കിയ തീം സോങ്ങിന്റെ പ്രകാശനം പാലാ രൂപതയുടെ മുൻ അധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവ് നിർവഹിച്ചു.

**3. സുവർണ്ണജൂബിലി സമാപനാഘോഷം. "ORO" 'Our Rhythm On'**

പാലാ രൂപതയുടെ ഔദ്യോഗിക യുവജനപ്രസ്ഥാനമായ സീറോ മലബാർ യൂത്ത് മൂവ്മെന്റിന്റെ സുവർണ്ണജൂബിലി സമാപനാഘോഷം ജൂലൈ 13 ന് സെന്റ് തോമസ് കോളേജ് ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെട്ടു. രൂപതയുടെ അധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് ഉദ്ഘാടനം ചെയ്ത യോഗത്തിൽ കേരള ജലവിഭവവകുപ്പു മന്ത്രി ശ്രീ റോഷി അഗസ്റ്റിൻ മുഖ്യപ്രഭാഷണം നടത്തി.

**4. MEET OUR LEADERS**

മീറ്റ് അവർ ലീഡേഴ്സ് എന്ന പേരിൽ പാലാ രൂപത ഉൾപ്പെടുന്ന പ്രദേശത്തെ അഞ്ച് എംഎൽഎമാരെയും മൂന്ന് എംപിമാരെയും ഉൾക്കൊള്ളിച്ചുകൊണ്ട് രൂപതയിലെ യുവജനങ്ങൾക്കു ചോദ്യങ്ങൾ ചോദിക്കുവാനും സംവാദത്തിൽ ഏർപ്പെടുവാനുമുള്ള അവസരം നൽകി.

**5. അൽഫോൻസാമ്മ തൻ തിരുസവിധത്തിൽ**

ഭാരതത്തിലെ പ്രഥമവിശുദ്ധയായ വിശുദ്ധ അൽഫോൻസാമ്മയുടെ തിരുസന്നിധിയിൽ യുവജനങ്ങൾ ജൂലൈ 19-ാം തീയതി കുർബാനയിൽ പങ്കെടുത്തു ജപമാല പ്രദക്ഷിണം നടത്തി. പാലാ രൂപത വികാരി ജനറാൾ മോൺ. ജോസഫ് മലേപ്പറമ്പിൽ പരിശുദ്ധ കുർബാന അർപ്പിച്ചു.

**6. YATP**

യൂത്ത് ആനിമേറ്റേഴ്സ് ട്രെയിനിങ് പ്രോഗ്രാമിന്റെ നാലാമത്തെ സെഷൻ കോതനല്ലൂർ ഫൊറോനയിലെ കളത്തൂർ യൂണിറ്റിൽ വച്ച് നടത്തപ്പെട്ടു.

**ഫാ. മാണി കൊഴുപ്പൻകുറ്റി** (ഡയറക്ടർ)

---

## ജീസസ് യൂത്ത്

---

**വൈകുന്നേരക്കൂട്ടായ്മ**

പാലാ ജീസസ് യൂത്തിന്റെ നേതൃത്വത്തിൽ 2024 ജൂലൈ 13-ാം തീയതി രണ്ടാം ശനിയാഴ്ച വൈകുന്നേരം 7 മണിമുതൽ 10 മണിവരെ പാലാ സോണിലെ വിവിധ പ്രായത്തിലുള്ള ജീസസ് യൂത്ത് അംഗങ്ങൾക്കായി വൈകുന്നേരക്കൂട്ടായ്മ നടത്തപ്പെട്ടു. ആഴമായ കൂട്ടായ്മയിലും ദൈവസ്നേഹാനുഭവത്തിലും വളരുന്ന വിധത്തിലുള്ളതായിരുന്നു ഈ കൂട്ടായ്മ. മുപ്പതോളം ജീസസ് യൂത്ത് അംഗങ്ങൾ ഒന്നുചേർന്നു. പാലാ കാർമൽ സ്കൂളിൽ വെച്ചാണ് ഈ പ്രോഗ്രാം നടത്തിയത്.

**പോൾ കോഴ്സ്**

2024 ജൂലൈ 21 ഞായറാഴ്ച അരുവിത്തുറ സെന്റ് ജോർജ് കോളജിൽ വെച്ച് ജീസസ് യൂത്ത് ഫോർമേഷൻ കോഴ്സ് ആയ പോൾ കോഴ്സിന്റെ മൂന്ന്, നാല്

ഭാഗങ്ങൾ നടത്തപ്പെട്ടു. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നായി ഏകദേശം 50 പേർ ഈ ഫോർമേഷൻ കോഴ്സിൽ പങ്കെടുത്തു.

**കോർ ടീം**

ജീസസ് യൂത്ത് പാലാ ക്യാമ്പസ് ടീമിന്റെ നേതൃത്വത്തിൽ വിവിധ കോളേജുകളിൽ പുതിയ കോർ ടീമുകൾ നിലവിൽ വന്നു.

**നൈറ്റ് വിജിൽ**

2024 ജൂലൈ 5 ആദ്യ വെള്ളിയാഴ്ച പാലാ ളാലം പുത്തൻ പള്ളിയിൽ വച്ച് വൈകുന്നേരം ഏഴര മുതൽ ജൂലൈ 6 രാവിലെ 6 മണിവരെ സോണൽ നൈറ്റ് വിജിൽ നടത്തപ്പെട്ടു. പാലാ സോണിന്റെ വിവിധ നിയോഗങ്ങൾക്കായി ഒന്ന് ചേർന്നു പ്രാർത്ഥിച്ചു. ഈ കൂട്ടായ്മയിലൂടെ വചനം പഠിക്കുകയും പങ്കുവയ്ക്കുകയും ജീവിതാനുഭവങ്ങൾ കർത്താവിന്റെ കൂടെ ആയിരുന്നുകൊണ്ട് മറ്റുള്ളവർക്ക് പകർന്നുനൽകുകയും ചെയ്തു.

**ഹോളി വിങ്സ്**

പാലാ ജീസസ് യൂത്ത് ടീംസ് ടീമിന്റെ നേതൃത്വത്തിൽ വിളക്കുമാടം സെന്റ് ജോസഫ് ഹയർ സെക്കൻഡറി സ്കൂളിൽ വെച്ച് 2024 ജൂലൈ 12 ന് ഹോളിവിങ്സ് എന്ന പേരിൽ പ്രോഗ്രാം നടത്തപ്പെട്ടു. ആഴമായ ദൈവസ്നേഹാനുഭവത്തിലും വിശുദ്ധിയിലും കൗമാരക്കാരെ വളർത്തുന്ന വിധത്തിലുള്ളതായിരുന്നു ഈ ഒരു മണിക്കൂർ പ്രോഗ്രാം. പാലാ സോൺ ജീസസ് യൂത്ത് ആനിമേറ്റർ സിസ്റ്റർ ലിസ് മരിയാ സി.എം.സി. യും, ടീൻസ് ടീം ആനിമേറ്റർ സി. ആൻഞ്ചോ സി.എം.സി. യും പ്രോഗ്രാമിന് നേതൃത്വം നൽകി. 200 ഓളം കൗമാരക്കാർ ഒന്നിച്ചു ചേർന്ന ഈ പ്രോഗ്രാം ഏറെ മനോഹരമായിരുന്നു. എൽ.പി, യു.പി, അക്രൈസ്തവർ എന്നിങ്ങനെ മൂന്നു വിഭാഗങ്ങളായി തിരിച്ചാണ് ഹോളി വിങ്സ് എന്ന പ്രോഗ്രാം നടത്തപ്പെട്ടത്.

**ബ്ലോ**

ജീസസ് യൂത്ത് പാലാ പാരിഷ് മിനിസ്ട്രിയുടെ ഭാഗമായി 2024 ജൂലൈ 15 മുതൽ വൈകുന്നേരം അഞ്ചരമുതൽ ജൂലൈ 16 വൈകുന്നേരം അഞ്ചുമണിവരെ ഇലഞ്ഞി ഫൊറോന പള്ളിയിൽ വച്ച് എട്ടുമുതൽ പത്തുവരെ ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കായി എന്ന പേരിൽ ഒരു പ്രോഗ്രാം നടത്തപ്പെട്ടു. തങ്ങൾ ആയിരിക്കുന്ന ഇടവകകളിൽ ഈശോയെ കൊടുക്കുവാനും ഈശോയ്ക്ക് സാക്ഷികളാകുവാനും ഉപകാരപ്പെടുന്ന വിധത്തിലുള്ള പ്രോഗ്രാമായിരുന്നു കഴിഞ്ഞത്. ഇലഞ്ഞി ഫൊറോന വികാരി ജോസഫ് എടത്തുംപറമ്പിൽ, അസി. വികാരി ഫാ. ജോസഫ് ആലാനിക്കൽ, സി. ജയ്സ് മരിയ സി. എം. സി എന്നിവർ പ്രോഗ്രാമിനു നേതൃത്വം നൽകി. 36 കൗമാരക്കാർ പ്രോഗ്രാമിൽ പങ്കെടുത്തു.

**മധ്യസ്ഥപ്രാർത്ഥന**

എല്ലാദിവസവും വൈകുന്നേരം 8:30 യ്ക്ക് ഓൺലൈൻ ആയി ജീസസ് യൂത്ത് പാലായുടെ നേതൃത്വത്തിൽ സോണിന്റെ നിയോഗങ്ങൾക്കുവേണ്ടി പ്രാർത്ഥിച്ചു. പാലാ സോൺ ഒന്നിച്ചുനയിക്കുന്ന ഈ പ്രാർത്ഥന അനേകരെ യേശുവിലേക്ക് അടുപ്പിച്ചു.

**ബുധനാഴ്ചക്കൂട്ടായ്മ**

എല്ലാ ബുധനാഴ്ചയും വൈകിട്ട് 5:15 നു ഊലം പള്ളിയിലെ മിനി ഹാളിൽ വച്ച് ബുധനാഴ്ചക്കൂട്ടായ്മ നടത്തപ്പെടുന്നു. പ്രാർത്ഥനയിലൂടെയും വചനം പങ്കുവയ്ക്കുന്നതിലൂടെയും ഗാനങ്ങൾ ആലപിക്കുന്നതിലൂടെയും അനേകരെ ഈശോയുടെ സ്നേഹത്തിലേക്ക് അടുപ്പിക്കാൻ ഈ കൂട്ടായ്മയ്ക്കു കഴിയുന്നുണ്ട്.

**ഓൺലൈൻ പ്രയർ മീറ്റിംഗ്**

എല്ലാ വ്യാഴാഴ്ചയും വൈകുന്നേരം 8.30 മുതൽ 10.30 വരെ സൂം പ്ലാറ്റ്ഫോമിൽ ഓൺലൈൻ പ്രയർ മീറ്റിംഗ് നടത്തപ്പെടുന്നു. ഈശോയുടെ ഒപ്പം, അവിടുത്തെ സ്നേഹത്തിൽ ആയിരിക്കുവാനും കഴിഞ്ഞ മണിക്കൂറുകൾ ആയിരുന്നു കടന്നുപോയത്.

**ടീൻസ് മിനിസ്റ്റേഴ്സ് ഗാതറിങ്**

2024 ജൂലൈ 12 മുതൽ 14 വരെ കളമശേരി ജ്യോതിർഭവനിൽ വച്ച് അംബാസിഡേഴ്സ് എന്ന പേരിൽ ടീൻസ് ടീം അംഗങ്ങൾക്കും കൗമാരക്കാർക്കുമായി ഒരു കൂട്ടായ്മ നടത്തപ്പെട്ടു.

**കോർ ടീം ട്രെയിനിംഗ്**

2024-25 വർഷത്തെ കലാലയങ്ങളിൽ പാലാ ജീസസ് യൂത്ത് കോർ ടീമുകൾക്കായി വിളക്കുമാടം സ്കൂളിൽ വെച്ച് ജൂലൈ 20, 21 തീയതികളിലായി കോർ ടീം ട്രെയിനിംഗ് നടത്തപ്പെട്ടു. അമ്പതോളം പേർ കൂട്ടായ്മയിൽ പങ്കെടുത്തു.

**ഫാ. മാത്യു എണ്ണയ്ക്കാപ്പള്ളിൽ** (ഡയറക്ടർ)

# കുടുംബക്കൂട്ടായ്മ

1. 14/7/2024 മുത്തോലി സെന്റ് ജോർജ് ദൈവാലയത്തിൽ കുടുംബക്കൂട്ടായ്മ ഡയറക്ടർ ഫാ. ജേക്കബ് വെള്ളമരുതുങ്കൽ ദിവ്യബലിയർപ്പിച്ചു സന്ദേശം നൽകി.
2. 4.30 pm ന് മുത്തോലി സെന്റ് ജോർജ് ഇടവകയിൽ വികാരി റവ. ഫാ. കുര്യൻ വരിക്കമാക്കലിന്റെ പ്രാർത്ഥനാശീർവാദത്തോടെ രൂപതാ റിസോഴ്സ് ടീമിന്റെ വാർഡുതല ക്ലാസുകൾ നടത്തപ്പെട്ടു.
3. 16/7/2024 10 am കുടുംബക്കൂട്ടായ്മ രൂപത എക്സിക്യൂട്ടീവ് കമ്മറ്റി ചേർന്നു.
4. 11 am ന് രൂപതാ കൗൺസിൽ യോഗം ചേർന്നു. ഓഗസ്റ്റ് മാസത്തിൽ ഫൊറോനാ കൗൺസിൽ യോഗങ്ങൾ നടത്താൻ തീരുമാനിച്ചു.
5. സഭാനവീകരണവർഷത്തോടനുബന്ധിച്ചുള്ള അഖണ്ഡബൈബിൾപാരായണം ഇടവകകളിൽ തുടരുന്നു.

**ഫാ. ജേക്കബ് വെള്ളമരുതുങ്കൽ** (ഡയറക്ടർ)

# ഫാമിലി അപ്പോസ്തലേറ്റ്

**A. വിവാഹ ഒരുക്ക ധ്യാനം**

**1. സർട്ടിഫിക്കറ്റ് കരസ്ഥമാക്കി**

**ജൂലൈ 01-03, 29-31** തീയതികളിലെ വിവാഹ ഒരുക്ക സെമിനാറിൽ 144 പേർ സംബന്ധിച്ച് സർട്ടിഫിക്കറ്റ് നേടി.

**2. രജിസ്ട്രേഷൻ**

**ആഗസ്റ്റ് 09–11, 30–സെപ്റ്റം. 1, സെപ്റ്റംബർ 16–18, 30–2** എന്നീ തീയതികളിൽ നടക്കുന്ന കോഴ്സിന്റെ രജിസ്ട്രേഷൻ തുടരുന്നു.

**3. പേരന്റ്സ് മീറ്റ്**

ജൂലൈമാസത്തിലെ വിവാഹ ഒരുക്കധ്യാനത്തിലെ കുട്ടികളുടെ പേരന്റ്സ് മീറ്റിംഗിൽ റവ. ഡോ. ജോസഫ് കടുപ്പിൽ ക്ലാസ്സെടുത്തു. 297 മാതാപിതാക്കൾ മീറ്റിംഗിൽ പങ്കെടുത്തു.

## B. പിതൃവേദി

**1. രൂപതാസമിതി**

ജൂലൈ 11-ാം തീയതി ഉച്ചകഴിഞ്ഞ് 2.00 മണിക്ക് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് രൂപത പ്രസിഡന്റ് ശ്രീ. ജോസ് തോമസ് മുത്തനാട്ടിന്റെ അദ്ധ്യക്ഷതയിൽ രൂപതാസമിതി നടത്തപ്പെട്ടു.

**2. പ്രവർത്തനോദ്ഘാടനം**

ജൂലൈ 13-ാം തീയതി ഉച്ചകഴിഞ്ഞ് 3.00 മണിക്ക് ഇലഞ്ഞി മേഖലയിലെ പിതൃവേദി പ്രവർത്തനോദ്ഘാടനം ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ നടത്തി. രൂപത പ്രസിഡന്റ് ശ്രീ ജോസ് തോമസ് മുത്തനാട്ട് പരിപാടിയിൽ പങ്കെടുത്തു.

**3. വാർഷികം**

ജൂലൈ 21-ാം തീയതി ഉച്ചകഴിഞ്ഞ് 3.00 മണിക്ക് മേലുകാവുമറ്റം പിതൃവേദി വാർഷികം നടത്തപ്പെട്ടു. തദവസരത്തിൽ ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി.

## C. മാതൃവേദി

**1. അൽഫോൻസാ തീർത്ഥാടനം**

പാലാ രൂപതയിലെ ഫാമിലി അപ്പോസ്തലേറ്റിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന മാതാക്കളുടെ സംഘടനയായ മാതൃവേദിയുടെ അൽഫോൻസാ തീർത്ഥാടനം നടത്തപ്പെട്ടു. രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് ആശംസാപ്രസംഗം നടത്തി. രൂപതയിലെ വിവിധ ഇടവകകളിൽനിന്ന് രണ്ടായിരത്തിലധികം മാതാക്കൾ അൽഫോൻസാമ്മയുടെ കബറിടത്തിനുചുറ്റും ഒന്നിച്ചുകൂടി. പാലാ രൂപത പ്ലാറ്റിനം ജൂബിലിയിലേക്കു പ്രവേശിക്കാൻ ഒരുങ്ങുമ്പോൾ ജൂബിലിയുടെ പ്രതീകമായി 75 അമ്മമാർ അൽഫോൻസാവേഷധാരികളായത് ഏവരുടെയും ശ്രദ്ധ പിടിച്ചുപറ്റാൻ കാരണമായി. ഭരണങ്ങാനം അൽഫോൻസാ തീർത്ഥാടനകേന്ദ്രം റെക്ടർ റവ. ഡോ. അഗസ്റ്റിൻ പാലക്കാപ്പറമ്പിൽ, വൈസ് റെക്ടർ റവ.ഫാ. ആന്റണി തോണക്കര, അഡ്മിനിസ്ട്രേറ്റർ റവ.ഫാ. ഗർവ്വാസീസ് ആനിത്തോട്ടം എന്നിവർ ചേർന്ന് മാതാക്കൾക്ക് സ്വാഗതം ആശംസിച്ചു. 10 മണിക്ക് ഫാമിലി അപ്പോസ്തലേറ്റ് ഡയറക്ടർ റവ.ഫാ. ജോസഫ് നരിതൂക്കിൽ പരിശുദ്ധ കുർബാന അർപ്പിച്ചു സന്ദേശം നൽകി. ജൂബിലിവർഷത്തിൽ മാതൃവേദി നടപ്പിലാക്കുന്ന ഒരു വർഷം നീണ്ടുനിൽക്കുന്ന അഖണ്ഡ ജപമാലയ്ക്ക് തുടക്കം കുറിച്ചുകൊണ്ട് തീർത്ഥാടനകേന്ദ്രം റെക്ടർ ദീപം തെളിച്ചു. 11.30 ന് വലിയ പള്ളിയിലേക്ക് നടന്ന ജപമാലപ്രദക്ഷിണത്തിന് അവസാനം

ഫൊറോനപള്ളി വികാരി വെരി റവ.ഫാ. സഖറിയാസ് ആട്ടപ്പാട്ട് സന്ദേശം നൽകി ആശീർവദിച്ചു. ചടങ്ങുകൾക്ക് മാതൃവേദി ജോയിന്റ് ഡയറക്ടർ സി. ഡോ. എൽസാ ടോം, പ്രസിഡന്റ് സിജി ലൂക്ക്സൺ, വൈസ് പ്രസിഡന്റ് സുജ ജോസഫ്, സെക്രട്ടറി ഷേർളി ചെറിയാൻ, ജോ. സെക്രട്ടറി ബിന്ദു ഷാജി എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**2. എക്സിക്യൂട്ടീവ് മീറ്റിങ്**

ജൂലൈ 18-ാം തീയതി ഉച്ചകഴിഞ്ഞ് 3 മണിക്ക് റവ. ഫാ. ജോസഫ് നരിതൂക്കിലിന്റെ നേതൃത്വത്തിൽ എക്സിക്യൂട്ടീവ് മീറ്റിങ് കൂടി പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ചകൾ നടത്തി.

**3. രൂപതാസമിതി**

ജൂലൈ 22-ാം തീയതി രാവിലെ 10 മണിക്ക് രൂപത പ്രസിഡന്റ് സിജി ലൂക്ക്സണിന്റെ അദ്ധ്യക്ഷതയിൽ ഗൂഗിൾ മീറ്റിങ്ങിലൂടെ രൂപതാസമിതി നടത്തപ്പെട്ടു.

## D. പ്രോലൈഫ്

**1. പ്രോലൈഫ് റാലി**

ജൂലൈ 2 ന് കാസർഗോഡുനിന്ന് ആരംഭിച്ച് ജൂലൈ 18 ന് തിരുവനന്തപുരത്ത് അവസാനിച്ച ജീവസംരക്ഷണസന്ദേശയാത്രയ്ക്ക് പാലായിൽ നൽകിയ സ്വീകരണം പാലാ രൂപത മെത്രാൻ മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം ചെയ്തു. പാലായിലെ വിവിധ കേന്ദ്രങ്ങളിൽവച്ചു നൽകിയ സ്വീകരണത്തിൽ നൂറുകണക്കിനു പ്രവർത്തകർ പങ്കെടുത്തു. ജൂലൈ 12 ഉച്ചകഴിഞ്ഞ് 2.30 ന് പാലാ ളാലം സെന്റ് മേരീസ് ഹൈസ്കൂളിൽ നടന്ന സ്വീകരണച്ചടങ്ങിൽ അദ്ധ്യാപകരും കുട്ടികളും ചേർന്ന് സ്വീകരണം നൽകി. പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റിന്റെ വിവിധ സംഘടനകളായ പ്രോലൈഫ്, പിതൃവേദി, മാതൃവേദി, നവോമി ഫോറം, യുവജനസംഘടനയായ എസ്.എം.വൈ.എം എന്നിവയിലെ പ്രവർത്തകർ റാലിയായി ബിഷപ്പ്സ് ഹൗസിലേക്കു സ്വീകരണം നൽകി. ബിഷപ്പ്സ് ഹൗസിൽ നടന്ന സമ്മേളനത്തിൽ പാലാ രൂപത പ്രോലൈഫ് പ്രസിഡന്റ് ശ്രീ മാത്യു എം. കുര്യാക്കോസ് ഏവർക്കും സ്വാഗതം ആശംസിച്ചു. സന്ദേശയാത്രയുടെ ജനറൽ കോർഡിനേറ്റർ ശ്രീ സാബു യാത്രയുടെ ലക്ഷ്യത്തെക്കുറിച്ചുള്ള വിവരങ്ങൾ നൽകി. പാലാ രൂപത വികാരി ജനറാൾമാരായ മോൺ. ജോസഫ് തടത്തിൽ, മോൺ. സെബാസ്റ്റ്യൻ വേത്താനത്ത് എന്നിവർ ആശംസകൾ നേർന്നു. പാലാ പ്രോലൈഫ് സെക്രട്ടറി ഡോ. ഫെലിക്സ് ജെയിംസ് ഏവർക്കും നന്ദി അർപ്പിച്ചു.

## E. സീറോ മലബാർ പാലാ മാട്രിമണി

**1. ഡേറ്റ സ്വീകരണം**

നമ്മുടെ രൂപതയുടെ മാട്രിമോണിയൽ സേവനവിഭാഗമായ 'സീറോ മലബാർ മാട്രിമണി' സീറോ മലബാർ സഭയിലെ 35 രൂപതകളുടെയും മാട്രിമണികളുമായി ചേർന്നു പ്രവർത്തിക്കുകയാണ്. നമ്മുടെ രൂപതയിലെ വിവാഹാർത്ഥികൾക്ക് ഉത്തമരായ ജീവിതപങ്കാളികളെ തിരഞ്ഞെടുക്കുവാൻ ഈ

സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് സീറോ മലബാർ മാട്രിമണിയുടെ പാലാ ഓഫീസിലെ **7306915897, 9778199182** എന്നീ നമ്പറുകളിൽ വിളിക്കാവുന്നതാണ്.

**F. ഹോംമിഷൻ**

കടനാട്, മണ്ണാറപ്പാറ, കയ്യൂർ, വേലത്തുശ്ശേരി, വെള്ളിയാമറ്റം ഇടവകകളിൽ ഹോം മിഷൻ പൂർത്തിയാക്കിവരുന്നു.

**G. മഡോണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോം ലൈഫ്**

പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റിന്റെ കീഴിലുള്ള മഡോണ ഇൻസ്റ്റിറ്റ്യൂട്ടിൽ ഹോംസയൻസ് അവധിക്കാലക്ലാസ്സുകൾ ഏപ്രിൽ, മേയ് മാസങ്ങളിൽ നടത്തപ്പെടുന്നു. യുവതികൾക്ക് ഉത്തമകുടുംബജീവിതത്തിന് ആവശ്യമായ കുടുംബവിജ്ഞാനപരമായ ക്ലാസ്സുകൾ, പാചകകലയിൽ പരിശീലനം, തയ്യൽപരിശീലനം, ഹാന്റി ക്രാഫ്റ്റ്സ്, പൂക്കൾനിർമ്മാണം, ഫ്ളവർ അറേഞ്ച്മെന്റ്സ്, ഫേബ്രിക് പെയ്ന്റിംഗ്, നീഡിൽ വർക്ക്, ബീഡ്സ് വർക്കുകൾ, ഗ്ലാസ്സ് പെയ്ന്റിംഗ്, മെറ്റൽ എംമ്പോസ്സിംഗ്, ഹാന്റ് എംബ്രോയ്ഡറി, സെറാമിക് വർക്കുകൾ, ക്രോച്ചറ്റ് വർക്കുകൾ, കോളാഷ് വർക്കുകൾ, ടോയ് മേക്കിംഗ്, പോട്ട് പെയിന്റിംഗ്, കോഫി പെയിന്റിംഗ്, ഓർണമെന്റ്സ് മേക്കിംഗ് തുടങ്ങിയ വിഷയങ്ങൾക്കുള്ള ക്ലാസ്സുകൾ നടത്തപ്പെടുന്നു. കോഴ്സുകളിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ മഡോണ ഇൻസ്റ്റിറ്റ്യൂട്ടമായി ബന്ധപ്പെടുക. വിശദവിവരങ്ങൾക്ക് വിളിക്കേണ്ട നമ്പർ – **7306293048**

**H. മംഗല്യനിധി**

പാലാ രൂപതാ ഫാമിലി അപ്പോസ്തലേറ്റിന്റെ വിവാഹസഹായപദ്ധതിയായ മംഗല്യനിധിവഴി മേയ് മാസത്തിൽ **കാവുകണ്ടം** ഇടവകയിലെ പെൺകുട്ടിക്ക് വിവാഹസഹായം നൽകി.

**ഫാ. ജോസഫ് നരിതൂക്കിൽ** (ഡയറക്ടർ)

# കത്തോലിക്കാ കോൺഗ്രസ്

കത്തോലിക്കാ കോൺഗ്രസ് പാലാ രൂപതാസമിതിയുടെ നേതൃത്വത്തിൽ തിടനാട് ഇടവകയുടെ സഹകരണത്തോടെ സീറോ മലബാർ സഭാദിനാഘോഷം 2024 ജൂൺ 30 ന് തിടനാട് സെന്റ് ജോസഫ് പാരിഷ് ഹാളിൽ നടത്തി. രൂപത വൈസ് പ്രസിഡന്റ് സി.എം. ജോർജിന്റെ അധ്യക്ഷതയിൽ കൂടിയ യോഗം കാഞ്ഞിരപ്പള്ളി രൂപത മെത്രാൻ മാർ ജോസ് പുളിക്കൽ ഉദ്ഘാടനം ചെയ്തു. റവ.ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, ഫാ. സെബാസ്റ്റ്യൻ എട്ടുപറയിൽ, ജോസ് വട്ടുകുളം, രാജീവ് കൊച്ചുപറമ്പിൽ, ജോയി കണിപറമ്പിൽ, ആൻസമ്മ സാബു, റ്റോമിച്ചൻ പഴയമഠം എന്നിവർ പ്രസംഗിച്ചു.

ഗ്ലോബൽ പ്രസിഡന്റായി തിരഞ്ഞെടുത്ത രാജീവ് കൊച്ചുപറമ്പിലിനെയും ഗ്ലോബൽ സെക്രട്ടറിയായി നിയമിതയായ ആൻസമ്മ സാബുവിനെയും അഭിവന്ദ്യ പിതാവ് ഷാളണിയിച്ച് ആദരിച്ചു.

സമ്മേളനത്തിനു മുന്നോടിയായി തിടനാട് കുരിശുപള്ളിക്കവലയിൽനിന്ന് ഫാ. സെബാസ്റ്റ്യൻ എട്ടുപറയിൽ ഫ്ളാഗ് ഓഫ് ചെയ്ത റാലിയും ഉണ്ടായിരുന്നു. രൂപത, ഫൊറോന, യൂണിറ്റ് ഭാരവാഹികൾ റാലിക്കു നേതൃത്വം നല്കി.

**തിരഞ്ഞെടുപ്പ്**

ഗ്ലോബൽ ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് ജൂൺ 23 ന് നടത്തി. പാലായിൽ കത്തോലിക്കാ കോൺഗ്രസ് ഓഫീസിലാണ് വോട്ട് നടപടിക്രമങ്ങൾ നടത്തിയത്. രൂപത റിട്ടേണിംഗ് ഓഫീസർ റവ.ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ തിരഞ്ഞെടുപ്പിനു നേതൃത്വം നൽകി.

**ഗ്ലോബൽ പ്രസിഡന്റ്**

കത്തോലിക്കാ കോൺഗ്രസ് പാലാ രൂപത മുൻ ജനറൽ സെക്രട്ടറി, പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ച ശ്രീ രാജീവ് കൊച്ചുപറമ്പിൽ കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ പ്രസിഡന്റായി ഐകകണ്ഠ്യേന തിരഞ്ഞെടുക്കപ്പെട്ടു. കെ.സി.വൈ.എം.ലിൽക്കൂടി സംഘടനാപ്രവർത്തനത്തിൽ മികവ് തെളിയിച്ചിട്ടുള്ള വ്യക്തിയാണ്. ഉാലം പഴയപള്ളി ഇടവകാംഗമാണ്.

**ഗ്ലോബൽ സെക്രട്ടറി**

ശ്രീമതി ആൻസമ്മ സാബു, ഗ്ലോബൽ സെക്രട്ടറിയായി നിയമിതയായി. പാലാ രൂപത മുൻ വൈസ് പ്രസിഡന്റാണ്. കുറവിലങ്ങാട് ഇടവകാംഗമാണ്. മുൻ വനിത കോർഡിനേറ്ററാണ്.

**ഗ്ലോബൽ സമിതി നേതൃസംഗമം**

പുതിയതായി തിരഞ്ഞെടുക്കപ്പെട്ട ഗ്ലോബൽ ഭാരവാഹികളുടെ സത്യപ്രതിജ്ഞയും പുതിയ വർക്കിങ് കമ്മിറ്റി അംഗങ്ങളുടെ സംഗമവും കാക്കനാട് മൗണ്ട് സെന്റ് തോമസിൽ ജൂലൈ 3 ന് ഉച്ചകഴിഞ്ഞ് 3 മണിക്കു ചേർന്നു. രാജീവ് കൊച്ചുപറമ്പിലിന്റെ നേതൃത്വത്തിലുള്ള ഭരണസമിതി സ്ഥാനം ഏറ്റെടുത്തു. മേജർ ആർച്ചുബിഷപ് അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവ് സമ്മേളനം ഉദ്ഘാടനം ചെയ്തു. ബിഷപ് മാർ റെമിജിയോസ് ഇഞ്ചനാനി, ദീപിക മാനേജിംഗ് ഡയറക്ടർ ഫാ. ബെന്നി മുണ്ടനാട്ട് തുടങ്ങിയവർ ആശംസകൾ നേർന്നു. പാലാ രൂപതയെ പ്രതിനിധീകരിച്ച് അറുപതോളം പേർ പങ്കെടുത്തു.

**രാമപുരം ഫൊറോന**

രാമപുരം ഫൊറോന പ്രവർത്തനോദ്ഘാടനം ചക്കാമ്പുഴ യൂണിറ്റിന്റെ സഹകരണത്തോടെ ചക്കാമ്പുഴ ലൊരേത്തുമാതാ പള്ളി ഹാളിൽ നടത്തി. മേഖല പ്രസിഡന്റ് അജോ തൂണുങ്കലിന്റെ അധ്യക്ഷതയിൽ കൂടിയ യോഗം രാമപുരം ഫൊറോനവികാരി റവ.ഫാ. ബർക്കുമാൻസ് കുന്നംപുറം ഉദ്ഘാടനം ചെയ്തു. ഫാ. ജോസഫ് വെട്ടത്തേൽ, സാബു അലക്സ്, സണ്ണി കുരിശുംമൂട്ടിൽ തുടങ്ങിയവർ സംസാരിച്ചു. കിൻഫ്ര ഫിലിം വീഡിയോ പാർക്ക് ചെയർമാനായി നിയമിതനായ ബേബി ഉഴുത്തുവാലിനെ ആദരിച്ചു.

**കൊഴുവനാൽ**

കൊഴുവനാൽ സ്കൂളിൽനിന്ന് പത്താംക്ലാസിൽ ഫുൾ A+ കിട്ടിയ കുട്ടികളെ ആദരിച്ചു. യൂണിറ്റ് പ്രസിഡന്റ് എം.എ. ജോർജ് അധ്യക്ഷത വഹിച്ച യോഗം

റവ.ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ ഉദ്ഘാടനം ചെയ്തു. ഫാ. ജോർജ് വെട്ടുകല്ലേൽ, ജോയി കെ. മാത്യു കണിപറമ്പിൽ, എ.സി. ബേബിച്ചൻ തുടങ്ങിയവർ ആശംസകൾ നേർന്നു.

**സിബിഗിരി**

സിബിഗിരി യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ കുടയത്തൂർ ഹോമിയോ ഹെൽത്ത് സെന്ററിന്റെ സഹകരണത്തോടെ പനി പ്രതിരോധമരുന്നുവിതരണം നടത്തി. വികാരി റവ.ഫാ. ജോൺ പാളിത്തോട്ടം ഉദ്ഘാടനം ചെയ്തു. ഡോ. രഞ്ജിത്ത് രാജ് സെമിനാർ നയിച്ചു. എഡ്വിൻ പാമ്പാറ, ജോസ് മിറ്റത്താനിക്കൽ, ജിമ്മി പ്ലാക്കുഴിയിൽ തുടങ്ങിയവർ നേതൃത്വം നൽകി.

**അടുക്കളത്തോട്ടം മത്സരം 2024**

മത്സരത്തിൽ പങ്കെടുക്കുന്നവർക്കു നല്കുന്നതിനുള്ള ആറിനം വിത്തുകൾ കോതനല്ലൂർ കന്തീശങ്ങളുടെ പള്ളി പാരിഷ് ഹാളിൽ വച്ചു പാക്കു ചെയ്തു. ഫൊറോന വികാരി വെരി. റവ.ഫാ. സെബാസ്റ്റ്യൻ പടിക്കക്കുഴിപ്പിൽ പാക്കിങ് ഉദ്ഘാടനം ചെയ്തു. കർഷകവേദി ചെയർമാൻ റ്റോമി കണ്ണീറ്റുമ്യാലിൽ, ജോസ് വട്ടുകുളം, ജോസഫ് ചീനോത്തുപറമ്പിൽ തുടങ്ങിയവർ നേതൃത്വം നല്കി. മാതൃവേദി, പിതൃവേദി, എസ്.എം.വൈ.എം., സൺഡേ സ്കൂൾ തുടങ്ങിയ സംഘടനകളിലെ പ്രവർത്തകർ പാക്കിങ്ങിനു സഹകരിച്ചു.

**വിത്തുവിതരണം**

മത്സരത്തിൽ പങ്കെടുക്കുന്നതിനു മുൻകൂട്ടി പേരു തരുന്നവർക്കു ആറിനം വിത്തുകൾ സൗജന്യമായി നല്കും. രൂപതാതല ഉദ്ഘാടനം ജൂലൈ 27 ന് അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം ചെയ്തു. രൂപതയെ നാലു സോണുകളായി തിരിച്ച് കർഷകസമ്മേളനവും വിത്തുവിതരണവും നടത്തും.

| | |
|---|---|
| ജൂലൈ 27 | പാലാ സോൺ |
| ആഗസ്റ്റ് 4 | കുറവിലങ്ങാട്ട് സോൺ |
| ആഗസ്റ്റ് 11 | മൂലമറ്റം സോൺ |
| ആഗസ്റ്റ് 18 | അരുവിത്തുറ സോൺ |

**ജോസ് വട്ടുകുളം** (ജനറൽ സെക്രട്ടറി)

# പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി

**അരുവിത്തുറ അഗ്രിഫെസ്റ്റ്**

അരുവിത്തുറപ്പള്ളി മൈതാനിയിൽവച്ച് പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെയും അഗ്രിമ സെൻട്രൽ നേഴ്സറിയുടെയും അഗ്രിമ ഇക്കോ ഷോപ്പിന്റെയും അരുവിത്തുറ കർഷകദള ഫെഡറേഷന്റെയും നേതൃത്വത്തിൽ 2024 ജൂലൈ 5,6,7 തീയതികളിൽ നടീൽവസ്തുക്കളുടെയും കാർഷിക ഉത്പന്നങ്ങളുടെയും പ്രദർശനവും വിപണനവും നടത്തി. മേളയോടനുബന്ധിച്ച് കാർഷിക സെമിനാറുകൾ, അടുക്കളത്തോട്ടമത്സരങ്ങൾ, ഫലവൃക്ഷത്തൈകൾ, പച്ചക്ക

റിത്തൈകൾ എന്നിവയുടെ വില്പനയും വിവിധ ഗ്രൂപ്പുകൾ നിർമ്മിച്ച മൂല്യ വർദ്ധിത ഉത്പന്നങ്ങളുടെ വിപണനവും നടത്തുകയുണ്ടായി. മറ്റു ഫൊറോനക ളിലും കാർഷികമേളകൾ നടത്താൻ പദ്ധതി തയ്യാറാക്കി.

**അഗ്രിമ സെൻട്രൽ നഴ്സറി കൃഷിമന്ത്രി പി. പ്രസാദ് സന്ദർശിച്ചു.**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി പ്രമോട്ടു ചെയ്യുന്ന പാലാ സാന്തോം ഫാർമർ പ്രൊഡ്യൂസർ കമ്പനി ആരംഭിക്കുന്ന മൂല്യവർദ്ധിത ഉത്പന്ന ഫാക്ടറിയുടെ നിർമാണം നടക്കുന്ന മുണ്ടുപാലം അഗ്രിമ സെൻട്രൽ നേഴ്സറി കേരള കൃഷിമന്ത്രി ശ്രീ പി. പ്രസാദ് ജില്ലാ ഗ്രാമ കൃഷിവകുപ്പ് ഉദ്യോഗസ്ഥരോ ടൊപ്പം സന്ദർശിച്ചു. വിപണി മുന്നിൽ കണ്ടുള്ളതാവണം മൂല്യവർദ്ധിത ഉത്പന്ന നിർമാണമെന്നും ശാസ്ത്രീയവും ഗുണമേന്മയുള്ളതുമായ പായ്ക്കിംഗ് ഉണ്ടാവ ണമെന്നും മന്ത്രി നിർദേശിച്ചു. സൂപ്പർ മാർക്കറ്റുകളുടെയും ഓൺലൈൻ മാർക്ക റ്റുകളുടെയും സാധ്യതകൾ ഫലപ്രദമായി വിനിയോഗിക്കണമെന്നും അദ്ദേഹം ആഹ്വാനം ചെയ്തു.

**ജില്ലാതലശില്പശാല**

എൻ.സി.ഡി.സിയുടെ ആഭിമുഖ്യത്തിൽ പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി കോട്ടയം ജില്ലയിൽ പ്രമോട്ടുചെയ്യുന്ന കർഷക ഉത്പാദകക്കമ്പനി ഭാരവാഹികളുടെ ജില്ലാതല ശില്പശാല ഷലോം പാസ്റ്ററൽ സെന്ററിൽ വച്ചു നടത്തുകയുണ്ടായി. പി.എസ്.ഡബ്ല്യു.എസ്. അസി. ഡയറക്ടർ ഫാ. ജോസഫ് താഴത്തുവരിക്കയിൽ അധ്യക്ഷത വഹിച്ച യോഗത്തിൽ നാഷണൽ കോ ഓപ്പറേ റ്റീവ് ഡവലപ്മെന്റ് കോർപ്പറേഷൻ കേരള റീജണൽ ഡയറക്ടർ കെ.എൻ. ശ്രീധ രൻ ഉദ്ഘാടനം ചെയ്തു. കർഷക ഉത്പാദകക്കമ്പനികൾക്ക് സംരംഭകപദ്ധതി കൾ നടപ്പിലാക്കാൻ കോർപ്പറേഷൻ 33 ലക്ഷം രൂപാവരെ ഗ്രാന്റ് അനുവദിച്ചതായി ഡയറക്ടർ അറിയിച്ചു.

**സ്വാശ്രയസംഘം / സ്വയംസഹായപ്രവർത്തനങ്ങൾ**

**വാർഷികം**

വാക്കാട്, മാൻവെട്ടം, രത്നഗിരി സ്വാശ്രയസംഘങ്ങൾ എല്ലാ സ്വയംസഹാ യസംഘങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ട് വാർഷികാഘോഷങ്ങൾ വിപുലമായി നടത്തി. പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ ആഘോ ഷപരിപാടികൾ ഉദ്ഘാടനം ചെയ്തു. ഓരോ ഇടവകയിലെയും കലാപരിപാടി കൾ, മത്സരങ്ങൾ, മേളകൾ, പ്രദർശനങ്ങൾ തുടങ്ങിയ ആഘോഷത്തിന്റെ ഭാഗ മായി നടത്തപ്പെട്ടു.

പറത്താനം സൗഭാഗ്യ എസ്.എച്ച്.ജി. ഗ്രൂപ്പിന്റെ 1000-ാമത് മീറ്റിങ് വിപുല മായ പരിപാടികളോടെ നടത്തപ്പെട്ടു. എസ്.എസ്. ഡയറക്ടർ ഫാ. ജോസഫ് കൊച്ചുമുറിയിൽ പരിപാടികൾ ഉദ്ഘാടനം ചെയ്തു.

**വരുമാനദായകപദ്ധതികൾ**

ഓണവിപണി ലക്ഷ്യമിട്ടുകൊണ്ട് കുറിച്ചിത്താനം കർഷകദള ഫെഡറേഷൻ, കൂടല്ലൂർ കർഷകദളവും വിപുലമായി ബന്ദിത്തൈ നട്ടുപിടിപ്പിച്ചു.

ഇലഞ്ഞി ഫൊറോനയിലെ എല്ലാ ഇടവകകളിലും മാന്നാർ സ്വാശ്രയസം ഘത്തിന്റെ നേതൃത്വത്തിലും ഫലവൃക്ഷപച്ചക്കറിത്തൈ വിതരണം നടത്തി.

മണ്ണാറപ്പാറ സ്വാശ്രയസംഘം സോപ്പുപൊടി, ലിക്വിഡ് സോപ്പ്, ഫിനോയിൽ എന്നിവയുടെ നിർമാണപരിശീലനം നടത്തി.

**മെഡിക്കൽ ക്യാമ്പുകൾ**

വിവിധ സ്വാശ്രയസംഘങ്ങളുടെ നേതൃത്വത്തിൽ പകർച്ചപ്പനിക്കെതിരേ ഹോമിയോ മരുന്നുവിതരണവും മെഡിക്കൽ ക്യാമ്പുകളും സംഘടിപ്പിച്ചു.

**ഫാ. തോമസ് കിഴക്കേൽ** (ഡയറക്ടർ)

# ഡി.സി.എം.എസ്.

**ഫാ. സ്റ്റാൻസ്വാമി ദിനാചരണവും രക്തദാനവും**

പാലാ രൂപത DCMS ന്റെ സപ്തതിവർഷം 2024-25 ന്റെ ഭാഗമായി നടത്തപ്പെടുന്ന ഫാ. സ്റ്റാൻസോമി ദിനാചരണവും രക്തദാനവും പാലാ മാർ സ്ലീവാ മെഡിസിറ്റിയിൽ രൂപതാ ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റിന്റെ അദ്ധ്യക്ഷതയിൽ ചേരുകയുണ്ടായി.

ജാർഖണ്ഡിലെ ആദിവാസികളുടെയും ദളിതരുടെയും അവകാശങ്ങൾക്കു വേണ്ടി പോരാടി വിചാരണത്തടവുകാരനായി 2021 ജൂലൈ 5 നു മരണപ്പെട്ട സ്റ്റാൻ സ്വാമിയുടെ പ്രവർത്തനങ്ങൾ സഭയുടെ ആഹ്വാനമായ പാർശ്വവത്കരിക്കപ്പെട്ടവരുടെ പക്ഷം ചേരുക എന്ന ക്രൈസ്തവമൂല്യത്തിന് അടിവരയിടുന്നതാണെന്ന് മാർ സ്ലീവാ മെഡിസിറ്റി ഡയറക്ടർ ഡോ. ജോസഫ് കണിയോടിക്കൽ ഉദ്ഘാടന കർമ്മം നിർവഹിച്ചുകൊണ്ടു പറഞ്ഞു.

റവ. ഫാ. ഇമ്മാനുവൽ പാറേക്കാട്, ഫാ. ജോസഫ് കരികുളം എന്നിവരുടെ മഹനീയസാന്നിധ്യത്തിൽ DCMS രൂപതാ പ്രസിഡന്റ് ശ്രീ ബിനോയ് ജോൺ, സെക്രട്ടറി ശ്രീമതി ബിന്ദു ആന്റണി, രൂപതാ ഓർഗനൈസർ ശ്രീ ബേബി ആന്റണി, രൂപതാ കമ്മിറ്റിയംഗം ശ്രീ ജോയ് മാത്യു, ശ്രീ ബിജു ആന്റണി, ശ്രീ സഖറിയാസ് T. D., ശ്രീ ഷാജി ജോസഫ്, ശ്രീ സിബി ദേവസ്യ, ശ്രീ കിരൺ ജോസഫ്, ശ്രീ ഫെബിൻ സിബിച്ചൻ, ശ്രീ ജോണി P.C, ശ്രീ ആൽഫിൻ P.C, ശ്രീ ജോമോൻ ജോർജ്ജ്, ശ്രീ ഷാജി ജോസഫ് എന്നിവർ രക്തദാനം നടത്തുകയും ചെയ്തു.

**ഭവനസന്ദർശനവും യൂണിറ്റ് രൂപീകരണവും**

DCMS പാലാ രൂപതാസമിതിയുടെ നേതൃത്വത്തിൽ സപ്തതിയാഘോഷങ്ങളുടെ ഭാഗമായി നടത്തപ്പെടുന്ന ഭവനസന്ദർശനവും യൂണിറ്റ് രൂപീകരണവും വിവിധ സോണൽ പ്രവർത്തനസമിതികളുടെ നേതൃത്വത്തിൽ നടത്തപ്പെടുന്നു. തുടങ്ങനാട്, രാമപുരം, ചേർപ്പുങ്കൽ, കുറവിലങ്ങാട് എന്നീ സോണുകളിലായി നടത്തപ്പെടുന്ന ഭവനസന്ദർശനങ്ങളിൽ രൂപത വികാരി ജനറൽ മോൺ. സെബാസ്റ്റ്യൻ വേത്താനത്ത്, രൂപതാ ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ്, രൂപതാ പ്രസിഡന്റ് ശ്രീ ബിനോയ് ജോൺ, രൂപതാ ഓർഗനൈസർ ശ്രീ ബേബി ആന്റണി സോണൽ ചെയർമാന്മാർ ഇവരെ കൂടാതെ വിവിധ സോണൽ പ്രവർത്തനസമിതി അംഗങ്ങളും പങ്കെടുത്തു.

ഭവനസന്ദർശനങ്ങളുടെ ഭാഗമായി യുണിറ്റ് ഇല്ലാത്ത ഇടവകകളായ, കൂടല്ലൂർ, നീലൂർ എന്നീ ഇടവകകളിൽ പുതിയതായി യുണിറ്റുകൾ രൂപീകരിക്കുകയും ചെയ്തു.

**അടിയന്തര സോണൽ മീറ്റിംഗ്**

DCMS സംഘടനയുടെ സപ്തതിയാഘോഷങ്ങളുടെ ഭാഗമായി നവംബർ 1 നു നടത്തുന്ന ദേശീയ സിമ്പോസിയവും, മഹാസമ്മേളനത്തോടനുബന്ധിച്ചുള്ള അടിയന്തര സോണൽ മീറ്റിങ്ങും രാമപുരത്തുവച്ച് 2024 ജൂൺ 22 ശനിയാഴ്ച കൂടുകയുണ്ടായി. പാലാ രൂപത വികാരി ജനറൽ മോൺ. സെബാസ്റ്റ്യൻ വേത്താനത്തിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ രാമപുരം സെന്റ് ആഗസ്തിനോസ് ഫൊറോന പള്ളി വികാരി റവ. ഫാ. ബർക്കുമൻസ് കുന്നുംപുറം, രൂപതാ ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ്, സോണൽ ചെയർമാന്മാർ, രൂപതാ പ്രസിഡന്റ് സെക്രട്ടറി, വൈസ് പ്രസിഡന്റ്, ഓർഗനൈസർ, ഖജാൻജി, സോണൽ സെക്രട്ടറിമാർ, ജോയിന്റ്സെക്രട്ടറിമാർ, രൂപതാ കമ്മിറ്റി അംഗങ്ങൾ രാമപുരം സോണൽ പ്രവർത്തനസമിതി അംഗങ്ങൾ, രാമപുരം യുണിറ്റ്-മേഖല ഭാരവാഹികളും കമ്മിറ്റിയംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു. യോഗത്തിൽ നവംബർ 1 ലെ പരിപാടികൾക്കായുള്ള കമ്മിറ്റിയംഗങ്ങളെ തിരഞ്ഞെടുക്കുകയും മറ്റ് അംഗങ്ങളെ കൂട്ടിച്ചേർത്ത് കമ്മിറ്റി വിപുലമാക്കി പിന്നീട് ഒരു മീറ്റിങ്ങുകൂടി വിളിക്കാം എന്നു തീരുമാനിക്കുകയും ചെയ്തു.

**ഫാ. ജോസ് വടക്കേക്കുറ്റ്** (ഡയറക്ടർ)

# കെയർ ഹോംസ്

**1. കെയർ ഹോംസ് മീറ്റിംഗുകൾ**

1) സ്പെഷൽ സ്കൂൾ വിഭാഗത്തിന്റെ എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി പ്രവർത്തനങ്ങൾ ചർച്ചചെയ്തു.

**2. സ്പെഷ്യൽ ഒളിമ്പിക്സിൽ വിജയം**

ലോകത്തിലെ ഏറ്റവും വലിയ യൂത്ത് ഫുട്ബോൾ മേളകളിലൊന്നായ ഗോഥിയ കപ്പിലെ സ്പെഷ്യൽ ഒളിമ്പിക്സിൽ സ്വർണ്ണക്കപ്പുയർത്തി ഇന്ത്യൻ ടീം അഭിമാനമായി. മൂന്ന് മലയാളിവിദ്യാർത്ഥികൾ ടീമിന്റെ ഭാഗമായിരുന്നു. ആശാ നികേതൻ സ്പെഷ്യൽ സ്കൂളിലെ അബി ജോസ് അതിൽ ഒരംഗമായി മികവു തെളിയിച്ചു.

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# കെ.എൽ.എം.

**1. മീറ്റിംഗ്**

1. എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി പ്രവർത്തനങ്ങളെക്കുറിച്ച് വിലയിരുത്തി.
2. സംസ്ഥാനസമ്മേളനം ഓഗസ്റ്റ് 18-ന് എറണാകുളം ടൗൺഹാളിൽ നടക്കും.

**2. വിവിധ ക്ഷേമനിധിയിൽ അംഗത്വം തുടർന്നുകൊണ്ടിരിക്കുന്നു.**

1. നിർമ്മാണത്തൊഴിലാളി ക്ഷേമനിധി
2. അസംഘടിത തൊഴിലാളി ക്ഷേമനിധി
3. കർഷകത്തൊഴിലാളി ക്ഷേമനിധി
4. മോട്ടോർ തൊഴിലാളി ക്ഷേമനിധി
5. തയ്യൽ തൊഴിലാളി ക്ഷേമനിധി

**3.** വിശദവിവരങ്ങൾക്ക് ഷലോം പാസ്റ്ററൽ സെന്ററിലെ കെ.എൽ.എം ഓഫീസിലോ അഥവാ താഴെ കാണുന്ന ഫോൺ നമ്പറിലോ ബന്ധപ്പെടുക.

Mob: **8304981275** (O), **9400661492** (P)

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# അഡാർട്ട്

**റൂബി ജൂബിലി സമാപനം**

അഡാർട്ടിന്റെ റൂബിജൂബിലി സമാപനസമ്മേളനം ജൂലൈ 14 ന് നടന്നു. ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് അധ്യക്ഷത വഹിച്ച സമ്മേളനം മാണി സി. കാപ്പൻ എംഎൽ.എ. ഉദ്ഘാടനം ചെയ്തു. പാലാ രൂപത വികാരി ജനറാൾ മോൺ. ജോസഫ് കണിയോടിക്കൽ, അഡാർട്ട് ഡയറക്ടർ ഫാ. ജയിംസ് പൊരുന്നോലിൽ, ജില്ലാ പഞ്ചായത്ത് അംഗം നിർമ്മല ജിമ്മി, ടി.എം. മാത്യു, പാപ്പച്ചൻ മുത്തോലി, രാജീവ് ശാന്തി, ജോയി കെ. മാത്യു എന്നിവർ പ്രസംഗിച്ചു. അതോടൊപ്പം, കഴിഞ്ഞ 40 വർഷങ്ങളായി അഡാർട്ടിനുവേണ്ടി സേവനം അനുഷ്ഠിച്ചുകൊണ്ടിരിക്കുന്ന ശ്രീ എൻ.എ. സെബാസ്റ്റ്യനെ ആദരിച്ചു.

**ലഹരിവിമുക്തജീവിതം നയിക്കുന്നവരുടെ കൂട്ടായ്മ**

ജൂലൈ 7,14,21,28 തീയതികളിൽ അഡാർട്ടിൽ വച്ച് ലഹരിവിമുക്തജീവിതം നയിക്കുന്നവർക്കുവേണ്ടി ഡയറക്ടറുടെ നേതൃത്വത്തിൽ എ.എം. മീറ്റിംഗ് നടത്തപ്പെട്ടു. പ്രസ്തുത യോഗത്തിൽ ലഹരിവിമുക്തജീവിതം നയിക്കുന്നവരെ അനുമോദിക്കുകയും ലഹരിവിമുക്തജീവിതം നയിക്കുന്നവർ അനുഭവങ്ങൾ പങ്കുവയ്ക്കുകയും ക്ലാസുകൾ നടത്തുകയും ചെയ്തു. 13 ജൂലൈ അരുണിമ എ.എ. മീറ്റിംഗ് അനുവേഴ്സറിയിൽ സമ്മേളനത്തിൽ അഡാർട്ട് ഡയറക്ടർ പങ്കുചേർന്ന് ആശീർവദിച്ചു.

**അൽ-അനോൺ & അൽ അറ്റീൻ കൂട്ടായ്മ**

ലഹരിവിമുക്തജീവിതം നയിക്കുന്നവരുടെ ജീവിതപങ്കാളികളുടെയും (അൽ -അനോൺ) അവരുടെ മക്കളുടെയും (അൽ-അറ്റീൻ) സംഗമം ജൂലൈ 7-ാം തീയതി ശനിയാഴ്ച രാവിലെ 11.30 ന് നടത്തി.

**ബോധവത്കരണക്ലാസുകൾ**

ജൂലൈ 2 ന് കുന്നന്താനം ഗവ. സ്കൂൾ 3 ന് ഗുഡ് ഷെപ്പേർഡ് മൈനർ സെമിനാരിയിലും 5-ാം തീയതി മുണ്ടാങ്കൽ സ്കൂൾ പി.ടി.എ. മീറ്റിങ്ങിലും 7-ാം തീയതി സെന്റ് മേരീസ് ഐങ്കൊമ്പിലും, 21-ാം തീയതി സെന്റ് സേവ്യേഴ്സ്

ചർച്ച് അടുക്കം എന്നിവിടങ്ങളിലെ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും മാതാപിതാക്കളെയും ലഹരിവിരുദ്ധബോധവത്കരണ ക്ലാസുകൾ നടത്തി. ഡയറക്ടർ റവ.ഫാ. ജെയിംസ് പൊരുന്നോലിൽ ക്ലാസുകൾക്കു നേതൃത്വം കൊടുത്തു.

**ആത്മവിശുദ്ധീകരണധ്യാനം**

ജൂലൈ മാസത്തിൽ അഡാർട്ടിൽ വച്ച് ആത്മവിശുദ്ധീകരണധ്യാനം നടത്തി. അഡാർട്ടിൽനിന്നു ചികിത്സ നേടിയവർക്കും നിലവിൽ ചികിത്സ നേടുന്നവർക്കും അവരുടെ കുടുംബാംഗങ്ങൾക്കുമായി നടത്തിയ ധ്യാനത്തിന് ഫാ. അലക്സാണ്ടർ കുരീക്കാട്ടിൽ, ബ്രദർ ജോസ് കാവാലി, ബ്രദർ ജോർജുകുട്ടി ആഗസ്തി, ബ്രദർ ഔതച്ചൻ പനച്ചിക്കൽ, എൻ.എം. സെബാസ്റ്റ്യൻ, ബ്രദർ രവി തോമസ്, ഫാ. ജെയിംസ് പൊരുന്നോലിൽ തുടങ്ങിയവർ നേതൃത്വം നല്കി.

**സന്ദർശനം നടത്തി**

അഡാർട്ട് ഡയറക്ടർ ഫാ. ജെയിംസ് പൊരുന്നോലിൽ 11 ജൂലൈയിൽ നവദീപ്തി ട്രീറ്റ്മെന്റ് സെന്റർ ഫോർ അഡിക്സ്, ജമ്മു സന്ദർശിച്ചു.

**ഫാ. ജെയിംസ് പൊരുന്നോലിൽ** (ഡയറക്ടർ)

## ബൈബിൾ അപ്പോസ്തലേറ്റ്

**ലോഗോസ് ക്വിസ്**

ലോഗോസ് ക്വിസ് മത്സരത്തിന്റെ രജിസ്ട്രേഷൻ ഫീസ് 20 രൂപയാണ്. ഓൺലൈൻ രജിസ്ട്രേഷൻ ഓഗസ്റ്റ് 5 ന് തീർക്കുമല്ലോ. തുകയും ഹെഡ് ഷീറ്റും ഓഗസ്റ്റ് 8-ാം തീയതി വൈകിട്ട് 5 മണിക്കുമുമ്പായി ഓഫീസിൽ എത്തിക്കേണ്ടതാണ്.

പഠനസഹായിയുടെ കോപ്പികൾ ഓഫീസിൽ ലഭ്യമാണ്.

| | | |
|---|---|---|
| പഠനവിഷയം : | ലൂക്ക 9-16 | 2 കോറിന്തോസ് 7-13 |
| | ന്യായാധിപൻ 1-10 | പ്രഭാഷകൻ 34-40 |

**ബൈബിൾ കോഴ്സ്**

അല്മായർക്കായി സംഘടിപ്പിക്കുന്ന ബൈബിൾ കോഴ്സിന്റെ ജൂലൈ മാസത്തിലെ വി. മാർക്കോസിന്റെ സുവിശേഷം ക്ലാസ് സി. റോജിറ്റ് സി.എം.സി. നയിച്ചു. അടുത്ത ക്ലാസ് ആഗസ്റ്റ് 12 ന് അരുണാപുരം പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ചു നടക്കും.

**ഫാ. തോമസ് പുതുപ്പറമ്പിൽ** (ഡയറക്ടർ)

## ഇവാഞ്ചലൈസേഷൻ

**1.** തിങ്കൾ, ചൊവ്വ, ബുധൻ, വ്യാഴം എന്നീ ദിവസങ്ങളിൽ ഷലോം പാസ്റ്ററൽ സെന്ററിൽ മദ്ധ്യസ്ഥപ്രാർത്ഥന നടക്കുന്നു.

**2.** ജൂലൈ 2, 30 തീയതികളിൽ വിവാഹ ഒരുക്ക സെമിനാറിൽ ക്ലസ്സെടുത്തു.

**3.** ജൂലൈ 11 ന് കുറവിലങ്ങാട്, കോതനല്ലൂർ സ്കൂളുകളിൽ ലഹരിവിരുദ്ധ ബോധവത്കരണക്ലാസ്സ് സംഘടിപ്പിച്ചു. ഫാ. ഡയറക്ടർ, ശ്രീ പ്രസാദ് കുരുവിള എന്നിവർ ക്ലാസ്സ് നയിച്ചു.

**4.** ഹോസ്പിറ്റൽ മിനിസ്ട്രി ജൂലൈ 9 ചൊവ്വാഴ്ച ശ്രീ സെബാസ്റ്റ്യൻ പൈലിയുടെയും റവ.സി. ജെയ്സി CMCയുടെയും നേതൃത്വത്തിൽ കൂത്താട്ടുകുളം മേരിമാതാ ആശുപത്രി സന്ദർശിച്ച് രോഗികൾക്കുവേണ്ടി പ്രാർത്ഥിച്ചു.

**5.** സ്ട്രീറ്റ് മിനിസ്ട്രി ജൂലൈ 2, 9, 23 തീയതികളിൽ കരിങ്കുന്നം, ഇടമറ്റം എന്നീ പ്രദേശങ്ങളിൽ തെരുവുശുശ്രൂഷ ചെയ്തു. റിട്ട. എസ്.ഐ. മാത്യു മാനത്തൂർ ശുശ്രൂഷകൾക്കു നേതൃത്വം നൽകി.

**6. കത്തോലിക്കാസഭയ്ക്കുവേണ്ടി മധ്യസ്ഥപ്രാർത്ഥനാശുശ്രൂഷകൾ**

1. പാലാ രൂപത ഇവാഞ്ചലൈസേഷന്റെ നേതൃത്വത്തിൽ വ്യാഴാഴ്ചകളിൽ രാവിലെ 3 ന് പാലാ കുരിശുപള്ളിയിൽനിന്ന് ആരംഭിച്ച് 14 കി.മീ കാൽനടയായി ജപമാല, കുരിശിന്റെ വഴി, കരുണക്കൊന്ത തുടങ്ങിയ പ്രാർത്ഥനാശുശ്രൂഷകളിലൂടെ കത്തോലിക്കാസഭയ്ക്കുവേണ്ടി ഈശോയുടെ സഹനത്തോടുചേർന്ന് മദ്ധ്യസ്ഥപ്രാർത്ഥനകൾ നടത്തി. അരുവിത്തുറ വല്യച്ചൻമലയിലെത്തുകയും തുടർന്ന് 7.30 ന്റെ അരുവിത്തുറ പള്ളിയിലെ വി. കുർബാനയോടെ സമാപിക്കുന്നു.

2. എല്ലാ ഞായറാഴ്ചകളിലും രാവിലെ 8 ന് വല്യച്ചൻമല അടിവാരത്തുനിന്ന് കുരിശിന്റെവഴി, മദ്ധ്യസ്ഥപ്രാർത്ഥനാശുശ്രൂഷകളും നടത്തപ്പെടുന്നു.

**ഫാ. ജേക്കബ് വെള്ളമരുതുങ്കൽ** (ഡയറക്ടർ)

# കരിസ്മാറ്റിക് വാർത്തകൾ

**1.** പാലാ കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് എല്ലാം വെള്ളിയാഴ്ചകളിലും കരിസ്മാറ്റിക് കൂട്ടായ്മയുടെ നേതൃത്വത്തിൽ ബേത്സയ്ഥ ശുശ്രൂഷ നടത്തപ്പെടുന്നു. രാവിലെ 9 മണിമുതൽ 2 മണിവരെയും കരുണക്കൊന്ത, ജപമാല, സ്തുതി ആരാധന, വിശുദ്ധ കുർബാന, വചനപ്രഘോഷണം, ദിവ്യകാരുണ്യ ആരാധന എന്നീ ശുശ്രൂഷകൾ നടത്തപ്പെട്ടു. ജൂലൈ മാസത്തിൽ റവ. ഫാ. ജോസഫ് മടത്തിക്കുന്നേൽ, ബ്രദർ ബാബു തൊമ്മനാമറ്റം, ബ്രദർ ലാലു PS പാലമറ്റത്തിൽ എന്നിവർ ഓരോ ആഴ്ചയിലും വചനപ്രഘോഷണം നടത്തുകയുണ്ടായി.

**2. ജൂബിലേവൂസ് 2026**

കേരള കത്തോലിക്ക കരിസ്മാറ്റിക് നവികരണ സുവർണ്ണജൂബിലി സഹസ്രദിന ഒരുക്കത്തിന്റെ ഭാഗമായി ചെയിൻ ഉപവാസ മദ്ധ്യസ്ഥപ്രാർത്ഥന ദിനമായി പാലാ സോണിന് നല്കപ്പെട്ടിരിക്കുന്ന ജൂലൈ 7 ഞായർ, കോതനല്ലൂർ സബ് സോണിന്റെ നേതൃത്വത്തിൽ സെന്റ് മേരീസ് കളത്തൂർ ദൈവാലയത്തിൽ വച്ച് ഉപവാസമദ്ധ്യസ്ഥപ്രാർത്ഥന നടത്തുകയുണ്ടായി. റവ. ഫാ ജേക്കബ് വെള്ളമരുതുങ്കൽ, റവ. ഫാ. ജോസഫ് മടത്തിക്കുന്നേൽ എന്നിവർ സോൺ, സബ് സോൺ സർവീസ് ടീം അംഗങ്ങൾ ശുശ്രൂഷകൾക്ക് നേതൃത്വം നൽകുകയുണ്ടായി.

**3.** പാലാ കരിസ്മാറ്റിക് സോൺ ക്രിസ്റ്റീൻ മിനിസ്ട്രി പാലാ സെന്റ് ജോർജ്ജ് പുത്തൻപള്ളി വച്ച് എല്ലാം വെള്ളിയാഴ്ചകളിലും വൈകുന്നേരം 6.30 മുതൽ 8.30 വരെ ക്രിസ്റ്റീൻ ധ്യാനം നടത്തുകയുണ്ടായി.

**5.** എല്ലാം വെള്ളിയാഴ്ചകളിലും രാത്രി 8.30 മുതൽ 9.30 വരെ കുരിശിന്റെ വഴിയും ഞായറാഴ്ചകളിൽ രാത്രി 8.30 മുതൽ 10 വരെ വചനസന്ദേശവും മദ്ധ്യസ്ഥപ്രാർത്ഥനയും ഓൺലൈനായി നടത്തപ്പെട്ടു.

**6.** പാലാ സോണിലെ 18 സബ് സോണുകളിലും സേവനസമിതിയംഗങ്ങളുടെ പുനസംഘടന പൂർത്തിയാക്കുകയും ജൂലൈ 16 ന് ഫോർമേഷൻ നൽകി കൈവയ്പുശുശ്രൂഷയും ചെയ്യുകയുണ്ടായി.

**ഫാ. ജേക്കബ് വെള്ളമരുതുങ്കൽ** (ഡയറക്ടർ)

## മൗണ്ട് നെബോ ധ്യാനകേന്ദ്രം

**1.** 2024 ജൂലൈ 28 മുതൽ ആഗസ്റ്റ് 3 വരെ മൗണ്ട് നെബോ ആബാഭവനത്തിൽ വച്ച് പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം നടന്നു.

**2.** രണ്ടാം ശനിയാഴ്ചകൾതോറും നടത്തപ്പെടുന്ന ഏകദിനദൈവരാജ്യപ്രഘോഷണധ്യാനം രാവിലെ 9 മണിക്ക് ആരംഭിച്ച്, മധ്യസ്ഥപ്രാർത്ഥന, നിയോഗ സമർപ്പണം, 10 മണി മുതൽ അനുതാപശുശ്രൂഷ, വിശുദ്ധ കുർബാന, തിരുവചന പ്രഘോഷണം, ആരാധന, വിടുതൽശുശ്രൂഷ അഭിഷേക-കൈവയ്പുശുശ്രൂഷകൾ എന്നിവയോടെ പൂർത്തിയാകുന്ന ധ്യാനം - ജൂലൈ 13 ന് മൗണ്ട് നെബോ ആബാഭവനത്തിൽ വച്ച് നടത്തി.

**3.** മൗണ്ട് നെബോ ആബാഭവനത്തിൽ അടുത്ത മാസങ്ങളിലെ ശുശ്രൂഷകൾ താഴെപ്പറയും വിധമായിരിക്കും:

2024 ആഗസ്റ്റ് 10 - ഏകദിന ദൈവരാജ്യപ്രഘോഷണധ്യാനം.

2024 ആഗസ്റ്റ് 25 മുതൽ 31 വരെ പഞ്ചദിന ദൈവരാജ്യനുഭവധ്യാനം.

ബുക്കിംഗിന് : www.mountnebo.online വെബ്സൈറ്റ് സന്ദർശിക്കുക.

അന്വേഷണങ്ങൾക്ക്: 9847472522; 7306371028

**ഫാ. തോമസ് വാഴചാരിക്കൽ** (ഡയറക്ടർ)

**ഫാ. ജോസഫ് മൂക്കൻതോട്ടത്തിൽ** (അസി. ഡയറക്ടർ)

**ഫാ. മാത്യു കാടൻകാവിൽ** (അസി. ഡയറക്ടർ)

## ഫ്രാൻസിസ്കൻ അല്മായസഭ

ഫ്രാൻസിസ്കൻ അല്മായസഭയുടെ പാലാ രൂപതയിലെ എല്ലാ യൂണിറ്റുകളിലും മുടങ്ങാതെ മാസംതോറുമുള്ള പ്രാർത്ഥനക്കൂട്ടായ്മകളും യൂണിറ്റ് മീറ്റിങ്ങുകളും നടന്നുവരുന്നു.

SFO രൂപത സ്പിരിചൽ അസിസ്റ്റന്റുമാരുടെ നേതൃത്വത്തിൽ രൂപത, റീജിയൻ ഭാരവാഹികൾ യൂണിറ്റുകൾ സന്ദർശിക്കുകയും മരണപ്പെട്ട അല്മായസഹോദരങ്ങളുടെ ഭവനത്തിലെത്തി ഒപ്പീസ് ചൊല്ലി പ്രാർത്ഥിക്കുകയും മൃതസംസ്കാരശുശ്രൂഷകളിൽ സംബന്ധിക്കുകയും ചെയ്തുവരുന്നു.

മേലുകാവുമറ്റം സെന്റ് തോമസ് പള്ളിയുടെ ശതാബ്ദിയാഘോഷത്തോടനുബന്ധിച്ച് ഇടവകയിൽ പ്രവർത്തിക്കുന്ന ഭക്തസംഘടനകളുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കപ്പെട്ട സംഘടനാസംഗമത്തിൽ SFO ഡയറക്ടർ ഫാ. ആന്റണി വെച്ചൂർ OFM Cap., രൂപത പ്രസിഡന്റ്, ബ്രദർ സോജൻ മാത്യു എന്നിവർ സംബന്ധിച്ച് ആശംസകൾ നേർന്നു. മുതിർന്ന SFO യൂണിറ്റ് അംഗം ബ്രദർ വി.ഐ. അബ്രാഹം വട്ടക്കാനായിലിനെ സംഘടനാസംഗമത്തിൽ വച്ച് ആദരിച്ചു.

SFO പാലാ രൂപതാസമിതിയുടെ ആഭിമുഖ്യത്തിൽ റീജിയൻ, യൂണിറ്റ് സമിതികളുടെ സഹകരണത്തോടെ ജൂലൈ 25-ാം തീയതി വ്യാഴാഴ്ച രാവിലെ 9.30 മുതൽ ഭരണങ്ങാനം അസ്സീസി ധ്യാനകേന്ദ്രത്തിൽ വച്ച് രൂപതാ സെമിനാർ നടത്തപ്പെട്ടു. SFO പാലാ രൂപത പ്രസിഡന്റ് ബ്രദർ സോജൻ മാത്യുവിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ SFO സീറോ മലബാർ ഏരിയ കൗൺസിൽ ബ്രദർ വി.എൽ. വർഗീസ് വളപ്പില മുഖ്യപ്രഭാഷണം നടത്തി. തുടർന്ന്, വി. അൽഫോൻസാ തീർത്ഥാടനകേന്ദ്രത്തിലേക്കു ജപമാലറാലി നടത്തി. തീർത്ഥാടനകേന്ദ്രം റെക്ടർ റവ.ഡോ. അഗസ്റ്റിൻ പാലയ്ക്കാപ്പറമ്പിൽ, വൈസ് റെക്ടർ റവ. ഫാ. ആന്റണി തോണക്കര, അഡ്മിനിസ്ട്രേറ്റർ റവ.ഫാ. ഗർവാസിസ് ആനിത്തോട്ടം എന്നിവർ ചേർന്ന് ജപമാലറാലിയെ സ്വീകരിച്ചു. ഉച്ചകഴിഞ്ഞ് 2.30 ന് SFO ഡയറക്ടർ റവ.ഫാ. ആന്റണി വെച്ചൂരിന്റെ മുഖ്യകാർമികത്വത്തിൽ ദിവ്യബലി അർപ്പണവും നടന്നു.

രൂപത സ്പിരിചൽ അസിസ്റ്റന്റുമാരായ ഫാ. ജിതിൻ വടക്കുംമുറി OFM Cap., ഫാ. ആദർശ് വടക്കേത്ത് OFM Cap., രൂപതാസമിതി ഭാരവാഹികളായ ടോമി കെ. മാത്യു കളപ്പുരയ്ക്കൽ, റ്റിസി രാജു കടലംകാട്ട്, അന്നക്കുട്ടി തോമസ് പുത്തൻപറമ്പിൽ, സി.ജെ. തോമസ് ചാലിൽ, സി. ജെ. കുര്യൻ ചെറുകാട്ടിൽ, ടോമി സേവ്യർ തെക്കേൽ, ടോമി തോമസ് കുന്നത്തൂർ, വി.റ്റി. മത്തായി വാളിയാങ്കൽ തുടങ്ങിയവർ വിവിധ പരിപാടികൾക്ക് നേതൃത്വം നൽകി.

**ഫാ. ആന്റണി വെച്ചൂർ OFM. Cap.**(ഡയറക്ടർ)

## ദീപിക ഫ്രണ്ട്സ് ക്ലബ്

**1. മീറ്റിംഗ്**

(1) ഡി.എഫ്.സി. രൂപത, ഫൊറോന എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി.

(2) ഡി.എഫ്.സി. രൂപത, ഫൊറോന എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. സ്കൂൾ സന്ദർശനം പൂർത്തിയാക്കിയ ഫൊറോനകളിലെ സ്കൂളുകളിൽനിന്ന് ടീച്ചേഴ്സ് കോപ്പി ലിസ്റ്റ് ഫൊറോനാഭാരവാഹികൾ കളക്ടുചെയ്യണമെന്ന് തീരുമാനിച്ചു.

**2. കോട്ടയം ജില്ലാ 75-ാമത് വാർഷികം**

കോട്ടയം ഇന്ദ്രപ്രസ്ഥം ഓഡിറ്റോറിയത്തിൽ നടന്ന കോട്ടയം ജില്ലാ രൂപീകരണത്തിന്റെ 75-ാമത് വാർഷികത്തിൽ 25 ഡി.എഫ്.സി പ്രവർത്തകർ സംബന്ധിച്ചു.

**3. ഫൊറോന മീറ്റിംഗ്**

1) ഡി.എഫ്.സി അരുവിത്തുറ ഫൊറോന മീറ്റിംഗ് നടന്നു. ഓഗസ്റ്റ് 4-ന് അരുവിത്തുറ സെന്റ് ജോർജ് പാരിഷ് ഹാളിൽ നടക്കുന്ന ഫൊറോനാ കൺവൻഷന്റെ വിജയത്തിനായി കമ്മിറ്റികൾ രൂപീകരിച്ചു.

**4. ദീപിക 138-ാമത് ജന്മദിനസമ്മേളനം**

പാലാ ടൗൺഹാളിൽ നടന്ന ദീപിക 138-ാമത് വാർഷികത്തിൽ 160 ഡി.എഫ്.സി. മെമ്പേഴ്സ് പങ്കെടുത്തു.

**5. ദീപിക നമ്മുടെ ഭാഷാപദ്ധതി**

1. **ചേർപ്പുങ്കൽ ഹോളിക്രോസ് ഹയർ സെക്കൻഡറി സ്കൂളിലെ** ദീപിക നമ്മുടെ ഭാഷാപദ്ധതി പ്രിൻസിപ്പൽ ഫാ. സോമി മാത്യു, ഹെഡ്മാസ്റ്റർ ഷാജി ജോസഫ് എന്നിവർക്ക് പത്രം നൽകി മാനേജർ റവ. ഫാ. ജോസഫ് പാനാമ്പുഴ ഉദ്ഘാടനം ചെയ്തു. ഫാ. ചാൾസ് പേണ്ടാനത്ത്, ഫാ. അജിത്ത് പരിയാരത്ത്, ഡിഎഫ്സി രൂപത കോർഡിനേറ്റർ ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം, രൂപത ഭാരവാഹികളായ ജയ്സൺ കുഴികോടിയിൽ, ഫ്ളവറി സെബാസ്റ്റ്യൻ, സോജൻ മാത്യു, പി.റ്റി.എ പ്രസിഡന്റ് സജു കൂടത്തിനാൽ, സെൻ അബ്രാഹം തുടങ്ങിയവർ സന്നിഹിതരായിരുന്നു.

2. **പെരിങ്ങുളം സെന്റ് അഗസ്റ്റ്യൻസ് ഹൈസ്കൂളിൽ** ദീപിക നമ്മുടെ ഭാഷാപദ്ധതി, ഹെഡ്മാസ്റ്റർ ജോസുകുട്ടി ജേക്കബിന് പത്രം നൽകിക്കൊണ്ട് സ്കൂൾ മാനേജർ റവ.ഫാ. ജോർജ് മടുക്കാവിൽ ഉദ്ഘാടനം ചെയ്തു. ഡിഎഫ്സി രൂപത കോർഡിനേറ്റർ ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം, രൂപത ഭാരവാഹികൾ തുടങ്ങിയവർ സന്നിഹിതരായിരുന്നു.

3. **പൂഞ്ഞാർ സെന്റ് ജോസഫ് യുപി സ്കൂളിലെ** ദീപിക നമ്മുടെ ഭാഷാ പദ്ധതിയുടെ ഉദ്ഘാടനം സ്കൂൾ മാനേജർ ഫാ. തോമസ് പനയ്ക്കകുഴിയിൽ വിദ്യാർത്ഥികൾക്ക് കോപ്പികൾ നൽകി നിർവഹിച്ചു. ഡിഎഫ്സി രൂപത കോർഡിനേറ്റർ ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം, ഹെഡ്മിസ്ട്രസ്, ഡിഎഫ്സി രൂപതാഭാരവാഹികൾ, അധ്യാപകർ എന്നിവർ പങ്കെടുത്തു.

4. **പാളയം സെന്റ് സേവ്യേഴ്സ് യുപി സ്കൂളിൽ** ദീപിക നമ്മുടെ ഭാഷാപദ്ധതിയുടെ ഉദ്ഘാടനം സ്കൂൾ മാനേജർ ഫാ. മാത്യു അറയ്ക്കപ്പറമ്പിലിന് പത്രം നൽകി പൂർവവിദ്യാർത്ഥിയും മാന്നാനം സെന്റ് എഫ്രേംസ് ഹയർ സെക്കൻഡറി സ്കൂൾ റിട്ടയേർഡ് അധ്യാപകനുമായ ശ്രീ. മൈക്കിൾ സിറിയക് മറ്റപ്പള്ളിൽ നിർവഹിച്ചു. ഡിഎഫ്സി രൂപത കോർഡിനേറ്റർ ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം, രൂപത പ്രസിഡന്റ് ജയ്സൺ കുഴികോടിയിൽ ഹെഡ്മിസ്ട്രസ് സീമ സാബു, സിസ്റ്റർ നീതു, അധ്യാപകർ തുടങ്ങിയവർ സന്നിഹിതരായിരുന്നു.

5. **അടിവാരം സെന്റ് മേരീസ് എൽ.പി സ്കൂളിലെ** ദീപിക നമ്മുടെ ഭാഷാപദ്ധതി ഹെഡ്മിസ്ട്രസ് ശ്രീമതി ജോളി ജേക്കബിന് പത്രം നൽകി ശ്രീ ജോസഫ് എം.സി നിർവഹിച്ചു. ഡിഎഫ്സി രൂപത കോർഡിനേറ്റർ ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം, രൂപത പ്രസിഡന്റെ ജയ്സൺ ജോസഫ്, മേഖല ഭാര

വാഹികളായ സ്റ്റാൻലി ജോർജ്, സെബാസ്റ്റ്യൻ ജോസഫ്, അധ്യാപകർ തുടങ്ങിയവർ പങ്കെടുത്തു.

6. **മാൻവെട്ടം സെന്റ് ജോർജ് യുപി സ്കൂളിൽ** ദീപിക നമ്മുടെ ഭാഷാപദ്ധതിയുടെ ഉദ്ഘാടനം സ്കൂൾ മാനേജർ ഡോ. സൈറസ് വേലംപറമ്പിൽ ഹെഡ്മാസ്റ്റർ കെ.ജെ. സെബാസ്റ്റ്യന് നൽകി നിർവഹിച്ചു. അസി. വികാരി ഫാ. ജോസഫ് ചൂരക്കൽ, എ.കെ.സി.സി മാൻവെട്ടം യൂണിറ്റ് ഭാരവാഹികൾ ഡിഎഫ്സി യൂണിറ്റ് ഭാരവാഹികൾ എന്നിവർ സന്നിഹിതരായിരുന്നു.

7. **ചേന്നാട് സെന്റ് മരിയ ഗൊരേത്തീസ് ഹൈസ്കൂളിൽ** ദീപിക നമ്മുടെ ഭാഷാപദ്ധതിയുടെ ഉദ്ഘാടനം സ്പോൺസറായ അജിത് അരിമറ്റം ഫാ. തോമസ് മൂലേച്ചാലിൽ എന്നിവർ വിദ്യാർത്ഥികൾക്ക് പത്രം നൽകി നിർവഹിച്ചു. ഹെഡ്മിസ്ട്രസ് സിസ്റ്റർ സിസി, ഡിഎഫ്സി രൂപത കോർഡിനേറ്റർ ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം, രൂപത ഭാരവാഹികളായ ജയ്സൺ ജോസഫ്, ജോസ് കിഴവഞ്ചിറ, അധ്യാപകർ, പി.റ്റി.എ പ്രതിനിധികൾ തുടങ്ങിയവർ സന്നിഹിതരായിരുന്നു.

8. **കടപ്ലാമറ്റം സെന്റ് ആന്റണീസ് ഹൈസ്കൂളിലെ** ദീപിക നമ്മുടെ ഭാഷാപദ്ധതി ഉദ്ഘാടനം ഹെഡ്മാസ്റ്റർ ബെന്നിച്ചൻ പി.ഐ, മാനേജർ ഫാ. ജോസഫ് മുളഞ്ഞനാൽ എന്നിവർക്കു പത്രം നൽകി നടുക്കര ചാരിറ്റബിൾ ട്രസ്റ്റ് ഡയറക്ടർ ശ്രീമതി കെ.പി. സിസിലി നടുക്കര നിർവഹിച്ചു. ഡിഎഫ്സി രൂപത കോർഡിനേറ്റർ ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം, രൂപത പ്രസിഡന്റ് ജയ്സൺ കുഴികോടിയിൽ സ്റ്റാഫ് പ്രതിനിധി സോജൻ ജേക്കബ് തുരുത്തിയിൽ സിസ്റ്റർ ജെസ്സി ഡി.എസ്.ടി അധ്യാപകർ തുടങ്ങിയവർ സന്നിഹിതരായിരുന്നു.

9. **പിഴക് നിർമ്മല പബ്ലിക് സ്കൂളിലെ** ദീപിക നമ്മുടെ ഭാഷാപദ്ധതി ഉദ്ഘാടനം സ്പോൺസർമാരായ ലിബി അനിൽ മണിമല, ദീപാ മാമ്പറമ്പിൽ, ബെൻസി മലയിൽ എന്നിവർ പ്രിൻസിപ്പൽ സിസ്റ്റർ സുജിത സി.ജെ, സിസ്റ്റർ സീമ എന്നിവർക്ക് പത്രം നൽകി നിർവഹിച്ചു. പി.റ്റി.എ പ്രസിഡന്റ് ഡേവിസ് മാത്യു കല്ലറയ്ക്കൽ, ഡിഎഫ്സി രൂപത കോർഡിനേറ്റർ ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം, രൂപത ഭാരവാഹികളായ ജയ്സൺ ജോസഫ്, മധു സെബാസ്റ്റ്യൻ ഡി.സി.എൽ ഡയറക്ടർ എ.എം. അധ്യാപകർ തുടങ്ങിയവർ സന്നിഹിതരായിരുന്നു.

10. **വിളക്കുമാടം സെന്റ് ജോസഫ് ഹയർ സെക്കൻഡറി സ്കൂളിലെ** ദീപിക നമ്മുടെ ഭാഷാപദ്ധതി ഉദ്ഘാടനം മാനേജർ ഫാ. മാത്യു മണ്ണൂകുശുമ്പിൽ ഹെഡ്മിസ്ട്രസ് ശ്രീമതി ഷൈനി ജോസിന് പത്രം നല്കി നിർവഹിച്ചു. ഡിഎഫ്സി രൂപത കോർഡിനേറ്റർ ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം, രൂപത ഭാരവാഹികളായ ജയ്സൺ ജോസഫ്, രാജു കൊക്കപ്പുഴ, അലക്സ് ജെ. ഡയസ്, മോളി ജോൺ, അധ്യാപകർ വിദ്യാർത്ഥികൾ തുടങ്ങിയവർ സന്നിഹിതരായിരുന്നു.

11. **ഇടമറ്റം കെ.ടി.ജെ.എം ഹൈസ്കൂളിലെ** ദീപിക നമ്മുടെ ഭാഷാപദ്ധതി ഉദ്ഘാടനം സ്പോൺസർമാരായ ജോസി കൊക്കപ്പുഴ, മോളി ഇടയാടിയിൽ, ലയൺസ് ക്ലബ് ഓഫ് പാലാ സെൻട്രൽ എന്നിവർ മാനേജർ ഫാ. ജോസ് നെടുമ്പാറ ഹെഡ്മിസ്ട്രസ് ശ്രീമതി ട്രീസ ജോസ് എന്നിവർക്കു നൽകി നിർവഹിച്ചു. സെന്റ്

മൈക്കിൾസ് പള്ളി വികാരി ഫാ. മാത്യു കിഴക്കേഅരഞ്ഞാണിയിൽ, ഡിഎഫ്സി രൂപത കോർഡിനേറ്റർ ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം, രൂപത ഭാരവാഹികളായ ജയ്സൺ ജോസഫ്, രാജു കൊക്കപ്പുഴ, മോളി ജോൺ, അധ്യാപകർ വിദ്യാർത്ഥികൾ തുടങ്ങിയവർ സന്നിഹിതരായിരുന്നു.

12. **പൈക ജ്യോതി പബ്ലിക് സ്കൂളിൽ** ദീപിക നമ്മുടെ ഭാഷാപദ്ധതിയുടെ ഉദ്ഘാടനം പി.റ്റി.എ പ്രസിഡന്റ് ജിന്റോ മാത്യു ഇടപ്പാടിയിൽ പത്രത്തിന്റെ കോപ്പി പ്രിൻസിപ്പാൾ സിസ്റ്റർ ലിസറ്റിനു നൽകി നിർവഹിക്കുന്നു. ഡിഎഫ്സി രൂപത കോ-ഓർഡിനേറ്റർ ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം രൂപത പ്രസിഡന്റ് ജയ്സൺ കുഴികോടിയിൽ, ഫൊറോന ഭാരവാഹികളായ ചാക്കോച്ചൻ കളപ്പുര, തോമാച്ചൻ പാലാക്കുടി, ഡിസിഎൽ ശാഖാ ഡയറക്ടർ അമ്പിളി, അധ്യാപകർ തുടങ്ങിയവർ സന്നിഹിതരായിരുന്നു.

13. **വിളക്കുമാടം സെന്റ് ജോസഫ് ഹയർ സെക്കൻഡറി സ്കൂളിൽ** ദീപിക നമ്മുടെ ഭാഷാപദ്ധതിയുടെ ഉദ്ഘാടനം മാനേജർ ഫാ. ജോർജ് മണ്ണൂക്കുശുമ്പിൽ ഹെഡ്മിസ്ട്രസ് ഷൈനി ജോസിനു പത്രം നൽകി നിർവഹിച്ചു. ഡിഎഫ്സി രൂപത കോ-ഓർഡിനേറ്റർ ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം രൂപത പ്രസിഡന്റ് ജയ്സൺ കുഴികോടിയിൽ, രാജു കൊക്കപ്പുഴ, അലക്സ് ജെ. ഡയസ്, മോളി ജോൺ അധ്യപകർ തുടങ്ങിയവർ സംബന്ധിച്ചു.

14. **മണിയംകുന്ന് സെന്റ് ജോസഫ് യുപി സ്കൂളിൽ** ദീപിക നമ്മുടെ ഭാഷാപദ്ധതിയുടെ ഉദ്ഘാടനം സ്പോൺസർമാരായ മണിയംകുന്ന് റെസിഡന്റ്സ് അസോസിയേഷൻ ഭാരവാഹികളായ സി.എം ജോർജ് ചെമ്പകത്തിനാൽ, ജോയി വിളക്കുന്നേൽ എന്നിവർ പത്രത്തിന്റെ കോപ്പി മാനേജർ ഫാ. ജോർജ് തെരുവിലിനു നൽകി നിർവഹിച്ചു. ഹെഡ്മിസ്ട്രസ് സിസ്റ്റർ മഞ്ജുമോൾ ജോസഫ്, പഞ്ചായത്ത് വൈസ് പ്രസിഡന്റ് തോമസുകുട്ടി കരിയാംപുരയിടം പി.ടി.എ പ്രസിഡന്റ് ജോയി ഫിലിപ്പ്, അധ്യാപകർ തുടങ്ങിയവർ സംബന്ധിച്ചു.

15. **അരുവിത്തുറ സെന്റ് അൽഫോൻസാ പബ്ലിക് സ്കൂൾ ആൻഡ് ജൂണിയർ കോളേജിൽ** ദീപിക ഭാഷാപദ്ധതിയുടെ ഉദ്ഘാടനം അരുവിത്തുറ ലയൺസ് ക്ലബ് പ്രസിഡന്റ് മനോജ് മാത്യു പരവരാകത്തും ലയൺസ് സിസ്ട്രിക് ചീഫ് പ്രോജക്ട് കോ-ഓർഡിനേറ്റർ സിബി മാത്യു പ്ലാത്തോട്ടവും ചേർന്ന് സ്കൂൾ ലീഡർമാർക്കു പത്രം കൈമാറി നിർവഹിച്ചു. ഡിഎഫ്സി രൂപത കോ-ഓർഡിനേറ്റർ ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം, സ്കൂൾ പ്രിൻസിപ്പൽ സിസ്റ്റർ സൗമ്യ, അരുവിത്തുറ ലയൺസ് ക്ലബ് സെക്രട്ടറി മനേഷ് കല്ലറയ്ക്കൽ, ക്ലബ് അഡ്മിനിസ്ട്രേറ്റർ റ്റിറ്റോ തെക്കേൽ തുടങ്ങിയവർ സന്നിഹിതരായിരുന്നു.

16. **കാഞ്ഞിരമറ്റം ലിറ്റിൽ ഫ്ളവർ എൽ.പി. സ്കൂളിൽ** ആരംഭിച്ച ദീപിക നമ്മുടെ ഭാഷാപദ്ധതിയുടെ ഉദ്ഘാടനം സ്കൂൾ മാനേജർ ഫാ. ജോസഫ് മണ്ണനാൽ വിദ്യാർത്ഥിപ്രതിനിധികൾക്കു പത്രം നൽകി നിർവഹിച്ചു. ഹെഡ്മിസ്ട്രസ് ലിൻഡാ തോമസ്, പി.ടി.എ പ്രസിഡന്റ് ജയ്സൺ, എബ്രാഹം മൂങ്ങാമാക്കൽ, ബി.ആർ.സി ട്രെയിനർ കെ.വി. പ്രമോദ് തുടങ്ങിയവർ സന്നിഹിതരായിരുന്നു.

17. **മുത്തോലി സെന്റ് ജോസഫ്സ് ടി.ടി.ഐ യിൽ** ദീപിക നമ്മുടെ ഭാഷാപദ്ധ

തിയുടെ ഉദ്ഘാടനം സ്പോൺസറും പഞ്ചായത്തംഗവുമായ ഫിലോമിന അമ്പലത്തുമുണ്ടയ്ക്കൽ പത്രത്തിന്റെ കോപ്പി അധ്യാപക-വിദ്യാർത്ഥി പ്രതിനിധികൾക്കു നൽകി നിർവഹിച്ചു. ഡിഎഫ്സി രൂപത കോ-ഓർഡിനേറ്റർ ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം രൂപത പ്രസിഡന്റ് ജയ്സൺ കുഴികോടിയിൽ, ഡി.സി.എൽ ശാഖാ ഡയറക്ടർ റെജീന, അധ്യാപകർ തുടങ്ങിയവർ സന്നിഹിതരായിരുന്നു.

18. **പൈക ലിറ്റിൽ ഫ്ളവർ എൽപി സ്കൂളിൽ** ദീപിക നമ്മുടെ ഭാഷാപദ്ധതിയുടെ ഉദ്ഘാടനം ഡിഎഫ്സി യൂണിറ്റ് പ്രസിഡന്റ് തോമാച്ചൻ പാലക്കുടി പത്രത്തിന്റെ കോപ്പി ഹെഡ്മിസ്ട്രസ് സിസ്റ്റർ ലിസയ്ക്കു നൽകി നിർവഹിച്ചു. ഡിഎഫ്സി രൂപത കോ-ഓർഡിനേറ്റർ ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം രൂപത പ്രസിഡന്റ് ജയ്സൺ കുഴികോടിയിൽ, ഫൊറോന ഭാരവാഹികളായ ചാക്കോച്ചൻ കളപ്പുര, ജിന്റെ ഇടപ്പാടിയിൽ, ഡിസിഎൽ ശാഖാ ഡയറക്ടർ ജിസ് കെ. തോമസ് കടപ്പൂർ, അധ്യാപകർ തുടങ്ങിയവർ സന്നിഹിതരായിരുന്നു.

19. **മേരിമാതാ പബ്ലിക് സ്കൂളിൽ** ദീപിക നമ്മുടെ ഭാഷാപദ്ധതിയുടെ ഉദ്ഘാടനം പി.ടി.എ പ്രസിഡന്റ് സാവിയോ മൈക്കിൾ പള്ളിക്കുന്നേൽ പത്രത്തിന്റെ കോപ്പി പ്രിൻസിപ്പൽ സിസ്റ്റർ ലിസിക്കു നൽകി നിർവഹിച്ചു. ഡിഎഫ്സി രൂപത കോ-ഓർഡിനേറ്റർ ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം രൂപത പ്രസിഡന്റ് ജയ്സൺ കുഴികോടിയിൽ, സിസ്റ്റർ ലിസ്ബത്ത് തുടങ്ങിയവർ സന്നിഹിതരായിരുന്നു.

21. **വേലത്തുശ്ശേരി സെന്റ് തോമസ് എൽപി. സ്കൂളിൽ** ദീപിക നമ്മുടെ ഭാഷാപദ്ധതിയുടെ ഉദ്ഘാടനം തീക്കോയി സർവീസ് സഹകരണബാങ്ക് ഭരണസമിതിയംഗം ബേബി മുത്തനാട്ട് ഹെഡ്മിസ്ട്രസിനു നൽകി നിർവഹിച്ചു.

22. **ഇടമറ്റം കെ.ടി.ടി.എം എൽപി സ്കൂളിലെ** ദീപിക നമ്മുടെ ഭാഷാപദ്ധതിയുടെ ഉദ്ഘാടനം വികാരി ഫാ. മാത്യു കിഴക്കേഅരഞ്ഞാണിയിൽ ഹെഡ്മിസ്ട്രസ് സിസ്റ്റർ മേഴ്സി, വിദ്യാർത്ഥി പ്രതിനിധികൾ എന്നിവർക്കു പത്രം നൽകി നിർവഹിക്കുന്നു. ഫാ. ജോസ് നെടുമ്പാറ, ഡിഎഫ്സി രൂപത കോർഡിനേറ്റർ ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം, രൂപതാഭാരവാഹികളായ ജയ്സൺ ജോസഫ്, രാജു കൊക്കപ്പുഴ, മോളി ജോൺ, അധ്യാപകർ, വിദ്യാർത്ഥികൾ തുടങ്ങിയവർ സന്നിഹിതരായിരുന്നു.

23. **കുറവിലങ്ങാട് സെന്റ് മേരീസ് എൽ.പി. സ്കൂളിൽ** ദീപിക നമ്മുടെ ഭാഷാപദ്ധതിയുടെ ഉദ്ഘാടനം സ്കൂൾ അസി. മാനേജർ ഫാ. ഓസ്റ്റിൻ മേച്ചേരിൽ ഹെഡ്മിസ്ട്രസ് സിസ്റ്റർ ലിസ് മാത്യുവിനു പത്രത്തിന്റെ കോപ്പി നൽകി നിർവഹിച്ചു.

24. **മുട്ടുചിറ സെന്റ് ആഗ്നസ് ഹയർ സെക്കൻഡറി സ്കൂളിൽ** ദീപിക നമ്മുടെ ഭാഷാപദ്ധതിയുടെ ഉദ്ഘാടനം നടന്നു.

25. **മുട്ടുചിറ ഗവ. യു.പി. സ്കൂളിൽ** ദീപിക നമ്മുടെ ഭാഷാപദ്ധതിയുടെ ഉദ്ഘാടനം നടത്തി.

26. **രാമപുരം എസ്.എച്ച്.ജി.എച്ച്.എസിൽ** നടന്ന ദീപിക നമ്മുടെ ഭാഷാപദ്ധതിയുടെ ഉദ്ഘാടനം രാമപുരം റോട്ടറി ക്ലബ് പ്രസിഡന്റ് റ്റോജോ സെബാസ്റ്റ്യൻ പുതിയിടത്തുചാലിൽ ഹെഡ്മിസ്ട്രസ് സിസ്റ്റർ എലിസബത്തിനു പത്രം നല്കി നിർവഹിച്ചു.

27. **കുറുമണ്ണ് സെന്റ് ജോൺസ് ഹൈസ്കൂളിൽ** നടന്ന ദീപിക നമ്മുടെ ഭാഷാ പദ്ധതിയുടെ ഉദ്ഘാടനം ലയൺസ് ക്ലബ് ഓഫ് കൊല്ലപ്പള്ളിയുടെ നേതൃത്തിൽ നടന്നു. ജില്ലാ ചീഫ് പ്രോജക്ട് കോ-ഓർഡിനേറ്റർ സിബി മാത്യു പ്ലാത്തോട്ടവും സോൺ ചെയർപേഴ്സൺ ബി. ഹരിദാസും ക്ലബ് പ്രസിഡന്റ് നിക്സൺ കെ. അറയ്ക്കലും ചേർന്ന് ഹെഡ്മാസ്റ്റർ ബിജോയി ജോസഫിന് ദീപിക പത്രം കൈമാറി ഉദ്ഘാടനം നിർവഹിച്ചു.

28. **ചെമ്മലമറ്റം ലെറ്റിൽ ഫ്ളവർ ഹൈസ്കൂളിൽ** ദീപിക നമ്മുടെ ഭാഷാപദ്ധതിയുടെ ഭാഷാപദ്ധതിയുടെ ഉദ്ഘാടനം നടന്നു.

29. **വലിയകുമാരമംഗലം സെന്റ് മേരീസ് എൽ.പി. സ്കൂളിൽ** ദീപിക നമ്മുടെ ഭാഷാപദ്ധതിയുടെ ഉദ്ഘാടനം നടന്നു.

30. **ചേറ്റുതോട് സെന്റ് ജോസഫ് എൽ.പി. സ്കൂളിൽ** ദീപിക നമ്മുടെ ഭാഷാ പദ്ധതിയുടെ ഉദ്ഘാടനം നടന്നു.

31. **പാതാഴ സെന്റ് സെബാസ്റ്റ്യൻസ് എൽ.പി.സ്കൂളിൽ** ദീപിക നമ്മുടെ ഭാഷാ പദ്ധതിയുടെ ഉദ്ഘാടനം നടന്നു.

**6. സന്ദർശനം**

1. സെന്റ് തോമസ് യു.പി. സ്കൂൾ പൂവത്തോട്
2. സെന്റ് ജോൺസ് എൽ.പി. സ്കൂൾ അമ്പാറനിരപ്പേൽ
3.സെന്റ് ഡൊമിനിക് സാവിയോ യു.പി. സ്കൂൾ മല്ലികശ്ശേരി
4. സെന്റ് മേരീസ് യു.പി. സ്കൂൾ വിളക്കുമാടം
5. സെന്റ് അലോഷ്യസ് ഹൈസ്കൂൾ മണലുങ്കൽ
2. എച്ച്.എഫ്. എൽ.പി. സ്കൂൾ മണലുങ്കൽ
3. സെന്റ് നെപുംസ്യാൻസ് എച്ച്.എസ്.എസ് കൊഴുവനാൽ
5. സെന്റ് ജോസഫ് റ്റി.റ്റി.ഐ മുത്തോലി സെക്രട്ടറി

**7. ടീച്ചേഴ്സ് കോപ്പി**

ദീപിക ടീച്ചേഴ്സ് കോപ്പി പദ്ധതിയിൽ പൂർണ്ണമായും സഹകരിച്ച സ്കൂളുകൾ

1. സെന്റ് എഫ്രേം യു.പി. സ്കൂൾ കവീക്കുന്ന്
2. സെന്റ് ജോസഫ് എൽ.പി.സ്കൂൾ ചേറ്റുതോട്
3. സെന്റ് സെബാസ്റ്റ്യൻസ് എൽ.പി. സ്കൂൾ പാതാഴ
4. സെന്റ് മേരീസ് എൽ.പി.സ്കൂൾ അടിവാരം

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# ഇൻഫാം

## ഇൻഫാം എക്സിക്യൂട്ടീവ് കമ്മിറ്റി

ഇൻഫാം പാലാ കാർഷികജില്ലാ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ഒരു യോഗം 29.06.2024 ശനിയാഴ്ച വൈകിട്ട് 4 ന് ഡയറക്ടർ ഫാ. ജോസ് തറപ്പേലിന്റെ അധ്യക്ഷതയിൽ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ചു നടന്നു. 16.07.2024 ൽ കാഞ്ഞിരപ്പള്ളി പൊടിമറ്റത്ത് വച്ചു നടക്കുന്ന ഇൻഫാം വീർ കിസാൻ ഭൂമിപത്ര അവാർഡുദാന ച്ചടങ്ങിനെ സംബന്ധിച്ച് ഫാ. ജോസ് തറപ്പേൽ അറിയിക്കുകയും പ്രസ്തുത ചടങ്ങിൽ പാലാ രൂപതയിൽനിന്ന് പരമാവധി ഇൻഫാം പ്രവർത്തകരെ പങ്കെടുപ്പിക്കുന്നതിനെപ്പറ്റി ചർച്ച ചെയ്യുകയും ചെയ്തു. പ്രസിഡന്റ് ഡോ. കെ.കെ. ജോസ്, സെക്രട്ടറി തോമസ് മറ്റം മറ്റു എക്സിക്യൂട്ടീവ് അംഗങ്ങൾ എന്നിവർ പങ്കെടുത്തു.

## കടുത്തുരുത്തി തുരുത്തിപ്പള്ളി യൂണിറ്റ് ഉദ്ഘാടനം

07.07.2024 ഞായറാഴ്ച രാവിലെ 11.30 ന് തുരുത്തിപ്പള്ളി യൂണിറ്റിന്റെ ഉദ്ഘാടനം നടത്തപ്പെട്ടു. വികാരി റവ.ഫാ. ജോസ് നെല്ലിക്കത്തെരുവിൽ അധ്യക്ഷത വഹിച്ചു. റവ.ഫാ. ജോസ് തറപ്പേൽ ഉദ്ഘാടനം നിർവഹിച്ചു. പ്രസിഡന്റ് ഡോ. കെ.കെ.ജോസ് ക്ലാസെടുത്തു. തുടർന്ന് ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് നടന്നു.

## ഇൻഫാം വീർ കിസാൻ ഭൂമിപത്ര അവാർഡ്

16.07.2024 ൽ കാഞ്ഞിരപ്പള്ളി പൊടിമറ്റംപള്ളി പാരിഷ് ഹാളിൽ വച്ച് ഇൻഫാം 'വീർ കിസാൻ ഭൂമിപത്ര' അവാർഡുദാനച്ചടങ്ങ് നടത്തി. 80 വയസ് കഴിഞ്ഞ ഇരുന്നൂറോളം കർഷകരെ അവാർഡുകൾ നൽകി ആദരിച്ചു. സീറോ മലബാർ സഭ മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ, ഇൻഫാം ദേശീയ രക്ഷാധികാരിയും താമരശ്ശേരി രൂപതാദ്ധ്യക്ഷനുമായ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ, കാഞ്ഞിരപ്പള്ളി രൂപതാദ്ധ്യക്ഷൻ മാർ ജോസ് പുളിക്കൽ എന്നിവർ ചേർന്നാണ് കർഷകർക്ക് ആദരവ് നല്കിയത്. ദേശീയ ചെയർമാൻ ഫാ. തോമസ് മറ്റമുണ്ടയിൽ, ദേശീയ ഡയറക്ടർ ഫാ. ജോസഫ് ചെറുകരക്കുന്നേൽ, ദേശീയ ജനറൽ സെക്രട്ടറി, ഫാ. ജോസഫ് കാവനാടിയിൽ, സംസ്ഥാന ഡയറക്ടർ ഫാ. ജോർജ് പൊട്ടയ്ക്കൽ, പാലാ കാർഷികജില്ലാ ഡയറക്ടർ ഫാ. ജോസ് തറപ്പേൽ, മറ്റ് ദേശീയ സംസ്ഥാനഭാരവാഹികൾ തുടങ്ങിയവർ പങ്കെടുത്തു. രണ്ടായിരത്തിലധികം പേർ പങ്കെടുത്ത യോഗത്തിൽ പാലാ കാർഷികജില്ലയിൽനിന്ന് അറുപതോളം പേർ പങ്കെടുത്തു.

**ഫാ. ജോസ് തറപ്പേൽ** (ഡയറക്ടർ)






## ഫാ. തോമസ് പുരയിടം

മേരിലാന്റ് സെയ്ന്റ് മേരീസ് ഇടവകയിൽ മാത്യു-മറിയം ദമ്പതികളുടെ 7 മക്കളിൽ ഒരാളായി 1944 ജൂലൈ 3-ാം തീയതി തോമസ് പുരയിടം ജനിച്ചു. പാലാ സെയ്ന്റ് തോമസ് കോളേജിൽനിന്നു ബിരുദം കരസ്ഥമാക്കിയശേഷം രൂപതയുടെ മൈനർ സെമിനാരിയിൽ വൈദികപഠനത്തിനായി ചേർന്നു. ആലുവ സെയ്ന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരിയിൽനിന്ന് തത്ത്വശാസ്ത്രവും ദൈവശാസ്ത്രവും പഠിച്ചു. 1972 ഡിസംബർ 18-ാം തീയതി ളാലം പഴയ പള്ളിയിൽവച്ച് ഭാഗ്യസ്മരണാർഹനായ മാർ സെബാസ്റ്റ്യൻ വയലിൽ പിതാവിൽനിന്നു വൈദികപട്ടം സ്വീകരിച്ചു. തുടർന്ന് ആലുവ സെയ്ന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരിയിൽനിന്ന് MTh കരസ്ഥമാക്കി.

ശുശ്രൂഷാപൗരോഹിത്യത്തിന്റെ ആദ്യനാളുകളിൽ രാമപുരം, കടപ്ലാമറ്റം, തിടനാട് എന്നീ പള്ളികളിൽ അസ്തേന്തി അച്ചനായും, തുടർന്ന് അമ്പാറനിരപ്പേൽ, മൂന്നിലവ്, മുത്തോലി, ചേന്നാട്, പിറവം, പൈങ്ങുളം, മണിയംകുളം പള്ളികളിൽ വികാരിയായും ശുശ്രൂഷ ചെയ്തു. 2020 മുതൽ മാർ അപ്രേം വൈദികമന്ദിരത്തിലും ചേർപ്പുങ്കൽ കാസ ദി ക്ലോറോ വൈദികമന്ദിരത്തിലും വിശ്രമജീവിതം നയിച്ചുവരികയായിരുന്നു. 2024 ജൂലൈ 13-ാം തീയതി ഈ ലോകജീവിതം പൂർത്തിയാക്കി നിത്യകിരീടം നേടാൻ ദൈവപിതാവിന്റെ തിരുസന്നിധിയിലേക്കു യാത്രയായി.

2024 ജൂലൈ 15-ാം തീയതി രാവിലെ 09.30 ന് സീറോ മലബാർ മുൻ ആർച്ചുബിഷപ്പും കർദ്ദിനാളുമായ അഭിവന്ദ്യ മാർ ജോർജ് ആലഞ്ചേരി പിതാവിന്റെ കാർമികത്വത്തിൽ ഭവനത്തിലെ ശുശ്രൂഷകൾ നടത്തപ്പെട്ടു. 10.30 ന് പാലാ രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ കാർമ്മികത്വത്തിൽ നടത്തിയ വിശുദ്ധ കുർബാനയ്ക്കും മൃതസംസ്കാരശുശ്രൂഷകൾക്കുംശേഷം ബഹുമാനപ്പെട്ട അച്ചന്റെ

ഭൗതികശരീരം മേരിലാന്റ് പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

മരിച്ചവരെ നിത്യതയിൽ ഉയിർപ്പിക്കുന്ന ദൈവം തന്റെ വിശ്വസ്തദാസനായ ബഹുമാനപ്പെട്ട പുരയിടം തോമസച്ചനെ ജീവന്റെ കിരീടം അണിയിക്കട്ടെ.



## സി. മരീന എസ്എംഎസ്

പാലാ രൂപത ചൂണ്ടച്ചേരി പള്ളി ഇടവക പെരുന്നിലത്ത് പരേതരായ തോമസ് - ത്രേസ്യാമ്മ ദമ്പതികളുടെ 9 മക്കളിൽ മൂത്തമകളായി 1949 ഓഗസ്റ്റ് 14ന് റോസമ്മ എന്ന സിസ്റ്റർ മരീന ജനിച്ചു. മാമോദീസയിൽ റോസ് എന്ന പേര് നൽകപ്പെട്ടു. 1972 ൽ ദൈവവിളി സ്വീകരിച്ച് എല്ലാ ഉപേക്ഷിച്ച് ബഹുമാനപ്പെട്ട അബ്രഹാം കൈപ്പൻപ്ലാക്കൽ അച്ചനാൽ സ്ഥാപിതമായ സ്നേഹഗിരി മിഷനറി സന്ന്യാസിനീസമൂഹത്തിൽ ചേർന്നു. സന്ന്യാസപരിശീലനം പൂർത്തിയാക്കി. 1978 ൽ ഏപ്രിൽ 22 ന് പ്രഥമ വ്രതവാഗ്ദാനം നടത്തി. തുടർന്ന്, സ്നേഹഗിരിയുടെ വിവിധ ഭവനങ്ങളിലൂടെ ശുശ്രൂഷ ചെയ്തു. 1985 നിത്യവ്രതവാഗ്ദാനം നടത്തി ദൈവത്തിന് പൂർണ്ണമായി സമർപ്പിച്ചു. തുടർന്ന് മണിയൻകുളം, ആനന്ദഭവൻ പാലാ, ഏന്തയാർ, നെൻമേനി, മുണ്ടൻകുന്ന്, സ്നേഹാലയം, പെരിയപ്പുറം, മുത്തോലപുരം, വെളിയനാട്, കൊഴുവനാൽ, പൂവത്തിളപ്പ്, ചങ്ങങ്കരി, എന്നീ ഭവനങ്ങളിൽ വ്യത്യസ്തമായ ശുശ്രൂഷകളിൽ ആയിരുന്നു സിസ്റ്ററിന്റെ ജീവിതം. 1.7.2024 ൽ ഉച്ചയ്ക്ക് രോഗം വർദ്ധിച്ചതിനെത്തുടർന്ന് മാതൃസഹോദരപുത്രനായ ഫാദർ ഫ്രാൻസിസ് കോലോത്ത് വിശുദ്ധ കുർബാന അർപ്പിച്ച് സിസ്റ്ററിന് വിശുദ്ധ കുർബാനയും രോഗീലേപനവും നൽകി. അന്നേദിവസംതന്നെ അമ്മ ഈശോയുടെ ഭവനത്തിലേക്കു യാത്രയായി.

2.7.2024 ൽ 4 മണിയോടെ മൃതദേഹം പാലാ ചാപ്പലിൽ കൊണ്ടുവന്നു. നിരവധി വൈദികരും സന്ന്യസ്തരും സിസ്റ്ററിന് അന്തിമോപചാരം അർപ്പിക്കാൻ എത്തി 3.7.2024 ന് 9 മണിക്ക് വിശുദ്ധ കുർബാനയോടെ മൃതസംസ്കാരശുശ്രൂഷകൾ ആരംഭിച്ചു. സിസ്റ്ററിന്റെ സഹോദരൻ ഫാദർ തോമസ് പെരുന്നിലത്ത്, മാതൃസഹോദരപുത്രൻ റവ.ഫാ. ഫ്രാൻസിസ് കോലോത്ത്, ളാലം പള്ളി വികാരി റവ.ഫാ. ജോസഫ് തടത്തിൽ മറ്റു മൂന്നു വൈദികരുംകൂടി സമൂഹബലിയർപ്പിച്ച് സിസ്റ്ററിന്റെ ആൽമശാന്തിക്കായി പ്രാർത്ഥിച്ചു. ദിവ്യബലിക്കുശേഷം പാലാ രൂപത വികാരി ജനറാൾ ബഹുമാനപ്പെട്ട ജോസഫ് മലേപ്പറമ്പിലച്ചൻ അനുശോചനസന്ദേശം നൽകുകയും സംസ്കാരശുശ്രൂഷകൾക്ക് മുഖ്യകാർമികത്വം നൽകുകയും ചെയ്തു. ബഹുമാനപ്പെട്ട വൈദികരുടെയും സന്ന്യാസസഹോദരങ്ങളുടെയും

കുടുംബാംഗങ്ങളുടെയും ഇടവകാംഗങ്ങളുടെയും സാന്നിധ്യത്തിൽ ളാലം പള്ളി സെമിത്തേരിയിൽ മൃതദേഹം സംസ്കരിച്ചു. സ്വർഗ്ഗത്തിലിരുന്ന് ഇന്നും നമ്മെ സ്നേഹിക്കുന്ന പുഞ്ചിരി തൂകുന്ന മരീനാ അമ്മയുടെ സ്നേഹസ്മരണകൾക്ക് മുൻപിൽ പ്രാർത്ഥന അഞ്ജലികൾ അർപ്പിക്കാം.



## സി. സോജാ എസ്എംഎസ്

പാലാ രൂപത ഇടമറുക് ഇടവക പരേതരായ മാനുവൽ – ഏലിക്കുട്ടി ദമ്പതികളുടെ മൂന്നു മക്കളിൽ രണ്ടാമത്തെ മകളായി 1957 നവംബർ അഞ്ചിന് ആലീസ് ജനിച്ചു. മാമോദിസയിൽ ലഭിച്ച പേര് അന്ന എന്നായിരുന്നു. വിശ്വാസത്തിൽ ആഴപ്പെട്ട ക്രൈസ്തവമാതാപിതാക്കളുടെയും സഹോദരങ്ങളുടെയും സ്നേഹത്തിൽ വളർന്ന ആലിസ് തന്റെ ജ്യേഷ്ഠസഹോദരിയോടൊപ്പം സന്ന്യാസത്തിന്റെ നടുമുറ്റത്തേക്ക് പറിച്ചുനടപ്പെട്ടു. 1973 ഒക്ടോബർ അഞ്ചിന് സ്നേഹഗിരിയിൽ അർഥിനിയായി ചേർന്നു. സന്ന്യാസപരിശീലനത്തിനുശേഷം 1978 മെയ് ഒന്നിന് പ്രഥമവ്രത വാഗ്ദാനവും 15.15.1986 ൽ നിത്യവ്രതവാഗ്ദാനവും നടത്തി. തുടർന്ന് സിസ്റ്ററിന്റെ ശുശ്രൂഷാമേഖലകൾ എല്ലാം കുട്ടികളോടൊപ്പം ആയിരുന്നു. ഏന്തയാൽ, തോട്ടപ്പള്ളി, മണിയൻകുളം, ചക്കിക്കാവ്, വെളിയനാട്, ചങ്ങങ്കരി, കരുണാലയം, മുത്തോലപുരം, ആനന്ദഭവൻ, ജൂബിലിഭവൻ, അൽഫോൻസാ ബാലികാഭവൻ ചങ്ങനാശ്ശേരി, ബോയ്സ് ടൗൺ, എന്നീ ഭവനങ്ങളിൽ എല്ലാം തന്റെ കഴിവും ആരോഗ്യവും തന്റെ സൂക്ഷത്തിന് ഏൽപ്പിക്കപ്പെട്ട നഴ്സറിക്കുട്ടികളുടെയും മറ്റു കുട്ടികളുടെയും സർവ്വോന്മുഖമായ വളർച്ചയ്ക്കുവേണ്ടി സമർപ്പിച്ചു. 2020 കാലഘട്ടത്തിൽ ചങ്ങനാശ്ശേരി അൽഫോൻസാ ബാലികാഭവനിൽ ശുശ്രൂഷ ചെയ്തുവരവേ ക്ഷീണം അനുഭവപ്പെട്ടതിനെത്തുടർന്ന് നടത്തിയ പരിശോധനയിൽ ബ്രെയിൻ ചുരുങ്ങുന്നതായി വിലയിരുത്തുകയും വേണ്ടതായ ചികിത്സകൾ നൽകുകയും ചെയ്തു. 2024 ജൂൺ 17ന് സിസ്റ്ററിന്റെ രോഗാവസ്ഥ വഷളാവുകയും ശ്വാസതടസ്സം ഉണ്ടാവുകയും ചെയ്തു. ബഹുമാനപ്പെട്ട ളാലം പള്ളി വികാരി ജോസഫ് തടത്തിൽ അച്ചനും അസിസ്റ്റന്റ് വികാരി സ്കറിയ മേനാംപറമ്പിൽ അച്ചനും പ്രാർത്ഥിച്ച് ആശിർവാദം നൽകി. ജൂൺ 21 ന് പ്രഭാതത്തിൽ സിസ്റ്റേഴ്സിന്റെ പ്രാർത്ഥന മന്ത്രങ്ങൾക്കു നടുവിൽ ആ പാവനാത്മാവ് തന്റെ മണവാളന്റെ മുഖം ദർശിച്ച് സ്വർഗ്ഗത്തിലേക്ക് യാത്രയായി. അന്നേദിവസം വൈകുന്നേരം മൃതദേഹം സെന്റ് തോമസ് പ്രൊവിൻഷ്യൽ ഹൗസിൽ എത്തിച്ചു. ജൂൺ 22 രാവിലെ 9 മണിക്ക് പാലാരൂപത വികാരി ജനറാൾ റവ. ഫാ. ജോസഫ്

മലേപ്പറമ്പിൽ അച്ചന്റെ നേതൃത്വത്തിൽ സമൂഹബലിക്കുശേഷം മോൺ. റവ.ഫാ. സെബാസ്റ്റ്യൻ വേത്താനത്ത് പള്ളിയിലെ തിരുക്കർമ്മങ്ങൾക്ക് നേതൃത്വം നൽകി മൃതദേഹം പാലക്കാട്ടുമല നിത്യസഹായമാതാ പള്ളി യിൽ സംസ്കരിച്ചു. കാരുണ്യവാനായ ദൈവം സിസ്റ്ററിനെ മഹത്ത്വത്തി ന്റെ കിരീടം അണിയിക്കട്ടെ എന്ന് പ്രാർത്ഥിക്കാം.



## സി. അൽഫോൻസ് മേരി എസ്. എച്ച്.

നീലൂർ ഇടവകയിൽ ദൈവവിളികളാൽ സമ്പന്നവും പുരാതനവുമായ ഇല്ലിക്കൽ കുടുംബത്തിൽ ശ്രീ അഗസ്തി ജോൺ – അന്നമ്മ ദമ്പതികളുടെ 11 മക്കളിൽ നാലാമത്തെ സന്താനമായി 1944 ജൂൺ 23-ാം തീയതി ജനിച്ച സി. അൽഫോൻസ് മേരിക്ക് മാമ്മോദീസായിൽ ലഭിച്ച പേര് മറിയം എന്നായിരുന്നു. ഈശോയുടെ തിരു ഹൃദയത്തിന്റെ വലിയ ഭക്തിയായിരുന്ന മേരിക്കുട്ടി തന്റെ മൂത്ത സഹോദരി ഗ്രെയ്സ് മരിയാമ്മയുടെ മാതൃക അനുകരിച്ച് 1962 ജൂൺ 15 ന് പാലാ തിരുഹൃദയമഠത്തിൽ അർത്ഥിനിയായി വന്നു. സന്ന്യാസപരിശീലനം പൂർത്തിയാക്കി 1964 ഏപ്രിൽ 11 ന് ആദ്യവ്രതവും 1968 മെയ് 30 ന് നിത്യ വ്രതവും അനുഷ്ഠിച്ചു. ചങ്ങനാശ്ശേരി അസംപ്ഷൻ കോളേജിൽനിന്ന് P.U.C നല്ല മാർക്കോടെ പാസായ മേരിക്കുട്ടി പഠനത്തിലും മറ്റു കാര്യ ത്തിലും അതീവ സമർത്ഥയായിരുന്നു. റോമിലെ കാത്തലിക് യൂണി വേഴ്സിറ്റിയിൽ MD ക്ക് അഡ്മിഷൻ ലഭിച്ചു. MD പാസായി തന്റെ പ്രാഗ ല്ഭ്യം തെളിയിച്ച സിസ്റ്റർ ജർമനിയിൽ ഗൈനക്കോളജിയിൽ സ്പെഷ്യ ലൈസ് ചെയ്തു. പഠനം പൂർത്തിയാക്കി നാട്ടിൽ തിരിച്ചെത്തിയ സിസ്റ്റർ കൊട്ടിയം ഹോളിക്രോസ് ഹോസ്പിറ്റൽ, എറണാകുളം ലൂർദ് ഹോസ് പിറ്റൽ എന്നിവിടങ്ങളിൽ സേവനം ചെയ്തു. തുടർന്ന് മൂലമറ്റം BVMC യിൽ പത്തുവർഷം ശുശ്രൂഷ ചെയ്തശേഷം ബാംഗ്ലൂർ സെന്റ് ജോൺസ് മെഡിക്കൽ കോളേജിൽ രണ്ടുവർഷം സേവനം ചെയ്തു. വീണ്ടും പെരു മ്പാവൂർ സാൻജോ ഹോസ്പിറ്റലിലും കാരിത്താസ് ഹോസ്പിറ്റലിലും സേവനനിരതയായിരുന്നു. തുടർന്ന് അങ്കമാലി ലിറ്റിൽ ഫ്ളവർ ഹോസ്പി റ്റലിൽ ഗൈനക്കോളജിയിൽ HOD ആയി 15 വർഷത്തോളം പ്രശംസനീ യമാവിധം ശുശ്രൂഷ ചെയ്തു. ലിവർ സിറോസിസ് തുടങ്ങിയ രോഗങ്ങൾ നിമിത്തം അങ്കമാലിയിൽനിന്ന് വിരമിക്കുകയും ചക്കാമ്പുഴ SH ഹോസ്പി റ്റലിലേക്ക് സ്ഥലം മാറുകയും ചെയ്തു. രോഗവും ക്ഷീണം വർദ്ധിച്ച തിനാൽ രണ്ടുവർഷമായി ചേർപ്പുങ്കൽ മെഡിസിറ്റിയിൽ വിദഗ്ധചികിത്സ യ്ക്ക് വിധേയമാക്കി. കഴിഞ്ഞ ഒരു വർഷമായി പലവിധ രോഗങ്ങൾമൂലം സഹനക്കിടക്കയിൽ ആയിരുന്നു.

21/6/2024 വെള്ളിയാഴ്ച 9 pm ന് ശ്വാസംമുട്ടൽ വർദ്ധിക്കുകയും സഹോദരിമാരുടെയും അധികാരികളുടെയും പ്രാർത്ഥനമദ്ധ്യേ സ്വർഗ്ഗഗേഹത്തിലേക്ക് യാത്രയാവുകയും ചെയ്തു. 22/2/2024 ശനിയാഴ്ച 4 pmന് മൃതദേഹം പാലാ എസ്.എച്ച്. പ്രോവിൻഷ്യൽ ഹൗസിൽ പൊതുദർശനത്തിനായി കൊണ്ടുവന്നു. 23/6/2024 ഞായറാഴ്ച 1.30 pm ന് റവ. ഫാ. സെബാസ്റ്റ്യൻ മാപ്രകരോട്ടിന്റെ കാർമ്മികത്വത്തിൽ വിശുദ്ധ കുർബാനയോടെ മൃതസംസ്കാരശുശ്രൂഷകൾ ആരംഭിച്ചു. മഠത്തിലെ പ്രാർത്ഥനശുശ്രൂഷകൾക്കുശേഷം പാലാ രൂപത പ്രോട്ടോസിഞ്ചെല്ലൂസ് പെരിയ ബഹുമാനപ്പെട്ട ജോസഫ് തടത്തിലച്ചന്റെ പ്രധാന കാർമികത്വത്തിൽ മൃതദേഹം കത്തീഡ്രൽ പള്ളി സിമിത്തേരിയിൽ സംസ്കരിച്ചു.



## സി. പീയൂസ് മരിയ പുഞ്ചക്കുന്നേൽ എസ്.എച്ച്.

പാലാ കത്തീഡ്രൽ പള്ളി ഇടവകയിൽ കുലീനവും പ്രശസ്തമായ പുഞ്ചക്കുന്നേൽ കുടുംബത്തിൽ ശ്രീ ജോസഫ്-ത്രേസ്യ ദമ്പതികളുടെ 11 മക്കളിൽ അഞ്ചാമത്തെ സന്താനമായി 1933 ഡിസംബർ 6-ാം തീയതി ജനിച്ച പീയൂസമ്മയ്ക്ക് മാമ്മോദീസായിൽ ലഭിച്ച പേര് അന്നമ്മ എന്നായിരുന്നു. SSLC പാസായശേഷം ഒരു വർഷം മൂലമറ്റം സെൻറ് ജോർജ് സ്കൂളിൽ അധ്യാപികയായി സേവനമനുഷ്ഠിച്ചു. തുടർന്ന് പാലാ സെന്റ് തോമസ് ട്രെയിനിങ് സ്കൂളിൽനിന്നു ടിടിസി പാസായശേഷം 1954 ജൂൺ മാസത്തിൽ തിരുഹൃദയ മഠത്തിൽ അർത്ഥിനിയായി വന്നു. സന്ന്യാസപരിശീലനത്തിനുശേഷം 1956 മെയ് 21-ന് ആദ്യവ്രതവും 1959 മെയ് 21-ന് നിത്യവ്രതവും അനുഷ്ഠിച്ച് തിരുഹൃദത്തിന്റെ മണവാട്ടിയായി തന്നെത്തന്നെ പൂർണമായി സമർപ്പിച്ചു. മൂലമറ്റം, വെള്ളിയാമറ്റം, നീലൂർ, നരിയങ്ങാനം, കുടക്കച്ചിറ അരുണാപുരം, അറക്കുളം മേരിലാൻഡ്, കീഴൂർ കൊട്ടാരമറ്റം, രാമപുരം എന്നിവിടങ്ങളിൽ ആയിരുന്നുകൊണ്ട് വിവിധ ശുശ്രൂഷകൾ വളരെ കാര്യക്ഷമമായി നിർവഹിച്ചു. മൂലമറ്റം, നീലൂർ, സാന്തോം എന്നീ മഠങ്ങളിൽ സുപ്പീരിയറായി സേവനമനുഷ്ഠിച്ച പീയൂസമ്മ കരുണയും കരുതലും കാവലുമായി ശുശ്രൂഷാത്മകനേതൃത്വം വിശ്വസ്തതയോടെ നിർവഹിച്ചു. മൂലമറ്റത്ത് പുതിയതായി ആരംഭിച്ച മർത്താസ് കോൺവെന്റിന്റെ മേൽനോട്ടവും പീയൂസമ്മ ഏറെ കാര്യക്ഷമതയോടെ നിർവഹിച്ചു. അസിസ്റ്റന്റ് സുപ്പീരിയർ, മെസ് മാനേജർ, ഫാം സൂപ്പർവൈസർ, സോഷ്യൽ വർക്ക് കൗൺസിലർ എന്നീ നിലകളിൽ കുടക്കച്ചിറയിലും മൂലമറ്റത്തും മേരിലാൻഡിലും സേവനനിരതയായിരുന്ന പീയൂസമ്മ നല്ല ചുറുചുറുക്കും ചുണയും സാമർത്ഥ്യവും നൈപുണ്യവും ഉത്സാഹവും ഉള്ള ഒരു ഉത്തമ തിരുഹൃദയ സന്ന്യാസിനിയായിരുന്നു വിശ്വാസപരിശീലനരംഗത്ത് പീയൂസമ്മയുടെ സേവനം ശ്രദ്ധേയമായിരുന്നു. ഓർമ്മയ്ക്കും ബുദ്ധിക്കും ഗ്രഹണശക്തി

ക്കും ഒന്നും കുറവില്ലാതെ ശാരീരികവേദനകൾമൂലം ക്ലേശിച്ചിരുന്ന പീയൂസമ്മയ്ക്ക് 6/7/2024 ശനിയാഴ്ച 11.30 am ന് ശ്വാസംമുട്ടൽ അനുഭവപ്പെട്ടു. സാധ്യമായ ചികിത്സകൾ എല്ലാം കൊടുത്തു എങ്കിലും കാര്യമായ സൗഖ്യം ലഭിച്ചില്ല.

3.15 pm ന് അന്ത്യകൂദാശകളെല്ലാം സുബോധത്തോടെ സ്വീകരിച്ച് അധികാരികളുടെയും സഹോദരിമാരുടെയും പ്രാർത്ഥനാമധ്യേ പീയൂസമ്മയുടെ ആത്മാവ് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. 7/7/2024 ഞായർ 4 pm ന് മൃതദേഹം പാലാ മഠം ചാപ്പലിൽ പൊതുദർശനത്തിനായി കൊണ്ടുവന്നു. 8/7/2024 തിങ്കളാഴ്ച 8.30 am ന് പാലാ രൂപത വിശ്വാസ പരിശീലന ഡയറക്ടർ ബഹുമാനപ്പെട്ട ജോർജ്ജ് ഞാറക്കുന്നേലച്ചന്റെ കാർമ്മികത്വത്തിൽ വിശുദ്ധ കുർബാനയോടെ മൃതസംസ്കാരശുശ്രൂഷകൾ ആരംഭിച്ചു. മഠത്തിലെ പ്രാർത്ഥനാശുശ്രൂഷകൾക്കുശേഷം പാലാ രൂപത വികാരി ജനറാൾ പെരിയ ബഹുമാനപ്പെട്ട സെബാസ്റ്റ്യൻ വേത്താനം അച്ചന്റെ കാർമ്മികത്വത്തിൽ മൃതദേഹം പാലാ കത്തീഡ്രൽ പള്ളി സിമിത്തേരിയിൽ സംസ്കരിച്ചു.



## സി. ഫിലോസിറ്റ സി.എം.സി.

പാലാ രൂപതയിലെ പ്രവിത്താനം ഇടവക കുമ്പളാങ്കൽ കുടുംബത്തിൽ ദൈവഭക്തരായ ജോസഫ് – മോനിക്ക ദമ്പതികളുടെ ഏഴു മക്കളിൽ ആറാമത്തെ സന്താനമായി 22-02-1944 ൽ ജനിച്ചു. മാമ്മോദീസായിൽ ഫിലോമിന എന്ന പേരു നൽകപ്പെട്ടു. SSLC വിദ്യാഭ്യാസത്തിനുശേഷം സി.എം.സി ജയമാതാ പ്രോവിൻസിൽ അർത്ഥിനിയായി പ്രവേശിച്ചു. 23-04-1962 ൽ ആദ്യവ്രതവും 26-05-1966 ൽ നിത്യവ്രതവും അനുഷ്ഠിച്ചു.

ആദ്യവ്രതവാഗ്ദാനത്തിനുശേഷം കൊല്ലം ഫാത്തിമകോളേജിൽ ഡിഗ്രി പഠനവും മംഗലാപുരം St.Anns College of Education ൽ B.Ed പഠനവും നടത്തി. വളരെ മാതൃകാപരമായ പെരുമാറ്റവും എല്ലാവരോടും നല്ല സൗഹൃദബന്ധവും ശാന്തസ്വഭാവവും മറ്റുള്ളവരുടെ ഇടയിൽ ആദരണീയമായ സ്ഥാനം അമ്മയ്ക്ക് നൽകി.

1967 മുതൽ ഹൈസ്കൂളിൽ അദ്ധ്യാപികയായിരുന്ന അമ്മ വിദ്യാർത്ഥികളുടെ മനസ്സുകളിൽ മായാത്ത മുദ്ര പതിപ്പിച്ചു. 1 വർഷം മുത്തോലിയിൽ പഠിപ്പിച്ചതൊഴികെ ബാക്കി 24 വർഷവും രാമപുരം ഗേൾസ് ഹൈസ്കൂളായിരുന്നു അമ്മയുടെ സേവനരംഗം. 1977 മുതൽ 1979 വരെ ഫിലിപ്പൈൻസിലെ Manila Besalle University ൽ പഠിച്ച് Guidance and Counselling ൽ MS ബിരുദം നേടി. തിരിച്ചുവന്ന് കരൂർ

നൊവിഷ്യേറ്റ് ഹൗസിൽ 3 വർഷം പോസ്റ്റുലന്റ് മിസ്ട്രസ്സായും 6 വർഷം നോവിസ് മിസ്ട്രസ്സായും രൂപീകരണരംഗത്ത് പ്രവർത്തിച്ചുതിലൂടെ CMC ആദ്ധ്യാത്മികതയിൽ ആഴപ്പെട്ട അനേകം സന്ന്യസ്തരെ വാർത്തെടുക്കുവാൻ ദൈവം അമ്മയെ അനുഗ്രഹിച്ചു.

1999-ൽ അധ്യാപനരംഗത്തുനിന്നു വിരമിച്ചതിനുശേഷം അമ്മ 2 വർഷം CMC Generalate ൽ Prefect of Studies ആയി സേവനം ചെയ്തു. പാലാ ജയമാതാ പ്രോവിൻസിന്റെ നേതൃത്വരംഗത്ത് 3 വർഷം Provincial Councillor, 3 വർഷം Vicar Provincial, 6 വർഷം Provincial Superior എന്നീ നിലകളിൽ ശുശ്രൂഷ ചെയ്തു. കൂടാതെ, രാമപുരം, അന്തീനാട് എന്നീ മഠങ്ങളിൽ ലോക്കൽ സുപ്പീരിയർ ആയും രാമപുരം സ്കൂളിൽ അദ്ധ്യാപികയായിരിക്കേ ഏറെക്കാലം boarding mistress ആയും ബഹു. അമ്മ ശുശ്രൂഷ ചെയ്തു. 2012-ൽ വ്രതവാഗ്ദാനത്തിന്റെ സുവർണ്ണജൂബിലി ആഘോഷിക്കാനും ഭാഗ്യം സിദ്ധിച്ചു.

50 വർഷത്തെ ഭക്തികർമ്മയോഗം സമന്വയിപ്പിച്ച ക്രിയാത്മക പ്രവർത്തനങ്ങൾക്കുശേഷം, 2013 മുതൽ രാമപുരം മഠത്തിൽ വിശ്രമജീവിതം നയിച്ചിരുന്ന അമ്മയ്ക്ക് ഏതാനും നാളുകളായി വാതരോഗത്തിന്റെ അവശതകളും പ്രമേഹം, പ്രഷർ തുടങ്ങിയ രോഗങ്ങളും ഉണ്ടായിരുന്നു. എറണാകുളം ആയുർവേദ ആശുപത്രിയിലും ചേർപ്പുങ്കൽ മാർ സ്ലീവാ മെഡിസിറ്റിയിലും കാർമൽ മെഡിക്കൽ സെന്ററിലും ചികിത്സകൾ നടത്തിയിരുന്ന അമ്മ ഏതാനും മാസങ്ങളായി ശയ്യാവലംബയായിരുന്നു.

12/07/2024 ന് പെട്ടെന്നുണ്ടായ ശ്വാസതടസ്സത്തെത്തുടർന്ന് അമ്മ കാർമൽ മെഡിക്കൽ സെന്ററിൽ ICU ൽ പ്രവേശിപ്പിക്കപ്പെട്ടു. ക്ഷീണം വർദ്ധിച്ചതിനാൽ രോഗീലേപനം സ്വീകരിച്ച് 14/07/2024 ന് സിസ്റ്റേഴ്സിന്റെയും ബന്ധുമിത്രാദികളുടെയും പ്രാർത്ഥനാമധ്യേ അമ്മയുടെ ആത്മാവ് ദൈവസന്നിധിയിലേക്ക് യാത്രയായി. 16/07/2024 ന് വൈകുന്നേരം 4 മണിക്ക് മൃതദേഹം രാമപുരം മഠത്തിൽ കൊണ്ടുവന്നു. പാലാ രൂപതാമെത്രാൻ മാർ ജോസഫ് കല്ലറങ്ങാട്ട് മൃതദേഹം സന്ദർശിച്ച് പ്രാർത്ഥിക്കുകയും അനുശോചനം അറിയിക്കുകയും ചെയ്തു. 17/07/2024 ന് കാക്കനാട് Mount St.Thomas ലെ കൂരിയ മെത്രാൻ അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ പിതാവിന്റെ മുഖ്യകാർമികത്വത്തിൽ അർപ്പിച്ച ദിവ്യബലിക്കും മറ്റ് പ്രാർത്ഥനകൾക്കുംശേഷം നിരവധി വൈദികരുടെയും സിസ്റ്റേഴ്സിന്റെയും ബന്ധുജനങ്ങളുടെയും ഇടവകാംഗങ്ങളുടെയും സാന്നിധ്യത്തിൽ മൃതദേഹം രാമപുരം ഫൊറോനപള്ളി സിമിത്തേരിയിൽ സംസ്കരിച്ചു.




## JULY 2024

| | | |
|---|---|---|
| 01-07 | | റോമായാത്ര |
| 09 | 12.00 pm | പാലാ മാർ അപ്രേം വൈദികമന്ദിരം സന്ദർശിച്ചു. |
| | 06.00 pm | ചേർപ്പുങ്കൽ കാസ ദി ക്ലോറോ വൈദികമന്ദിരം സന്ദർശിച്ചു. |
| 10 | 4.00 pm | ഭരണങ്ങാനം അൽഫോൻസാ തീർത്ഥാടനദൈവാലയത്തിന്റെ നവീകരണപണികൾ സന്ദർശിച്ചു വിലയിരുത്തി. |
| 11 | 10.45 am | പാലാ ളാലം പുത്തൻപള്ളിയിൽ സെയ്ന്റ് മർത്താസ് സന്ന്യാസിനീസമൂഹാംഗമായ സി. എലൈസ് എം. എം. എസിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. |
| | 03.00 pm | ഭരണങ്ങാനം അൽഫോൻസാ തീർത്ഥാടനദൈവാലയത്തിന്റെ നവീകരിക്കപ്പെട്ട മദ്ബഹായുടെ കൂദാശാകർമ്മം നിർവഹിച്ചു. |
| 12 | 09.00 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 04.00 pm | ബിഷപ്സ് ഹൗസിൽ KCBC പ്രോലൈഫ് സമിതിയുടെ സംസ്ഥാനജാഥയ്ക്കു സ്വീകരണം നൽകി. |
| 13 | 10.00 am | പാലാ സെയ്ന്റ് തോമസ് കോളേജ് ഓഡിറ്റോറിയത്തിൽ പാലാ രൂപതയുടെ SMYM പ്ലാറ്റിനം ജൂബിലി സമാപനം ഉദ്ഘാടനം ചെയ്തു. |
| | 11.30 am | ചൂണ്ടച്ചേരി സെന്റ് ജോസഫ് എൻജിനീയറിങ് കോളേജിന്റെ മെറിറ്റ് ഡെ ഉദ്ഘാടനം ചെയ്തു. |
| 14 | 03.00 pm | അഡാർട്ടിന്റെ റൂബിജൂബിലി സമാപനം ഉദ്ഘാടനം ചെയ്തു. |

| | | |
|---|---|---|
| 15 | 10.30 am | മേരിലാന്റ് ഇടവകയിൽ പുരയിടം ബഹു. തോമസച്ചന്റെ മൃതസംസ്കാരശുശ്രൂഷകൾക്കു മുഖ്യകാർമ്മികത്വം വഹിച്ചു. |
| 15-19 | | അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് ബഹു. വൈദികരുടെ ഒന്നാം ബാച്ച് വാർഷികധ്യാനത്തിൽ സംബന്ധിച്ചു. |
| 16 | 11.15 am | ഭരണങ്ങാനം അൽഫോൻസാ തീർത്ഥാടനദൈവാലയത്തിൽ മാതൃവേദിസംഘടനയുടെ റാലി ഉദ്ഘാടനം ചെയ്തു. |
| | 12.30 pm | കുറവിലങ്ങാട് ഫൊറോനയിൽ പുനലൂർ രൂപതാംഗമായ ബഹു. പുളിന്താനത്തുമലയിൽ ഇമ്മാനുവേലച്ചന്റെ മൃതദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 05.30 pm | രാമപുരം സി.എം.സി മഠത്തിൽ ബഹു. സി. ഫിലോസിറ്റ സി.എം.സിയുടെ മൃതദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 17 | 01. 30 pm | ചൂണ്ടച്ചേരി ഇടവകയിൽ തുരുത്തിക്കര റോസക്കുട്ടിയുടെ മൃതദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 09.00 pm | വയല ഇടവകയിൽ ടെസ്പൂർ രൂപതാംഗമായ ബഹു. കുടിയിരിപ്പിൽ സെബാസ്റ്റ്യനച്ചന്റെ മൃതദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 19 | 11.15 am | ഭരണങ്ങാനം അൽഫോൻസ തീർത്ഥാടനദൈവാലയത്തിൽ തിരുനാൾകൊടിയേറ്റുകർമ്മം നിർവഹിച്ചു. |
| | 3.00 pm | പൈങ്ങോട്ടൂരിൽ ഇടുക്കി എം.പി. ശ്രീ ഡീൻ കുര്യാക്കോസിന്റെ അമ്മ ഏനാനിക്കൽ റോസമ്മ കുര്യാക്കോസിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് മുഖ്യകാർമികത്വം വഹിച്ചു. |
| 20 | 9.00 am | പാലാ രൂപതാംഗവും മൂന്നാം മോദി മന്ത്രിസഭയിൽ ഫിഷറീസ്, മൃഗസംരക്ഷണം, ക്ഷീര, ന്യൂനപക്ഷ കാര്യവകുപ്പുകളുടെ സഹമന്ത്രിയുമായ ശ്രീ ജോർജ്ജ് കുര്യന് ബിഷപ്സ് ഹൗസിൽ സ്വീകരണം നൽകി. |
| | 10.30 am | പാലാ സെയ്ന്റ് തോമസ് കോളേജ് ഓഡിറ്റോറിയത്തിൽ പ്രവാസി അപ്പോസ്റ്റലേറ്റിന്റെ മൂന്നാം വാർഷികം ഉദ്ഘാടനം ചെയ്തുസംസാരിച്ചു. |

| | | |
|---|---|---|
| 22-26 | | അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് ബഹു. വൈദികരുടെ രണ്ടാം ബാച്ച് വാർഷികധ്യാനത്തിൽ സംബന്ധിച്ചു. |
| 22 | 09.00 am | ചേർപ്പുങ്കൽ മാർ സ്ലീവാ മെഡിസിറ്റിയിൽ പുതുതായി നിർമ്മിക്കപ്പെട്ട IP ബില്ലിംഗ് ഓഫീസും IP കോഡിനേറ്റഴ്സ് ഓഫീസും വെഞ്ചരിച്ചു. |
| | 03.00 pm | പ്ലാശനാൽ ഇടവകയിൽ ഇടവകയുടെ നേതൃത്വത്തിൽ പണി കഴിക്കപ്പെട്ട ഭവനം ആശീർവദിച്ചു. |
| 25 | 11. 30 am | ബിഷപ്സ് ഹൗസിൽ പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് നടത്തപ്പെട്ട പത്രസമ്മേളനത്തിൽ സംസാരിച്ചു. |
| | 12.15 pm | മുത്തോലി സി.എം.ഐ. ആശ്രമത്തിൽ ബഹു. അരുവിയിൽ ജോസഫ് സി.എം.ഐ. അച്ചന്റെ മൃതദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 01.00 pm | നെല്ലിയാനി ആരാധനമഠത്തിൽ പ്ലാത്തോട്ടം സി. മേരി SABS ന്റെ മൃതദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 26 | 03.00 pm | ഭരണങ്ങാനം അൽഫോൻസാ തീർത്ഥാടനദൈവാലയത്തിൽ വി. കുർബാനയർപ്പിച്ച് രൂപത പ്ലാറ്റിനം ജൂബിലിയാരംഭവും സഭയുടെ മേജർ ആർച്ച് ബിഷപ് അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവിന് സ്വീകരണവും നൽകി. |
| 27 | 04.30 pm | ബിഷപ്സ് ഹൗസിൽ എ.കെ.സി.സി.യുടെ നേതൃത്വത്തിലുള്ള അടുക്കളത്തോട്ടമത്സരത്തിനായുള്ള വിത്തുവിതരണം ഉദ്ഘാടനം ചെയ്തു. |
| 28 | 7.00 am | ഭരണങ്ങാനം അൽഫോൻസാ തീർത്ഥാടനദൈവാലയത്തിൽ വി. കുർബാനയർപ്പിച്ച് വചനസന്ദേശം നൽകി. |
| | 11.45 am | പാലാ കത്തീഡ്രലിൽ വരിക്കയിൽ വി.എം. അവിരായുടെ മൃതദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 12.45 pm | മേവിട ഇടവകയിൽ വിലങ്ങുകല്ലുങ്കൽ മറിയമ്മ ജോസഫിന്റെ മൃതദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |

| | | |
|---|---|---|
| | 05.30 pm | ചേർപ്പുങ്കൽ ഫൊറോനയിൽ വെട്ടിക്കൊമ്പിൽ മത്തച്ചന്റെ മൃതദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 29 | | വടവാതൂർ സെയ്ന്റ് തോമസ് അപ്പസ്തോലിക് മേജർ സെമിനാരിയിൽ കമ്മീഷൻ സന്ദർശനം നടത്തി. |
| 30 | 03.00 pm | ബിഷപ്സ് ഹൗസിൽ എ.ഡി.സി.പി. എക്സിക്യൂട്ടീവ് മീറ്റിംഗിൽ സംബന്ധിച്ചു. |
| | 06.00 pm | പാലാ കത്തീഡ്രലിൽ മണിയഞ്ചിറ അച്ചാമ്മ തോമസിന്റെ മൃതദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 31 | 12.30 pm | പ്ലാശനാൽ ഇടവകയിൽ ചെറുവള്ളികിഴക്കേൽ അച്ചാമ്മ തോമസിന്റെ മൃതദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 03.30 pm | കടുത്തുരുത്തി ഫൊറോനയിൽ ഹോം പാലാ പ്രോജക്റ്റിന്റെ സഹായത്താൽ നിർമ്മിക്കപ്പെട്ട നാല് ഭവനങ്ങൾ ആശീർവദിച്ചു. |





അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽവച്ചു
നടന്ന ബഹു. വൈദികരുടെ വാർഷികധ്യാനം






പാലാ സെയ്ന്റ് തോമസ് കോളേജ് ഓഡിറ്റോറിയത്തിൽ പ്രവാസി അപ്പോസ്തലേറ്റിന്റെ
മൂന്നാം വാർഷികം അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് ഉദ്ഘാടനം ചെയ്യുന്നു



ചേർപ്പുങ്കൽ മാർ സ്ലീവാ മെഡിസിറ്റിയിൽ പുതുതായി നിർമ്മിക്കപ്പെട്ട IP ബില്ലിംഗ് ഓഫീസും
IP കോഡിനേറ്റേഴ്സ് ഓഫീസും അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് ആശീർവദിക്കുന്നു




ബിഷപ്സ് ഹൗസിൽ KCBC പ്രോലൈഫ് സമിതിയുടെ സംസ്ഥാനജാഥയ്ക്ക്
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ നേതൃത്വത്തിൽ സ്വീകരണം നൽകുന്നു



സീറോ മലബാർ സഭയിലെ ഏറ്റവും നല്ല മാതൃവേദിക്കുള്ള പുരസ്കാരം സീറോ മലബാർ സഭ മേജർ ആർച്ചുബിഷപ്പ്
മാർ റാഫേൽ തട്ടിൽ പിതാവിൽനിന്ന് പാലാ രൂപതാ മാതൃവേദി ഡയറക്ടർ ഫാ. ജോസഫ് നരിതൂക്കിലും അംഗങ്ങളും ഏറ്റുവാങ്ങുന്നു








**ഭരണങ്ങാനം അൽഫോൻസാ**
**തീർത്ഥാടനപള്ളിയിലെ**
**നവീകരിക്കപ്പെട്ട മദ്ബഹായുടെ**
**കൂദാശാകർമ്മം**
**അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട്**
**പിതാവ് നിർവഹിക്കുന്നു**





2024
AUGUST

SANTHWANAPRAKASHAM
PALAI DIOCESAN BULLETIN

# പ്ലാറ്റിനം ജൂബിലി നിറവിൽ

PLATINUM JUBILEE
EPARCHY OF PALAI
1950 - 2025

## പാലാ രൂപത

Printed at St.Thomas Press, Palai and Published by Fr. Mani Kozhuppankutty